കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പിറവം മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ-ഇ.കെ.എം(എം.2)88/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 27/03/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പിറവം മുനിസിപ്പാലിറ്റി

സർ,

വിഷയം : പിറവം മുനിസിപാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിറവം മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3.ഡയറക്ടർ നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം
5.ഓഫീസ് പകർപ്പ്.

നമ്പർ: നം.കെ.എസ്.എ-ഇ.കെ.എം(എം.2)88/2025 തീയ്യതി: 27/03/2025

എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-02-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സിനി എം വി	ജോയിന്റ് ഡയറക്ടർ	27-01-2025	07-02-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
27-01-2025	07-02-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റസിയബീവി ജെ., ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)

ശ്രീജ ഉണ്ണികൃഷ്ണൻ, ഓഡിറ്റ് ഓഫീസർ

മേഴ്‌സി കെ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ജമീലാബീവി എം., സീനിയർ ഗ്രേഡ് ഓഡിറ്റർ

സൂര്യശ്രീ ബി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ഏലിയാമ്മ ഫിലിപ്പ്	ചെയർപേഴ്സൺ	01-04-2023	16-01-2024
കെ.പി.സലീം	ചെയർമാൻ	17-01-2024	30-01-2024
ജിൻസി രാജു	ചെയർപേഴ്സൺ	31-01-2024	21-02-2024
അഡ്വ.ജൂലി സാബു	ചെയർപേഴ്സൺ	22-02-2024	31-03-2024
ഷാരോൺ സുധാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-07-2023	15-07-2023
അഭിലാഷ് കുമാർ എച്ച്.	സെക്രട്ടറി	01-04-2023	30-06-2023
ഷാരോൺ സുധാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-07-2023	15-08-2023
പ്രകാശ് കുമാർ വി.	സെക്രട്ടറി	16-08-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ചന്ദന എസ് അശോക്	അഗ്രിക്കൾച്ചറൽ ഓഫീസർ	01-04-2023	06-12-2023
ശീതൾ ബാബു പോൾ	അഗ്രിക്കൾച്ചറൽ ഓഫീസർ	06-12-2023	31-03-2024
ഡോ. സുനിൽ ജെ ഇളംതട്ട്	സിവിൽ സർജൻ	01-04-2023	10-07-2023
ഡോ ജിജിമോൾ എ	സിവിൽ സർജൻ	10-07-2023	21-09-2023
ഡോ രാജലക്ഷ്മി എം	സിവിൽ സർജൻ	21-09-2023	31-03-2024
സജിത ഡി	പട്ടികജാതി വികസന ഓഫീസർ	01-04-2023	31-03-2024
ആൻസി സെബാസ്റ്റ്യൻ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2023	31-03-2024
വിഷ്ണു കെ	ഫിഷറീസ് ഓഫീസർ	01-04-2023	31-03-2024
മുഹമ്മദ് റാസി എ	ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ജയദേവൻ എം കെ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	11-04-2023
ജെയിംസ് ജോർജ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	11-04-2023	30-06-2023
റിനു തോമസ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	30-06-2023	31-03-2024
ഡോ സലീം പി ആർ	ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	01-04-2023	31-03-2024
ഡോ ക്ലയർ സിറിൽ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
സുമ ആർ	ഹെഡ്മിസ്ട്രസ്	01-04-2023	31-03-2024
ഷാരോൺ സുധാകരൻ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ഹബീബ് എം.	ക്ലീൻ സിറ്റി മാനേജർ	01-04-2023	05-07-2023
നാസർ സി.എ.	ക്ലീൻ സിറ്റി മാനേജർ	05-07-2023	31-03-2024
ശ്രീകുമാർ	സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1	01-04-2023	06-07-2023
ഒഴിവ്	സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1	07-07-2023	12-07-2023
മധുകുമാർ	സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1	13-07-2023	26-09-2023

ഒഴിവ്	സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1	27-09-2023	29-09-2023
സിജു കെ.	സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1	30-09-2023	31-03-2024
ഡോ. ജയൻ കെ.സി.	സീനിയർ വെറ്ററിനറി സർജൻ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	കെ-സ്മാർട്ട് -സാംഖ്യ ഇന്റഗ്രേഷൻ– ഇനങ്ങളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല	1-1-1
3	ജനുവരി 2024 മുതലുള്ള വസ്തുനികുതി നിർണ്ണയങ്ങൾ പരിശോധിക്കാനായിട്ടില്ല	1-1-2
4	ബാങ്ക് റീകൺസിലിയേഷനിലെ അപാകതകൾ	1-1-3
5	നീക്കിയിരിപ്പുകൾ തമ്മിൽ വ്യത്യാസം	1-1-4
6	റിഡംപ്ഷൻ - യഥാർത്ഥത്തിൽ തിരികെ ലഭിക്കേണ്ട തുകയേക്കാളും കുറവ് തുക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തി	1-1-5
7	എൻ.പി.എസ്.വിഹിതം - വ്യത്യസ്ത തുകകൾ ബാദ്ധ്യതയായി ചേർത്തിരിക്കുന്നു	1-1-6
8	ഹഡ്കോ ലോൺ–മുതൽ തിരിച്ചടവ് - തിരിക അടവാക്കിയ തുകയേക്കാൾ കൂടുതൽ തുക അടവാക്കിയതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തി	1-1-7
9	വികസന ഫണ്ട്-ജനറൽ,കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ I-6 ഷെഡ്യൂളിലെ ചെലവ് തുക സുലേഖ ചെലവ് പത്രികയിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല	1-1-8
10	അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-9
11	പണമിടപാടുകൾ ഉള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഫണ്ട് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമ പദ്ധതികൾ	1-7
18	ക്യാഷ് നീക്കിയിരിപ്പ് പരിശോധന	1-8
19	ആഭ്യന്തര നിയന്ത്രണം	1-9
20	നഗരസഭയിലെ മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ-അവലോകനം	1-10
21	സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല	1-11-1
22	കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്	1-11-2
23	തൊഴിൽ ഉടമയിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല	1-11-3
24	വസ്തു നികുതി നിർണയത്തിലെ അപാകത	1-12-1
25	മൊബൈൽ ടവറുകൾ വസ്തു നികുതി കുടിശ്ശിക വരുത്തി	1-12-2
26	കടമുറികൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു	1-13
27	വാടക കെട്ടിടങ്ങൾ ഉപയോഗരഹിതമായി കിടക്കുന്നു	1-14
28	പാരാമെഡിക്കൽ രെജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതാണ്	1-15
29	ബിൽഡിംഗ് പെർമിറ്റ്: അപാകതകൾ	1-16
30	വെൻഡിംഗ് മെഷീനും ഇൻസിനിറേറ്ററും പ്രവർത്തന രഹിതം-1,50,000/-രൂപ തടസ്സപ്പെടുത്തുന്നു.	1-17
31	സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ–രേഖകൾ ലഭ്യമാക്കിയില്ല-1,99,600/- രൂപ തടസ്സപ്പെടുത്തുന്നു.	1-18
32	ഭവന പുനരുദ്ധാരണം -അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭിച്ചതെന്ന് അന്വഷിച്ച് ഉറപ്പാക്കേണ്ടതാണ്.	1-19
33	ടോയ്‌ലറ്റ് പുനരുദ്ധാരണം - രേഖകൾ ലഭ്യമാക്കിയില്ല - ചെലവ് തുക 14,35,000/- രൂപ തടസ്സപ്പെടുത്തുന്നു.	1-20
34	സ്റ്റോക്ക് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല	1-21

35	അമൃത് പദ്ധതി-ബിൽ രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല	1-22
36	വനിതകൾക്കുള്ള തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനം - പരിശീലനത്തിൽ പങ്കെടുത്തവർക്ക് തൊഴിൽ ലഭിച്ചതിന്റെ വിവരം ലഭ്യമല്ല - ഇതര അപാകതകൾ	1-23
37	ജീവനക്കാർ വിവിധ ആവശ്യങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും കൈപ്പറ്റിയ മുൻകൂറുകൾ ചെലവ് രേഖകൾ നൽകി ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല	1-24
38	തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ പലിശ ലഭിക്കുന്നില്ല	1-25
39	എൻ.പി.എസ്. വിഹിതം ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിൽ സമയബന്ധിതമായി അടവാക്കാതെ നഗരസഭ ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു	1-26
40	പാലിയേറ്റീവ് കെയറിനായി ഹെൽത്ത് ഗ്രാന്റ് ചെലവഴിച്ചത്- ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല-മറ്റ് അപാകതകൾ	1-27
41	കമ്പ്യൂട്ടറുകൾ വാങ്ങിയത് - സ്രോതസിൽ നിന്നും ജി.എസ്.ടി.കുറവു ചെയ്യാതെ മുഴുവൻ തുകയും നൽകി	1-28
42	ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചത്-പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ-നഗരസഭയ്ക്ക് 16,71,768/-രൂപയുടെ ബാദ്ധ്യത	1-29
43	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - നാല് കർഷകർക്ക് തുക ലഭ്യമായില്ല	1-30
44	വിജയഭേരി സ്കോളർഷിപ്പ് - വിദ്യാർത്ഥിക്ക് തുക ലഭിച്ചില്ല	1-31
45	എൻ.യു.എം. ഷെൽട്ടർ ഹോമിലേക്ക് ഫർണീച്ചർ, മറ്റു അടുക്കള ഉപകരണങ്ങൾ വാങ്ങിയത് - അപാകതകൾ	1-32
46	താലൂക്ക് ആശുപത്രി- ലിഫ്റ്റിന് ലൈസൻസ്, ഇൻഷ്വറൻസ് എന്നിവ എടുക്കേണ്ടതാണ്.	1-33
47	നഗരസഭ പരിധിയിലെ വനിതകൾക്ക് സൈക്കിൾ ക്ലബ്ബ് - സൈക്കിളുകൾ വാങ്ങിയെങ്കിലും പ്രൊജക്ട് ലക്ഷ്യം നേടിയില്ല - മറ്റ് അപാകതകൾ	1-34
48	ബയോബിൻ വിതരണം-ഉണഭോക്തൃ വിഹിതം നേരിട്ട് ശേഖരിക്കുവാൻ വിതരണക്കാരനെ ചുമതലപ്പെടുത്തി-പ്രൊജക്ട് നിർവ്വഹണത്തിലെ മറ്റ് അപാകതകൾ	1-35
49	നഗരസഭയിലെ പാർപ്പിട പദ്ധതി (PMAY U)	1-36
50	മത്സ്യകൃഷി - തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.	1-37
51	സാമൂഹ്യ സുരക്ഷാ പെൻഷൻ - സോഫ്റ്റ്‌വെയർ അനുബന്ധ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.	1-38
52	വാർഡ് സഭ	1-39
53	ആദായ നികുതി-ഈടാക്കിയില്ല	1-40
54	വയോജനങ്ങൾക്ക് കംപ്യൂട്ടർ പരിശീലനം- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പണം ചെലവഴിച്ചു	1-41
55	റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പൂർത്തീകരിച്ചിട്ടില്ല.	1-42
56	തെരുവ് വിളക്ക് സംരക്ഷണം-അപാകതകൾ	1-43
57	ഇ-ടെണ്ടർ ഫീ- നഗരസഭ എ.ഇ യുടെ പേരിൽ കറണ്ട് അക്കൗണ്ട് തുടങ്ങിയിട്ടില്ല.	1-44
58	പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക - അടയ്ക്കൽ	1-45
59	പെൻഷൻ വിതരണം-അവലോകനം	1-46
60	റഗുലർ പെൻഷൻ	1-46-1
61	കണ്ടിജന്റ് പെൻഷൻ	1-46-2
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3

4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-4
5	വായ്പ /വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **പിറവം** നഗരസഭയുടെ 2024 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ **27.8.2024** ലെ 9-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് **27.8.24** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി **പിറവം നഗരസഭയുടെ 2023-24** വർഷത്തേക്കുള്ള ധനകാര്യ പത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: 27.03.2025 **ജോയിന്റ് ഡയറക്ടർ**

1-1-1 കെ-സ്മാർട്ട് -സാംഖ്യ ഇന്റഗ്രേഷൻ- ഇനങ്ങളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല

സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസമാണ് പൂർണ്ണതയിൽ എത്താത്ത കെ-സ്മാർട്ട് ഓൺലൈൻ സംവിധാനം നിലവിൽ വരുന്നത്. ഈ കാലയളവിലെ കണക്കുകൾ 31.12.23 വരെയുള്ള സാംഖ്യയിലെ കണക്കുകളുമായി സംയോജിപ്പിച്ചാണ് 2023-24 വർഷത്തെ വാർഷിക ധനകാര്യപത്രിക

തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ എൻട്രികൾ കെ-സ്മാർട്ടിൽ നിന്നും സാംഖ്യയിലേക്ക് വന്നിട്ടുണ്ടോ എന്ന് വ്യക്തമല്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.ഇനങ്ങളുടെ കൃത്യത നഗരസഭ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

1-1-2 ജനുവരി 2024 മുതലുള്ള വസ്തുനികുതി നിർണ്ണയങ്ങൾ പരിശോധിക്കാനായിട്ടില്ല

ജനുവരി 2024 മുതൽ വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച രേഖകൾ കെ-സ്മാർട്ടിൽ ലഭ്യമല്ലാത്തതിനാൽ ജനുവരി 2024 മതലുള്ള വസ്തുനികുതി നിർണ്ണയങ്ങൾ ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-3 ബാങ്ക് റീകൺസിലിയേഷനിലെ അപാകതകൾ

ഓരോ ബാങ്ക് അക്കൗണ്ടിന്റെയും, നഗരസഭയുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള ബാങ്ക് നീക്കിയിരിപ്പും ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതാണെങ്കിലും 2023-24 വർഷം ഇക്കാര്യത്തിൽ അപാകതകൾ വന്നിട്ടുണ്ട്. ചില ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ബാങ്ക് അക്കൗണ്ട്	31.3.24 ലെ റീകൺസിലിയേഷനിലെ അപാകത
450210100	SBI A/C No.67291283022	റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് ബാലൻസും പാസ്ബുക്ക് ബാലൻസും 9703473/-ആയി എടുത്ത് രണ്ടു നീക്കിയിരിപ്പും തമ്മിൽ വ്യത്യാസം ഒന്നും ഇല്ലെന്നു കാണിച്ചിരിക്കുന്നു. എന്നാൽ 31.3.24 ലെ പാസ് ബുക്ക് ബാലൻസ് 9961248 രൂപയാണ്.
450210200	SBI A/C No.67308249418	31.3.24 ലെ ബാങ്ക് ബുക്ക് ബാലൻസ് 5702/-രൂപയും പാസ്ബുക്ക് ബാലൻസ് 5859/- രൂപയുമാണ്.എന്നാൽ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.
450210300	പഞ്ചാബ് നാഷണൽ ബാങ്ക് A/C No.7477000400003938	ബാങ്ക് ബുക്ക് ബാലൻസ് 923/-രൂപയും പാസ്ബുക്ക് ബാലൻസ് 921/-രൂപയുമാണ്. 2/- രൂപയുടെ വ്യത്യാസം മാത്രമേയുള്ളൂ. ഇത് തുലനപ്പെടുത്തുന്നതിനായി നഗരസഭയ്ക്ക് ലഭിക്കേണ്ട 16,98,941/-രൂപയുടെ ചെക്കുകൾ പ്രകാരമുള്ള തുക ലഭിയ്ക്കാത്തതായും നഗരസഭ നൽകിയ 16,98,834/-രൂപയുടെ ചെക്കുകൾ പ്രകാരമുള്ള തുക ബാങ്ക് അക്കൗണ്ടിൽ നിന്നും മാറിയിട്ടില്ലെന്നും കൂടാതെ ബാങ്ക് നേരിട്ട് കുറവു ചെയ്തതും ബാങ്കിൽ നേരിട്ട് വരവു വന്നതുമായ കുറച്ച് തുകകളും കാണിച്ചിരിക്കുന്നു. പാസ് ബുക്ക് പരിശോധിച്ചതിൽ NEFT ട്രാൻസാക്ഷനുകൾ മാത്രമേ ടി അക്കൗണ്ട് വഴി നടത്തിയിട്ടുള്ളൂ. ഈ സാഹചര്യത്തിൽ എങ്ങനെയാണ് ഇപ്രകാരം റീകൺസിലിയേഷൻ നടത്തിയതെന്ന് വിശദീകരിച്ചില്ല.
450210600	ഫെഡറൽ ബാങ്ക് G-Pay Current A/C No.10600100249437	UPI മുഖേനയുള്ള വരവ് മാത്രമുള്ള ഈ ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് ബാലൻസും പാസ് ബുക്ക് ബാലൻസും തമ്മിൽ വ്യത്യാസം വരാൻ പാടില്ല. എന്നാൽ ബാങ്ക് ബുക്ക് പ്രകാരം 12,96,941/-രൂപയും പാസ് ബുക്ക് പ്രകാരം 11,89,490/-രൂപയുമാണ് 31.3.24 ലെ നീക്കിയിരിപ്പ്. ഇതനുസരിച്ച് നഗരസഭയ്ക്ക് തുക ലഭിക്കാൻ അവശേഷിക്കുന്നു. ഇപ്രകാരം വ്യത്യാസം വരാനുള്ള കാരണം വിശദീകരിച്ചില്ല. എന്നാൽ റീകൺസൈൽ ചെയ്തിരിക്കുന്നത് ബാങ്ക് ബുക്ക്, പാസ് ബുക്ക് ബാലൻസുകൾ 11,89,490/-ആയി രേഖപ്പെടുത്തിയാണ്.
450430200	സഹകരണ ബാങ്ക്-ഇ.എം.എസ്.ഭവന പദ്ധതി അക്കൗണ്ട്.A/C No.144760803000028	ബാങ്ക് ബുക്ക് ബാലൻസ് 500/-രൂപയാണ്. പാസ് ബുക്കിൽ 29.01.24വരെയുള്ള നീക്കിയിരിപ്പ് 36761/-രൂപയുണ്ട്. എന്നാൽ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. 31.3.24 പ്രാബല്യത്തിൽ പാസ് ബുക്ക് രേഖപ്പെടുത്തലുകൾ പുതുക്കി ഹാജരാക്കിയില്ല.
450610110	കാനറ ബാങ്ക്-ഹെൽത്ത് ഗ്രാന്റ്	റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് ബാലൻസും പാസ്ബുക്ക് ബാലൻസും 3432391/-ആയി കാണിച്ച് രണ്ടു നീക്കിയിരിപ്പും തമ്മിൽ വ്യത്യാസം ഒന്നും ഇല്ലെന്നു രേഖപ്പെടുത്തിയിരിക്കുന്നു. 31.3.24 ലെ പാസ് ബുക്ക് ബാലൻസ് ആണ് 3432391/-. പക്ഷേ യഥാർത്ഥത്തിലുള്ള ബാങ്ക് ബുക്ക് ബാലൻസ് 14,42,604/-രൂപയാണ്. യഥാർത്ഥ ബാങ്ക് ബുക്ക് ബാലൻസ് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ നൽകാതെ മറ്റൊരു തുക രേഖപ്പെടുത്തി പാസ് ബുക്ക് ബാലൻസുമായി റീകൺസിലിയേഷൻ നടത്തി.

ബാങ്ക് റീകൺസിലിയേഷനിലെ അപാകത സംബന്ധിച്ച് നൽകിയ 43/05.02.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. സാംഖ്യ സോഫ്റ്റ്‌വെയറിൽ ബാങ്ക് ബുക്ക് ബാലൻസ് തുക Auto Generate ആവുകയാണ് ചെയ്യുന്നതെന്നും 2023-24 വർഷം കെ-സ്മാർട്ടിൽ നിന്നും സാംഖ്യയിലേക്ക് ഡാറ്റ പോർട്ട് ചെയ്തപ്പോൾ ഉണ്ടായ അപാകത മൂലമായിരിക്കാം റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബുക്ക് ബാലൻസിൽ വ്യത്യാസം വന്നതെന്നും ആണ് മറുപടിയിൽ അറിയിച്ചത്.

1-1-4 നീക്കിയിരിപ്പുകൾ തമ്മിൽ വ്യത്യാസം

കേരള ഗ്രാമീൺ ബാങ്കിലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിന്റെ RP-40b, B-17 ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് 3428/-രൂപയാണ്. എന്നാൽ B2 ഷെഡ്യൂളിൽ 311100100-Poverty Alleviation Fund എന്ന ഹെഡിൽ 3431/-ആണ് നീക്കിയിരിപ്പ്. രണ്ട് ഷെഡ്യൂളുകളിലെയും തുകകൾ തുല്യമായി വരേണ്ടതാണ്. തുകകൾ തമ്മിൽ 3/-രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്.

1-1-5 റിഡംപ്ഷൻ - യഥാർത്ഥത്തിൽ തിരികെ ലഭിക്കേണ്ട തുകയേക്കാളും കുറവ് തുക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തി

നഗരസഭയ്ക്ക് ട്രഷറിയിലുള്ള രണ്ട് അക്കൗണ്ടുകളിൽ നിന്നും(കോഡ്-450250301, 450250300) 30.3.2024 ൽ ആകെ 29,39,502/-രൂപ സർക്കാർ Resume ചെയ്തിട്ടുണ്ട്. എന്നാൽ RP-37 ഷെഡ്യൂളിൽ 29,39,472/-രൂപ Resume ചെയ്തതായാണ് കാണിച്ചിട്ടുള്ളത്. 30/-രൂപ കുറവായി കാണിച്ചിരിക്കുന്നു. തന്മൂലം B-15 ഷെഡ്യൂളിലും കിട്ടാനുള്ള തുക 30/-രൂപ കുറവായാണ് നൽകിയിട്ടുള്ളത്.

1-1-6 എൻ.പി.എസ്.വിഹിതം - വ്യത്യസ്ത തുകകൾ ബാദ്ധ്യതയായി ചേർത്തിരിക്കുന്നു

B-9 ഷെഡ്യൂളിൽ കോൺട്രിബ്യൂട്ടറി പെൻഷൻ – എംപ്ലോയറുടെയും എംപ്ലോയിയുടെയും ബാദ്ധ്യത തുല്യ തുകകൾ വരണമെങ്കിലും 350110601 ഹെഡിൽ 11,32,186/-രൂപയും 350200129 ഹെഡിൽ 11,11,549/-രൂപയുമാണ് PRAN ൽ അടവാക്കാനുള്ള ബാദ്ധ്യത ഇനത്തിൽ കാണിച്ചിട്ടുള്ളത്. രണ്ട് ഹെഡുകളിലെയും തുകകൾ തമ്മിൽ 20637/-രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്.

1-1-7 ഹഡ്കോ ലോൺ-മുതൽ തിരിച്ചടവ് - തിരിക അടവാക്കിയ തുകയേക്കാൾ കൂടുതൽ തുക അടവാക്കിയതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തി

2023-24 വർഷം പൊതു വിഭാഗം വികസന ഫണ്ടിന്റെ 3 ഗഡുക്കളുടെയും സ്രോതസിൽ നിന്നും 3 ജി.ഓ. പ്രൊജക്ടുകളിലായി 31,73,334/-രൂപ പി.എം.എ.വൈ--ഹഡ്കോ ലോൺ മുതൽ തിരിച്ചടവിനത്തിൽ കുറവ് ചെയ്തിട്ടുണ്ട്.എന്നാൽ 27,86,667/-രൂപ കൂടി ഹഡ്കോ ലോണിനത്തിൽ തിരിച്ചടച്ചതായി വാർഷിക ധനകാര്യ പത്രികയിൽ ജേർണൽ എൻട്രി മുഖേന രേഖപ്പെടുത്തി. ഇക്കാരണത്താൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള 31.3.24 ലെ തിരികെ അടയ്ക്കാൻ ബാക്കിയുള്ള വായ്പ തുക കൃത്യമല്ല.

1-1-8 വികസന ഫണ്ട്-ജനറൽ,കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ I-6 ഷെഡ്യൂളിലെ ചെലവ് തുക സുലേഖ ചെലവ് പത്രികയിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല

ഫണ്ടിനം	സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ്	I-6 ഷെഡ്യൂൾ പ്രകാരം ചെലവ്	വ്യത്യാസം
വികസന ഫണ്ട്-ജനറൽ	₹18419098	₹20648820 (+) Capital Contribution ₹1106545 Total ₹21755365	₹3336267
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് & അൺ-ടൈഡ്& അൺ-ടൈഡ് ട്രഷറി	₹17758579	₹21897638	₹4139059

1-1-9 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾസ്,2007,റൂൾ 58 (എഫ്)) പ്രകാരം)

1-1-10 പണമിടപാടുകൾ ഉള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല

ബാങ്ക് ഓഫ് ബറോഡയിൽ 11.5.22 ൽ ആരംഭിച്ച ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട് നമ്പർ-49740100007993 ൽ 2023-24 വർഷം പണമിടപാടുകൾ നടത്തിയിട്ടുണ്ട്. പാസ് ബുക്ക് പ്രകാരം 31.3.24 ൽ 15,01,388/-രൂപ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ടി ബാങ്ക് അക്കൗണ്ടിലെ പണമിടപാടുകൾ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.

1-2 ബജറ്റ്

നഗരസഭയുടെ 2023-24 വർഷത്തെ ബജറ്റ് 24.3.23 ലെ കൗൺസിൽ യോഗത്തിലെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. 2023-24 വർഷത്തെ റിവൈസ്ഡ് ബജറ്റ് 09.02.24 ലെ കൗൺസിൽ യോഗത്തിലെ 1(1)നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ്/ പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

	ബജറ്റ് പ്രകാരം	പരിഷ്കരിച്ച ബജറ്റ് പ്രകാരം
വരവ്(മുന്നിരിപ്പ് ഉൾപ്പെടെ)	391173969	330007308
ചെലവ്	382968618	309431719
നീക്കിയിരിപ്പ്	8205351	20575589

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	21400287
വരവ്	156434097
ആകെ	177834384
ചെലവ്	152554805
നീക്കിയിരിപ്പ്	25279579

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ലാപ്സായ തുക
വികസന ഫണ്ട് (ജനറൽ)*	0	22464090	22464090	21755365	0	708725
വികസന ഫണ്ട് (എസ്.സി.പി)	0	4964000	4964000	3296047	0	1667953
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)**	0	19549350	19549350	17456975	0	2092375
മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്)***	0	15832600	15832600	13226032	0	2606568
സി.എഫ്.സി.ഗ്രാന്റ്-ബേസിക്ക് (ബാങ്ക്)	0	8910759	8910759	8696193	214566	
സി.എഫ്.സി.ഗ്രാന്റ്-ബേസിക്ക് (ട്രഷറി)	0	99979	99979	99979	0	0
സി.എഫ്.സി.ഗ്രാന്റ്-ടൈഡ് (ബാങ്ക്)	0	12886900	12886900	10881973	2004927	
ഹെൽത്ത് ഗ്രാന്റ് 320200206	0	11220721	11220721	9778117	1442604	
പി.എം.എ.വൈ 320809900	11449650	5208639	16658289	16187889	470400	
Devt.Fund-Special Grant-capital 320200106	20811	0	20811	0	20811	
Agriculture-capital Fund 320200201	505350	0	505350	0	505350	
Social Welfare Fund-capital Fund 320200205	561033	0	561033	0	561033	
Education-capital Fund 320200209	124000	0	124000	0	124000	
Others/miscellaneous Fund-Capital 320200299	230536	0	230536	0	230536	

*ജി.ഓ.പ്രൊജക്ട്-4224534/-, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-1106545/-

**ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-1855230/-

***ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ -2798780/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	നടപ്പാക്കിയത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
244	149790415	81460566	149	21	74	61.06%

1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ബാങ്ക് നീക്കിയിരിപ്പ്	ലാപ്സായ തുക(ട്രഷറി)
ഭരണ ചെലവുകൾ/ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	3332	16935000 (ട്രഷറി)+ 96 (ബാങ്ക് പലിശ)	16938428	16934002	3428	998
ആകെ	3332	16935096	16938428	16934002	3428	998

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	1174400	96
വിധവ പെൻഷൻ	10871800	980
വാർദ്ധക്യകാല പെൻഷൻ	32073500	2951
വികലാംഗ പെൻഷൻ	2627600	228
വിവാഹ ധനസഹായം	30000	1
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	813800	69

1-8 ക്യാഷ് നീക്കിയിരിപ്പ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.02.2025 തീയതിയിൽ ഉച്ചയ്ക്ക് 3.00 സമയത്ത് സ്ഥാപനത്തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹90,024/- (₹89752 ഫ്രണ്ട് ഓഫീസ് കളക്ഷൻ + ₹272 ഇ-പോസ് കളക്ഷൻ, ഫ്രണ്ട് ഓഫീസിൽ അടച്ചത്) രൂപയുടെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന കാര്യങ്ങൾ ഭരണാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1)വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രൊജക്ട് മോണിട്ടറിംഗ് റിപ്പോർട്ട് പ്രൊജക്ട് ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്.

2) നഗരസഭ വിവിധ ആവശ്യങ്ങൾക്കായി വെയ്ക്കുന്ന കരാറുകളിൽ കരാർ നമ്പരും തീയതിയും ചേർക്കുന്നില്ല. കരാറുകളിൽ കരാർ നമ്പരും തീയതിയും ചേർക്കേണ്ടതും കരാർ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

3)5 ലക്ഷത്തിന് മുകളിൽ അടങ്കൽ വരുന്ന പ്രവൃത്തികൾ ഇ-ടെൻഡർ ചെയ്യേണ്ടതാണ്.

4)പർച്ചേസുകൾ നടത്തുമ്പോൾ ഇൻവോയ്സുകളിൽ സ്റ്റോക്ക് എൻട്രി നടത്തി സാക്ഷ്യപ്പെടുത്തേണ്ടതും സ്റ്റോക്ക്,ഇഷ്യൂ വിവരങ്ങൾ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

5)നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർവ്വഹണോദ്യോഗസ്ഥർ എല്ലാവരും ഫയലുകളിൽ ആവശ്യമായ രേഖകളെല്ലാം ഉൾപ്പെടുത്തി അവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ സെക്രട്ടറി, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ ഫയലുകൾ അലക്ഷ്യമായും അടുക്കും ചിട്ടയോടും കൂടിയല്ലാതെയും സൂക്ഷിച്ചിരിക്കുന്നു.അവശ്യ

രേഖകൾ പലതും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫയലുകൾ മുഴുവൻ രേഖകളും ഉൾപ്പെടുത്തി കൃത്യമായി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-10 നഗരസഭയിലെ മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ-അവലോകനം

മുനിസിപ്പാലിറ്റി പ്രദേശത്തെ ജൈവമാലിന്യങ്ങളുടെ ഉറവിട സംസ്കരണത്തിനും, അജൈവ മാലിന്യങ്ങളുടെ ശേഖരിക്കൽ, കൈയ്യൊഴിയൽ സംബന്ധിച്ചും, സേവനങ്ങളും ഫീൽഡ്തല പ്രവർത്തനങ്ങളും നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന. പിറവം നഗരസഭയിലെ ഖരമാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ നടപ്പാക്കുന്നതിന് 2019 മുതൽ വിവിധ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. നഗരസഭയിലെ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, ഹരിത കർമ്മസേനയുടെ പ്രവർത്തനം എന്നിവ സംബന്ധിച്ചുള്ള അവലോകനം ചുവടെ ചേർക്കുന്നു.

I)അടിസ്ഥാന വിവരങ്ങൾ

എറണാകുളം ജില്ലയിലെ പിറവം നഗരസഭക്ക് 29.36 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട്. 27 വാർഡുകളുള്ള നഗരസഭയിലെ ആകെ ജനസംഖ്യ 29105 ആണ് (2011 സെൻസസ് പ്രകാരം). ആൾതാമസമുള്ള 8553 വീടുകളും 1696 സ്ഥാപനങ്ങളും നഗരസഭയിലുണ്ട്. 2018-19 വർഷം മുതലാണ് ഇവിടെ ഹരിതകർമ്മസേന രൂപീകരിച്ചത്. ആദ്യ ഘട്ടങ്ങളിൽ മന്ദഗതിയിലായിരുന്ന ഹരിത കർമ്മസേന പ്രവർത്തനം 2020 മുതലാണ് ഊർജ്ജിതമായത്. നിലവിൽ 8082 വീടുകളിൽ നിന്നും 1143 സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മസേന മാലിന്യം ശേഖരിച്ചു വരുന്നു. 27 വാർഡുകളിലായി ആകെ 48 ഹരിത കർമ്മസേനാംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടു വരുന്നു.

വീടുകളിലുള്ള അജൈവ മാലിന്യം എല്ലാ മാസവും മുടക്കം കൂടാതെ ഹരിതകർമ്മസേനയ്ക്ക് നൽകണമെന്നും അവർക്കു യൂസർഫീ നൽകണമെന്നുമുള്ള അറിയിപ്പ് പൊതുജനങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഹരിതകർമ്മ സേനയുമായി സഹകരിക്കാത്തവർക്ക് നോട്ടീസ് നൽകിയും ഫോൺ വഴിയും അറിയിപ്പു നൽകുകയും, അവരുടെ തുടർന്നുള്ള സഹകരണം ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. വീടുകളിൽ നിന്നും ജൈവ-അജൈവ മാലിന്യം തരം തിരിച്ച്, അജൈവമാലിന്യം ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നു. ശേഖരിക്കുന്ന മാലിന്യം ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിക്കുന്നതിനും, കുന്നുകൂടാതെ നിയന്ത്രിക്കുന്നതിനും ഹരിതകർമ്മ സേനാംഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ഹരിതകർമ്മ സേനയുടെ ഭരണപരമായ ചുമതലകളായ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗങ്ങൾ, പൊതുസഭ വിളിച്ചുകൂട്ടൽ, കണക്ക് സൂക്ഷിക്കൽ, ഹരിത സംരംഭക യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന വ്യത്യസ്ത അജൈവ മാലിന്യങ്ങളുടെ കണക്കുകൾ സൂക്ഷിക്കൽ, ലഭിക്കുന്ന വരുമാനം വിവിധ ഗ്രൂപ്പുകൾക്ക് ട്രാൻസ്ഫർ ചെയ്ത് നൽകൽ എന്നിവ നിർവ്വഹിക്കുന്നുണ്ട്. എന്നാൽ ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ വാണിജ്യപരമായ ചുമതലകൾ ഏറ്റെടുത്ത് നടത്തുന്നതിൽ കാര്യക്ഷമമായ പുരോഗതി കൈവരിച്ചിട്ടില്ല. ഹരിത സേനാംഗങ്ങൾക്ക് യൂണിഫോം, തിരിച്ചറിയൽ രേഖകൾ, ശുചീകരണ ഉപകരണങ്ങൾ എന്നിവ നഗരസഭ ലഭ്യമാക്കി പ്രവർത്തനം സുഗമമാക്കുന്നുണ്ട്.

മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. മാലിന്യശേഖരണ കലണ്ടർ തയ്യാറാക്കി യൂസർ ഫീ കളക്ഷൻ കാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കലണ്ടർ പ്രകാരം നിശ്ചയിച്ച തീയതികളിൽ വിവിധ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്.

മാലിന്യ ശേഖരണം ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നതിന് നോട്ടീസ് വിതരണം, വാട്ട്സ് ആപ്പ് സന്ദേശങ്ങൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും 50/- രൂപയും സ്ഥാപനങ്ങളിൽ നിന്നും 100/- രൂപയുമാണ് പ്രതിമാസം യൂസർ ഫീസ് ഇനത്തിൽ ഈടാക്കുന്നത്. നിലവിൽ യൂസർ ഫീ ഈടാക്കൽ, ശേഖരിക്കുന്ന അജൈവമാലിന്യം കയ്യൊഴിയുന്നതിലൂടെ ലഭ്യമാകുന്ന തുക എന്നിവയാണ് ഹരിത കർമ്മ സേനയുടെ പ്രധാന വരുമാന മാർഗങ്ങൾ. മൈക്രോസംരംഭക ഗ്രൂപ്പുകളായി തിരിച്ച്, ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ, ജൈവകൃഷിക്കുള്ള സേവനങ്ങളിലൂടെ ലഭിക്കാവുന്ന യൂസർ ഫീ, തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയതായി കാണുന്നില്ല. ബി.പി.എൽ, ആശ്രയ

ഗുണഭോക്താക്കളുടെ വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് തദ്ദേശ സ്ഥാപനം നൽകുന്ന യൂസർഫീ ലഭ്യമായതായി കാണുന്നില്ല.

മാലിന്യം വേർതിരിക്കൽ

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് ആദ്യം ഡിവിഷനുകളിലെ മിനി എം.സി.എഫുകളിൽ എത്തിക്കുന്നു. 27 ഡിവിഷനുകളിലായി 36 മിനി എം.സി.എഫുകൾ പ്രവർത്തിക്കുന്നുണ്ട്. അവിടെ നിന്നും വാഹനത്തിൽ 14-ാം ഡിവിഷനിൽ പ്രവർത്തിക്കുന്ന എം.സി.എഫി ലേക്ക് എത്തിക്കുകയുമാണ് ചെയ്യുന്നത്. ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിച്ചാണ് എത്തിക്കുന്നത്.

റീസൈക്ലിംഗ്

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കുവാൻ ഹരിതകർമ്മ സേനാംഗങ്ങൾ വീട്ടുകാർക്കും സ്ഥാപനങ്ങൾക്കും നിർദേശം നൽകുന്നുണ്ട്. പാതയോരങ്ങളിലും പൊതു ഇടങ്ങളിലും ബിന്നുകൾ, ബോട്ടിൽ ബൂത്തുകൾ എന്നിവ സ്ഥാപിച്ചിട്ടില്ല.

തൊഴിൽ സൃഷ്ടിക്കൽ

2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹8,11,300/- വരവ് വന്നിട്ടുണ്ട്. ഓരോ അംഗവും ശേഖരിക്കുന്ന യൂസർ ഫീ യുടെ 90% ആണ് വേതനമായി നൽകുന്നത്. നഗരസഭയിലെ 48 ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി ₹8,000/- പ്രതിമാസം വരുമാനമായി ലഭിക്കുന്നുണ്ട്. ഹരിത കർമ്മ സേന പ്രവർത്തനങ്ങൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ചിട്ടില്ല.

അടിസ്ഥാന സൗകര്യ വികസനം

മാലിന്യം നീക്കം ചെയ്യുന്നതിന് ഹരിത കർമ്മസേനയ്ക്ക് സ്വന്തമായി വാഹനമില്ല. നഗരസഭയുടെ വാഹനമാണ് ഉപയോഗിക്കുന്നത്. പുതിയ എം.സി.എഫ് പണിയുന്നതിനായി ഒന്നര ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം

പൊതു നിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്ന വ്യക്തികളെ കണ്ടെത്തി പിഴ ഈടാക്കുന്നുണ്ട്. രാത്രികാല സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തുന്നുണ്ട്. സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി ബോധവത്കരണ ക്ലാസ്സുകളും ഹരിതസഭകളും നടത്തുന്നുണ്ട്. ശുചിത്വ ബോർഡുകൾ വിവിധയിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ സംഘടിപ്പിച്ച പരിശീലനം നൽകിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംബന്ധിച്ച് കെൽട്രോൺ പരിശീലനം നൽകിയിട്ടുണ്ട്.

കാമ്പയിൻ പ്രവർത്തനങ്ങൾ

സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തിയ ഹരിതസഭ പ്രോഗ്രാമിലൂടെ കുട്ടികളിൽ മാലിന്യ പരിപാലന ശീലം വളർത്തിയെടുക്കുന്നതിന് സഹായിച്ചു. എൻ.എസ്.എസ് ക്യാമ്പുകളിലൂടെ വിദ്യാർത്ഥികൾ ഹരിതകർമ്മ സേനാംഗങ്ങളോടൊപ്പം ഭവനസന്ദർശനം നടത്തി ജൈവ അജൈവ മാലിന്യത്തെക്കുറിച്ചും അത് ശാസ്ത്രീയമായി സംസ്കരിക്കേണ്ട ആവശ്യകതയും ബോധ്യപ്പെടുത്തി യൂസർ ഫീസ് നൽകി പ്ലാസ്റ്റിക് മാലിന്യം നൽകേണ്ടതിനെക്കുറിച്ച് ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

റിവ്യൂ മീറ്റിംഗ്

എല്ലാ മാസവും ഹരിതകർമ്മസേനയുടെ നഗരസഭാതലത്തിലുള്ള റിവ്യൂ നടത്താറുണ്ട്. ഈ യോഗത്തിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, സിഡിഎസ് ചെയർപേഴ്സൺ, സെക്രട്ടറി, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, എന്നിവർ പങ്കെടുത്തുവരുന്നു. എല്ലാ റിവ്യൂ മീറ്റിംഗുകളിലും പ്രവർത്തനത്തിലെ പോരായ്മകൾ ചർച്ച ചെയ്യുകയും അവ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കപ്പെടുന്നതിലേയ്ക്ക് ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (ഹെൽത്ത് സൂപ്പർവൈസർ), ഹെൽത്ത് ഇൻസ്പെക്ടർ, ഹരിത സഹായ സ്ഥാപന പ്രതിനിധി, എന്നിവരടങ്ങുന്ന സമിതി പ്രവർത്തിക്കുന്നു. കൃത്യമായ ഇടവേളകളിൽ പരിശോധന, ബോധവൽക്കരണം എന്നീ

പ്രവർത്തനങ്ങളും നടത്തിവരുന്നു. യൂസർഫീ കൃത്യമായി നൽകാത്തതിന് നോട്ടീസ് നൽകി വരുകയും ചെയ്യുന്നുണ്ട്.

II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)

1.അടിസ്ഥാന വിവരങ്ങൾ

നഗരസഭയിലെ 14-ാം ഡിവിഷനിൽ കണ്ണേറ്റുമലയിലാണ് നിലവിലെ എം.സി.എഫ്. പ്രവർത്തിക്കുന്നത്. 1600 ചതുരശ്ര മീറ്റർ വിസ്തൃതിയിലുള്ള ഓപ്പൺ എം സി എഫ് ആണ് നിലവിലുള്ളത്. ശ്മശാനത്തിലേക്കുള്ള വഴി എം സി എഫ് ന് അകത്ത് കൂടി ആയതിനാൽ ശ്മശാനത്തിലേക്കുള്ള റോഡിന്റെ വിസ്തൃതി കഴിച്ചുള്ള വിസ്തൃതി മാത്രമാണ് എംസി.എഫിന് പ്രയോജനപ്പെടുത്താൻ കഴിയുകയുള്ളൂ. സ്റ്റോറേജ് ഏരിയ, സോർട്ടിങ്ങ് ഏരിയ, മെഷീനറി ഏരിയ, ശുചിമുറി എന്നിവയും ബെയ്‌ലിംഗ് യൂണിറ്റുമുണ്ട്. ഷ്രെഡിംഗ് യൂണിറ്റ് ഇല്ല. മേൽക്കൂര തകരാറിലായതിനാൽ റിനോവേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. ആയതിനാൽ നിലവിൽ പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. താൽക്കാലിക സൌകര്യങ്ങൾ ഒരുക്കിയാണ് മാലിന്യങ്ങൾ വേർതിരിക്കുന്നത്. എം.സി.എഫിൽ അഗ്നി സുരക്ഷാ സൈകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എം.സി.എഫിന്റെ ചിത്രം ചുവടെ ചേർക്കുന്നു.

എം.സി.എഫ്

എം.സി.എഫ്(കോൺക്രീറ്റ് ബിൽഡിംഗ് -ശ്മശാനം)

എം.സി.എഫ് ന്റെ വിവിധ ഭാഗങ്ങൾ മിനി എം.സി.എഫ്

2. മാലിന്യം കൈമാറ്റം ചെയ്യുന്നതിലെ കാര്യക്ഷമത

വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ എല്ലാ ആഴ്ചയും മിനി എം.സി.എഫിലേയ്ക്കും തുടർന്ന് മെയിൻ എം.സി.എഫിലേയ്ക്കും എത്തിക്കുന്നുണ്ട്. പിന്നീട് കരാർ സ്ഥാപനത്തിന് മാലിന്യം കൈമാറുന്നു.

3. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, ഹാൻഡ് സാനിറ്റൈസർ, റെയ്ൻ കോട്ട് എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

4. ശുചിത്വ മാനദണ്ഡങ്ങൾ

മാലിന്യങ്ങൾ ചാക്കിൽ കെട്ടി അടുക്കി വെച്ചിട്ടുണ്ട്. കുടിവെള്ള ലഭ്യത, ശുചിമുറി എന്നീ സൗകര്യങ്ങൾ ഉണ്ട്.

5. യഥാസമയം മാലിന്യം കയ്യൊഴിയൽ

നഗരസഭ ഗ്രീൻവോംസ് എക്കോ സെല്യൂഷൻസ് കമ്പനിയുമായി കരാറിലേർപ്പെട്ട് മാലിന്യം കൈമാറുന്നുണ്ട്. കമ്പനി യഥാസമയം മാലിന്യം ശേഖരിക്കുന്നുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് കിലോഗ്രാമിന് 11/-രൂപ നിരക്കിൽ കമ്പനിക്ക് നഗരസഭ തുക നൽകുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ:

1) അടച്ചുറപ്പുള്ള എംസി.എഫ്. നിർമ്മിക്കുന്നതിന് പ്രോജക്ട് അടിയന്തിരമായി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

2) എം.സി.എഫിൽ അഗ്നി സുരക്ഷാ സൌകര്യങ്ങൾ, അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്.

3) മാലിന്യ സംസ്കരണത്തിനുള്ള ഷ്രെഡിംഗ് യൂണിറ്റ് ഏർപ്പെടുത്തേണ്ടതാണ്.

4) ഹരിത കർമ്മ സേനകൾക്ക് വരുമാനം ലഭിക്കുന്ന മൈക്രോ സംരംഭക ഗ്രൂപ്പുകളായി തിരിച്ച്, ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം നടത്തുന്ന പ്രദേശത്തെ ആഘോഷങ്ങൾ, ഉത്സവങ്ങൾ, സ്വകാര്യ സൽക്കാരങ്ങൾ, സർക്കാരിതര പരിപാടികൾ എന്നിവ ഏറ്റെടുത്ത് നടത്താവുന്നതാണ്.

5) കൃഷി അനുബന്ധ പ്രോജക്ടുകളിലൂടെ ഹരിത കർമ്മ സേനകൾക്ക് വരുമാനം ലഭിക്കുന്ന ജൈവവളം നിർമ്മാണം, മാലിന്യ സംസ്കരണത്തിനുള്ള ഇനോക്കുലം നിർമ്മാണം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

6) ബി.പി.എൽ, ആശ്രയ ഗുണഭോക്താക്കളുടെ വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് തദ്ദേശ സ്ഥാപനം നൽകുന്ന യൂസർഫീ ലഭ്യമാക്കാവുന്നതാണ്.

7) ചപ്പുചവറുകൾ പൊതുനിരത്തിൽ വലിച്ചെറിയുന്നത് തടയുന്നതിലേക്കായി എല്ലാ ജംഗ്ഷനുകളെയും കേന്ദ്രീകരിച്ച് ജൈവ-അജൈവമാലിന്യങ്ങൾ പൊതുജനങ്ങൾക്ക് നിക്ഷേപിക്കുന്നതിനായി ബിന്നുകൾ സ്ഥാപിക്കാവുന്നതാണ്.

8) പ്ലാസ്റ്റിക്കിന് ബദലായ ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കേണ്ടതും അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതുമാണ്.

9) ഖര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ 1994 ലെ കേരളമുനിസിപ്പാലിറ്റി നിയമം 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

10) മാലിന്യങ്ങൾ തരം തിരിച്ച് സൂക്ഷിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിർദ്ദേശാനുസരണം കൈയ്യൊഴിയുകയും ചെയ്യില്ലെങ്കിൽ ഖരമാലിന്യ പരിപാലന ചട്ടം 4(1), പരിസ്ഥിതി (സംരക്ഷണ) നിയമം 1986, വകുപ്പ് 15 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

11) ഉറവിട മാലിന്യ സംസ്കരണത്തിനായി നഗരസഭയിൽ പ്രത്യേക പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. മാലിന്യമുക്ത നഗരസഭ എന്ന ലക്ഷ്യത്തിലേക്കായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യകതാ നിർണ്ണയ സർവെ നടത്തി, സബ്സിഡി നിരക്കിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

1-11-1 സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ നമ്പർ 245, 247, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3(2) എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും നഗരസഭ പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

1. പിറവം നഗരസഭയുടെ 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം Profession Tax-institution/traders (Current) (Head-431190101) ഇനത്തിൽ 1,38,279/- രൂപ കുടിശ്ശിക ലഭിക്കാനുണ്ട്.

2.പിറവം നഗരസഭയുടെ ട്രേഡേഴ്സ് ലിസ്റ്റും തൊഴിൽ നികുതി രജിസ്റ്ററും പരിശോധിച്ചതിൽ 27 വാർഡുകളിലായി ഒട്ടേറെ സ്ഥാപനങ്ങൾ/ വ്യക്തികൾ 2023-24 കാലയളവിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നം	വാർഡ് നം	സ്ഥാപനം	തൊഴിൽ നികുതി അടവാക്കാത്ത അർദ്ധവർഷം
1.	2	സെന്റ് ജോർജ് റബ്ബർസ്	I + II
2.	2	എ ജെ ഓട്ടോമൊബൈൽസ്	I + II

3.	2	ബ്രൈറ്റ് ബേക്കറി	I + II
4.	2	കാവാനൽ കോൾഡ് സ്റ്റോറേജ്	I + II
5.	2	ത്രീ കിങ്സ് വുഡ് ഇൻഡസ്ട്രീസ്	I + II
6.	3	ഹന്ന ബുറ്റീക്	I + II
7.	3	ക്ഷീര സൊസൈറ്റി	I
8.	5	പൈതൃകം ആയുർവേദിക്ക് ക്ലിനിക്	I + II
9.	5	അന്നപൂർണ ഹോട്ടൽ	I + II
10.	5	ഹോളി കിങ്സ് ഓട്ടോമൊബൈൽസ്	I + II
11.	5	കെജീസ് കൊറിയേർസ്	I + II
12.	5	പാലക്കൽ ഹോട്ടൽ	I + II
13.	6	ഹോട്ടൽ ഐശ്വര്യ	I + II
14.	6	സ്കാൻറോൺ ലബോറട്ടറി	I + II
15.	6	ആൽഫീസ് ഓൾ സീസൺസ് ബേക്കറി	I + II
16.	6	കൃഷ്ണ ബ്യൂട്ടി ഷോപ്പ്	I + II
17.	7	കാബ് ഏജൻസീസ് വിൻഡ്മിൽ	I + II
18.	7	ദേ ചൈനീസ് തട്ടുകട	I + II
19.	7	ലീല എമ്പോറിയം	I + II
20.	7	ഹലോ മിസ്സ് ലേഡീസ് സ്റ്റോർ	I + II
21.	7	ഐശ്വര്യ ഗാർമെൻറ്സ്	I + II
22.	7	ആസ്റ്റർ ജിം	I + II
23.	7	പിറവം ഡോട്ട് കോം	I + II
24.	7	ഒളിമ്പിക്സ് ഏജൻസീസ്	I + II
25.	7	നീതി മെഡിക്കൽ സ്റ്റോർ	II
26.	7	എൽ ഐ സീ ഏജൻസി ഓഫീസ്	II
27.	7	ശീതൾ ഫാർമ	II
28.	8	എം ജി എം സ്റ്റുഡിയോ സ്പെയേഴ്സ്	I + II
29.	8	പന്തലിൽ ഓയിൽസ്	I + II
30.	8	ഇ ടാക്സ് അക്കാദമി	I + II
31.	8	കോർ ഫിറ്റ്നസ് സ്റ്റുഡിയോ	I + II
32.	8	കേരള ബാങ്ക്	I + II
33.	8	ജോർജിയൻ ബേക്ക്ഹൌസ്	I + II
34.	8	കളപ്പുരക്കൽ ജ്വല്ലറി	I + II
35.	8	ബിനൂസ് ജന്റ്സ് ബ്യൂട്ടി പാർലർ	I + II
36.	8	കെ. യു. സി. എസ്, പിറവം	II
37.	8	മുത്തൂറ്റ് പിറവം	II
38.	8	ക്രീയേറ്റീവ് ഡിസൈൻ ആൻഡ് പ്രിന്റ്	II
39.	9	മമ്മി ആൻഡ് മി ബ്യൂട്ടി പാർലർ	I + II
40.	9	കണിയാൻപറമ്പിൽ ഫ്ലോർ മിൽസ്	I + II
41.	9	ബയോസ് കമ്പ്യൂട്ടർ സെന്റർ	I + II
42.	9	കരിതടത്തിൽ സ്റ്റീൽസ്	I + II
43.	9	ഐ. ഇ. എൽ. ടി. എസ് സെന്റർ	I + II
44.	9	ഇംഗ്ലീഷ് ക്യാമ്പസ്	I + II
45.	9	ഓക്സിജൻ ഫാർമ	I + II
46.	9	സെന്റ് ജോർജ് ഹാർഡ് വെയേഴ്സ്	I + II
47.	9	ഗ്യാസ്കോ ഫ്ളൈയിംസ്	I + II
48.	11	പി എം ആർ അസോസിയേറ്റ്സ് ആയുർവേദ ഏജൻസീസ്	I + II
49.	11	ഇമ്പാക്ട് സിസ്റ്റംസ് കമ്പ്യൂട്ടർ സെന്റർ	I + II
50.	11	ഫിറ്റ്നസ് സ്റ്റുഡിയോ	I + II
51.	11	ഇവാ ലേഡീസ്	I + II
52.	11	ധനീഷ് ഹോട്ടൽ	I + II
53.	11	നീതി മെഡിക്കൽ സ്റ്റോർ	I + II
54.	11	യു മി ഡോഗ് ഫുഡ്	I + II

55.	12	നിറപ്പകാട്ടിൽ സോ മില്ല്	I + II
56.	13	അഞ്ജലി വുഡ് ഇൻഡസ്ട്രീസ്	I + II
57.	17	സപ്ലൈക്കോ മാവേലി സ്റ്റോർ	II
58.	19	മാമ്പുറത്ത് സ്റ്റോർസ്	I + II
59.	19	കരിതടത്തിൽ ഫ്യൂവൽസ്	I
60.	23	ജനസേവന കേന്ദ്രം	I + II
61.	23	ചാക്കപ്പൻസ് സ്റ്റോർസ്	I + II
62.	23	കാജൂസ് ഐസ് ക്രീം	I + II
63.	25	കൈരളി സ്റ്റോർസ്	I + II
64.	25	ജെ കെ ഇന്റീരിയർ സ്റ്റീൽ ഫാബ്രിക്കേഷൻ	I + II
65.	25	ഫോക്സ് ആർട്ട് സ്റ്റുഡിയോ	I + II
66.	25	ചാലിശ്ശേരിൽ മെഡികെയർ	I + II
67.	25	ഗുഡ് ഡേ റീറ്റെയിൽ പ്രൈവറ്റ് ലിമിറ്റഡ്	I + II
68.	25	വൈറ്റ് മാർട്ട് കൈരളി സ്റ്റോർവെൽ	I + II
69.	25	ബലിണ്ട സോഫാസ്	I + II
70.	25	ബലിണ്ട ലൈഫ്സ്റ്റൈൽസ്	I + II
71.	27	എ വി ലൈറ്റ് ആൻഡ് സൗണ്ട്സ്	I + II
72.	27	ഹോണ്ട മോട്ടോർസ്	I + II
73.	27	മോഡേൺ ഫുഡ് ക്രാഫ്റ്റ്	I + II
74.	27	കരിപ്പിൽ ജ്വല്ലറീസ്	I + II
75.	27	മട്ടംകോയിൽ ടൈൽസ് ആൻഡ് ഗ്രാനൈറ്റ്സ്	I + II

മേൽ അപാകത സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/30.1.2025) മറുപടി ലഭിച്ചതിൽ ബിൽ കളക്ടർമാർ ഇല്ലാത്തതിനാൽ നിർത്തി പോയ സ്ഥാപനങ്ങൾ യഥാസമയം കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ല എന്നും, ടി സ്ഥാപനങ്ങളെ കണ്ടെത്തി ലിസിറ്റിൽ നിന്നും ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി, ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുമെന്നും അറിയിച്ചു.

നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ തൊഴിൽ നികുതി സമയബന്ധിതമായി ഈടാക്കുവാൻ നഗരസഭ അധികൃതർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11-2 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

പിറവം നഗരസഭയുടെ കരാർ രജിസ്റ്റർ പ്രകാരം 2023-2024 സാമ്പത്തിക വർഷം, നഗരസഭ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരുടെ പേരുകൾ ചുവടെ ചേർക്കുന്നു:

ക്രമ നം.	കോൺട്രാക്ടറുടെ പേര്
1.	റോയ് എം ടി
2.	സാജു സി എസ്
3.	തയ്ജു കുര്യാച്ചൻ
4.	ബാബു വർഗീസ്
5.	മക്കാർ സി എ
6.	ജോർജ് കെ എം
7.	സജി വർഗീസ്
8.	രാജൻ എം സി
9.	ദർവേശ് ഇബ്രാഹിം
10.	രഞ്ജിത് എ ആർ
11.	അജി പോൾ
12.	വി എ ജോർജ്
13.	മിനിമോൾ പി ജി

14.	ജോജിഷ് ജോസ്
15.	ജോയ് തോമസ്
16.	ജോർജ് ടി യു
17.	ഗീത സഹദേവൻ
18.	ബിബിൻ ഗിരിജൻ
19.	വിനോദ്കുമാർ വി സി
20.	അലി പി എം
21.	കെ എ ഷെരീഫ്

ടി കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ (പിറവം നഗരസഭയിലോ വേറെ പഞ്ചായത്തിലോ/നഗരസഭയിലോ) ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/01.02.2025) ലഭിച്ച മറുപടിയിൽ, ടി കോൺട്രാക്ടർമാരെ 2023-24 കാലയളവിലെ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും, 2024-25 മുതലുള്ള ലിസ്റ്റിൽ കോൺട്രാക്ടർമാരെ ഉൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കുമെന്നും അറിയിച്ചിട്ടുണ്ട്.

ടി കരാറുകാരുടെ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11-3 തൊഴിൽ ഉടമയിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല

പിറവം നഗരസഭയുടെ 2023-24 വർഷത്തെ ലൈസൻസ് രജിസ്റ്ററും തൊഴിൽ നികുതി -(ജീവനക്കാരുടെ) രജിസ്റ്ററും പരിശോധിച്ചതിൽ, ചില സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ ഉടമ മുഖേന ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നം.	സ്ഥാപനത്തിന്റെ പേര്, വാർഡ് നം/കെട്ടിട നം
1.	സെൻട്രിനോ പ്രൈവറ്റ് ലിമിറ്റഡ് , 8/344/A
2.	ഇംഗ്ലീഷ് ക്യാമ്പസ് , 9/415
3.	സ്മാർട്ട് ഡിജിറ്റൽ എക്സലെൻസ് പ്രൈവറ്റ് ലിമിറ്റഡ് 11/356
4.	ഐ. ഇ. എൽ.ടി.എസ് സെന്റർ , 9/410
5.	ഇ ടാക്സ് അക്കാദമി , 8/382
6.	കേരള ബാങ്ക് , 8/451

മേൽ അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/1.02.2025) ലഭിച്ച മറുപടിയിൽ, തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കാനും, നിർത്തിപ്പോയ സ്ഥാപനങ്ങളെ ലിസ്റ്റിൽ നിന്നും ഒഴിവാക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുമെന്നും അറിയിച്ചു.

സ്ഥാപനങ്ങളിൽ നിന്നും, തൊഴിൽ ഉടമ മുഖേന ജീവനക്കാരുടെ തൊഴിൽ നികുതി സമയബന്ധിതമായി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12-1 വസ്തു നികുതി നിർണയത്തിലെ അപാകത

പിറവം നഗരസഭയിൽ 19.06.2023 ൽ നടന്ന സാധാരണയോഗത്തിലെ 2/1 തീരുമാനപ്രകാരം, 2023-24 വർഷത്തേയ്ക്കുള്ള വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ടുള്ള 05.04.2023- ലെ 480/2023 നമ്പർ സർക്കാർ വിജ്ഞാപനം അംഗീകരിച്ചെങ്കിലും, ചില കെട്ടിടങ്ങൾക്ക് പുതുക്കി നിശ്ചയിച്ച നിരക്കുകൾക്ക് പകരം പഴയ നിരക്കിൽ തന്നെയാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇപ്രകാരം പഴയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിന് ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു:-

ക്രമ നം.	കെട്ടിട നം., സഞ്ചയ സൈൻ ഇൻ തീയതി	തറ വിസ്തീർണ്ണം (ച. മീ .)	ഉപയോഗം/പഴയനിരക്ക്	പുതിയ നിരക്ക്
1.	8/829/3, 18.11.2023	265.68	വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നവ (100 ച മീ മുകളിൽ 500 ച മീ വരെയുള്ളവ) ; ₹90/ച.മീ	₹100/ ച മീ
2.	9/312/1, 02.11.2023	112.66	വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നവ (100 ച മീ മുകളിൽ 500 ച മീ വരെയുള്ളവ) ; ₹90/ച.മീ	₹100/ ച മീ

3.	11/390/1, 01.09.2023	31.18	വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നവ (100 ച മീ വരെ ഉള്ളവ) ; ₹60/ച.മീ	₹65/ ച മീ
4.	3/231/1, 27.11.2023	120.5	പാർപ്പിടാവശ്യം; ₹ 7/ ച. മീ	₹8/ ച മീ
5.	23/265/2, 27.11.2023	30.9	പാർപ്പിടാവശ്യം; ₹ 7/ ച. മീ	₹8/ ച മീ

മേൽ അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/30.1.2025) മറുപടി ലഭിച്ചതിൽ പുതിയ നിരക്കുകൾ അന്തിമമാക്കി സഞ്ചയ സോഫ്റ്റ്‌വെയറിയിൽ മാറ്റം വരുത്തിയത് 2023 നവംബർ മാസത്തിനു ശേഷം ആണെന്നും, മേൽ പരാമർശിച്ച കെട്ടിടങ്ങൾ അസ്സസ് ചെയ്തിരിക്കുന്നത് ഈ തീയതിക്ക് മുൻപ് ആയതിനാലാണ് പഴയ നിരക്കിൽ നികുതി ഈടാക്കിയതെന്നും, ഓഡിറ്റ് പരാമർശ പ്രകാരം നിരക്കിൽ വ്യത്യാസം വരുത്തി ഉടമകളെ അറിയിച്ച്, പുതുക്കിയ നിരക്കിൽ തുക ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുമെന്നുമറിയിച്ചു.

2023-24 കാലയളവിൽ പഴയ നിരക്കിൽ അസ്സസ് ചെയ്ത ചില കെട്ടിടങ്ങളുടെ ഉദാഹരണങ്ങൾ മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വസ്തു നികുതി രജിസ്റ്റർ പരിശോധിച്ച്, 2023-24 ഇൽ ഇപ്രകാരം പഴയ നിരക്കിൽ അസ്സസ് ചെയ്ത എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയയിൽ പരിശോധിക്കേണ്ടതും, ടി കാലയളവിലേയ്ക്ക് ബാധകമായ നിരക്ക് പ്രകാരം അവയുടെ വസ്തു നികുതി പുനർനിർണയിച്ച് കുറവ് വന്ന തുക കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

1-12-2 മൊബൈൽ ടവറുകൾ വസ്തു നികുതി കുടിശ്ശിക വരുത്തി

2023-24 സാമ്പത്തിക വർഷത്തിൽ പിറവം നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടെലിഫോൺ ടവറുകളുടെ വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ പോർട്ടൽ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന മൊബൈൽ ടവറുകൾ വസ്തുനികുതി കുടിശ്ശിക വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മൊബൈൽ ടവർ/ഉടമയുടെ പേര്	വാർഡ് നം / കെട്ടിട നം.	കുടിശ്ശിക വരുത്തിയ കാലയളവ്	കുടിശ്ശികയായ തുക (₹)
മാനേജർ, റിലയൻസ് ടെലികോം കമ്യൂണിക്കേഷൻസ്	3/141	2017 രണ്ടാം പകുതി – 2023 പകുതി	165288/-
സബ് ഡിവിഷണൽ എഞ്ചിനീയർ, ബി എസ് എൻ എൽ	7/188/A	2013 ഒന്നാം പകുതി - 2023 രണ്ടാം പകുതി	196767/-
ഐഡിയ സെല്ലുലാർ ലിമിറ്റഡ്	14/336	2021 ഒന്നാം പകുതി – 2023 രണ്ടാം പകുതി	57875/-

കുടിശ്ശികയായതിന് കാരണവും, വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥാപനത്തിനെതിരെ ആർ/ആർ. നടപടി/കേസുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും തുടർനടപടി വിവരങ്ങളും ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/28.01.2025) ലഭിച്ച മറുപടിയിൽ മാനേജർ, റിലയൻസ് ടെലികോംമ്യൂണിക്കേഷൻസിനും, ഐഡിയ സെല്ലുലാർ ലിമിറ്റഡിനും ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും, തുക ഈടാക്കുന്നതിലേക്ക് റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സബ് - ഡിവിഷണൽ എഞ്ചിനീയർ, ബി എസ് എൻ എല്ലിന്റെ വിഷയത്തിൽ, ടി ടവറിന് നികുതി കുടിശ്ശിക കാണിച്ച് ഡിമാൻഡ് നോട്ടീസ് നൽകിയതിന് 17/05/2022 ലെ ബി എസ് എൻ എൽ, പ്രിൻസിപ്പൽ ജനറൽ മാനേജർ ടെലികോംമിന്റെ B1/91/21-22/Vol-V/Temp-22-23-78 നമ്പർ കത്തിൽ പ്രസ്തുത ബി എസ് എൻ എൽ കെട്ടിടങ്ങൾ ഇപ്പോഴും, The President Of India യുടെ പേരിൽ ആണെന്നും, ആയത് ബി എസ് എൻ എൽ Department Of Telecommunication ഇൽ ലയിപ്പിച്ചിട്ടില്ലാത്തതാണെന്നും, ആയതിനാൽ ടി തുക കൊടുക്കുവാൻ നിർവാഹമില്ല എന്നും അറിയിച്ചു. ടി വിഷയത്തിൽ നിയമസഭ സ്റ്റാൻഡിങ് കൗൺസിലിനു നിയമോപദേശത്തിനായി കത്ത് നൽകിയെങ്കിലും, നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലെന്നും അറിയിച്ചു.

ഇ വിഷയത്തിൽ നഗരസഭ അധികൃതർ, നിയമസഭ സ്റ്റാൻഡിങ് കൗൺസിലിനു ഓർമ്മകുറിപ്പ് നൽകേണ്ടതും, നിയമോപദേശം തേടി, തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13 കടമുറികൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1), 2020ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 5 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും, സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല.

വാടക രജിസ്റ്ററും ലൈസൻസ് അപേക്ഷകളും പരിശോധിച്ചതിൽ, 7/524, 7/525, 7/528, 7/532, 7/533, 7/536, 7/537, 7/541-A, 7/541, 7/543, ,7/549, 7/550, 7/554, 7/555, 7/556, 7/558, 7/560, 8/502, 8/504, 8/508, 8/511, 8/540, 8/541, 8/542, 8/543, 8/546 നമ്പറുകളുള്ള കടമുറികൾ 2023-24 കാലയളവിൽ ലൈസൻസ് പുതുക്കിയിട്ടില്ല.

മേൽ അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/05.02.2025) മറുപടി ലഭിച്ചതിൽ, 7/525, 528, 532, 533, 537, 541, 541A, 543, 549, 550, 554, 555, 556, 8/504, 511, 542, 546, ഏന്നീ കെട്ടിട മുറികൾ ഒഴിഞ്ഞു കിടക്കുകയാണെന്ന് അറിയിച്ചു.

7/524, 536, 558, 560, 8 വാർഡിൽ 502, 508, 540, 541, 543, ഏന്നീ കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചു.

ടി കട ഉടമകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കി, ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ, സമയബന്ധിതമായി ലേലം നടത്തി വാടകയ്ക്ക് നൽകി വിവരം അറിയിക്കേണ്ടതാണ്.

1-14 വാടക കെട്ടിടങ്ങൾ ഉപയോഗരഹിതമായി കിടക്കുന്നു

1) പിറവം നഗരസഭയുടെ 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം Rent Receivable From Civic Amenities (Current) (Head-431400101) ഇനത്തിൽ 23,42,094.00 രൂപ കുടിശ്ശിക ലഭിക്കാനുണ്ട്.

2) പിറവം നഗരസഭയുടെ വാടക രജിസ്റ്റർ പരോശോധിച്ചതിൽ, താഴെ ചേർത്തിരിക്കുന്ന കെട്ടിടങ്ങൾ 2023-24 കാലയളവ് മുതൽ നാളിതുവരെ ഒഴിഞ്ഞുകിടക്കുകയാണ്.

1. 8/512
2. 8/513
3. 8/520
4. 8/519
5. 8/544
6. 8/545
7. 8/547
8. 8/548
9. 8/552
10. 5/433/AZ (പഴയ നമ്പർ)
11. 8/555
12. 8/562

13. 5/G-2 (പഴയ നമ്പർ)

14. 5-FS1

15. 5-FS2

16. 5/FS4

17. 5/FS5

18. 5/449/ടി

3) 7/550, 7/551 ഏന്നീ വാടക കെട്ടിടങ്ങൾക്ക് ജൂലൈ 2023 മുതൽ മാർച്ച് 2024 വരെയും, 7/538 നമ്പർ കെട്ടിടത്തിന് ഓഗസ്റ്റ് 2023 മുതൽ മാർച്ച് 2024 വരെയും വാടക ഇനത്തിൽ ജി. എസ്. ടി ഈടാക്കിയിട്ടില്ല.

4) ലേലം രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കോട്ടപ്പുറം ഷോപ്പിംഗ് കോംപ്ലക്ക്സിലുള്ള കടമുറികൾ (23/74-D, E, F, G, I, J, K,L, M, N, O, P) 2023-24, 2024-25 കാലയളവിൽ ഒഴിഞ്ഞു കിടന്നതായി ബോധ്യപ്പെട്ടു. നാളിതുവരെ ടി കടമുറികൾ ആരും തന്നെ ലേലം കൊണ്ടിട്ടില്ല.
മേൽ അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/04.02.2025) ലഭിച്ച മറുപടിയിൽ,

1. മേൽ തുകകൾ (പരാമർശം 1) കുത്തകക്കാരനിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ച്, ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതാണെന്നറിയിച്ചു.

2. പ്രസ്തുത മുറികളിൽ (പരാമർശം 2) 8/512, 8/520, 8/544, 8/545 നമ്പർ മുറികൾ യഥാക്രമം, വിനോദ് എം കെ കോരമംഗലത്ത്, ജിനേഷ് പി കെ പാറപ്പുറത്ത്, ജയ്സി ജോസ് ചക്കാലക്കൽ, ദിലീപ്കുമാർ ചെലമറ്റത്ത് എന്ന വ്യക്തികൾ നിലവിൽ കുത്തകയ്ക്ക് എടുത്തിട്ടുള്ളതാണെന്നും, 5/499/ടി നമ്പർ മുറി ഫീഡിങ് റൂം എന്ന നിലയിൽ നിലനിർത്തി വരുന്നതായും അറിയിച്ചു.

ബാക്കിയുള്ള 8/513, 8/519, 8/547, 8/548, 8/552, 5/433/AZ, B/555, 8/562, 5/G-2, 5/FS-1,2,4,5 ഏന്നീ കടമുറികൾ ലേലം, പുനർലേലം നടത്തുകയും, ഓഫർ ക്ഷണിക്കുകയും ചെയ്തിട്ടുള്ളതെങ്കിലും ആരും തന്നെ കുത്തകയിൽ എടുത്തിട്ടില്ലാത്തതുമാണ് എന്നും, കടമുറികൾ ആരും ഏറ്റെടുക്കാത്തതിനെ തുടർന്ന് മാർക്കറ്റ് കോംപ്ലക്സ്, കോട്ടപ്പുറം കോംപ്ലക്സ്, എന്നിവിടങ്ങളിൽ മുറികൾ ഒഴിഞ്ഞു കിടക്കുന്നത് സംബന്ധിച്ച്, ഫ്ലക്സുകൾ പിടിപ്പിച്ചിട്ടുള്ളതുമാണെന്നും അറിയിച്ചു. കടമുറികൾക്ക് കെടുപാടുകൾ ഉള്ളതിനാലാണ് ആരും ഏറ്റെടുക്കാത്തത് എന്ന വിലയിരുത്തലിൽ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ നവീകരണത്തിനായി നടപ്പ് വർഷം പ്രോജെക്റ്റിൽ തുക വകയിരുത്തിയിട്ടുള്ളതാണെന്നും അറിയിച്ചു.

3. (പരാമർശം 3) 7/550, 7/551, 7/538 എന്നീ മുറികളിലെ വാടകകൾ ആർ സി എം (റിവേഴ്സ് ചാർജ് മെക്കാനിസം) മുഖേന ജി എസ് ടി ഒടുക്കുന്നതായി അറിയിച്ചതിന് പ്രക്കരമാണ് വാടകത്തുക മാത്രമായി നഗരസഭ ഈടാക്കി വന്നിട്ടുള്ളത്. 7/538 നമ്പർ കടമുറിക്ക് നിലവിൽ ജി എസ് ടി ഉൾപ്പടെയാണ് ഈടാക്കുന്നതെന്ന് അറിയിച്ചു.

4. കോട്ടപ്പുറം ഷോപ്പിംഗ് കോംപ്ലക്സിലുള്ള ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ ലേലം, പുനർലേലം നടത്തുകയും, ഓഫർ ക്ഷണിക്കുകയും ചെയ്തിട്ടുള്ളതെങ്കിലും, ആരും തന്നെ കുത്തകയിൽ എടുത്തിട്ടില്ലാത്തതും, ആയതിനെ തുടർന്ന് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, കോട്ടപ്പുറം കോംപ്ലക്സ് എന്നിവിടങ്ങളിൽ മുറികൾ ഒഴിഞ്ഞു കിടക്കുന്നത് സംബന്ധിച്ച് ഫ്ലക്സുകൾ എഴുതി പ്രദർശിപ്പിക്കുകയും ചെയ്തിട്ടുള്ളതാണെന്നും അറിയിച്ചു.

വാടക കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുന്നത് മൂലം നഗരസഭയ്ക്ക് വലിയ വരുമാന നഷ്ടമാണ് സംഭവിക്കുന്നത്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ സമയബന്ധിതമായി ലേലം വിളിച്ച് വാടകയ്ക്ക് നൽകുവാനുള്ള ശ്രമങ്ങൾ നഗരഭ നടത്തേണ്ടതാണ്.

1-15 പാരാമെഡിക്കൽ രെജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതാണ്

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 313, 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭാ പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ

പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല.

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2023-24 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചതിൽ ടി സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയതിന്റെ രസീതുകൾ ഹാജരാക്കി. താഴെ ചേർത്തിരിക്കുന്ന രണ്ടു സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചു.

ക്രമ നം.	സ്ഥാപനം
1.	പിറവം മെഡിക്കൽ സെന്റർ, ജീരിയട്രിക് ക്ലിനിക്
2.	സ്മൈൽ ഷൈൻ ഓർത്തോഡോൺട്ടിക് ഡെന്റൽ ക്ലിനിക്

ഈ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ബിൽഡിംഗ് പെർമിറ്റ്: അപാകതകൾ

1) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല

നഗരസഭയുടെ 2023-24 കാലയളവിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ, പെർമിറ്റ് ഫീസ് അടവാക്കിയതിന്റെ തുകയോ, രസീത് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല. കളക്ഷൻ പോസ്റ്റിങ്ങ് കൃത്യമല്ലാത്തതിനാൽ 2023-24 കാലയളവിലെ ബിൽഡിംഗ് പെർമിറ്റ് ഫീസ് ഇനത്തിൽ ലഭിച്ച വരുമാനത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചില്ല. പെർമിറ്റ് ഫീസ് അടവാക്കിയതിന്റെ ഐ ബി പി എം എസ് (ഇന്റലിജിന്റ് ബിൽഡിംഗ് പെർമിറ്റ് മാനേജ്മെന്റ് സിസ്റ്റം) -ന്റെ ഡെയിലി ചലാൻ റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടെങ്കിലും, ടി സോഫ്റ്റ്‌വെയർ പ്രവർത്തന ക്ഷമമല്ലാത്തതിനാൽ, ആയതിന്റെ ചലാൻ റിപ്പോർട്ട് ജനറേറ്റ് ചെയ്യാൻ സാധ്യമല്ലായെന്നാണ് മറുപടി ലഭിച്ചത്. പെർമിറ്റ് ഫീസ് പിരിച്ച് അടവാക്കിയത് പഞ്ചായത്തിന്റെ തനത് ഫണ്ട് (എസ് ബി ഐ) അക്കൗണ്ടിലേയ്ക്കാണ്. നഗരകാര്യവകുപ്പ് ഡയറക്ടർ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും അയച്ച 22.03.2021 ലെ ഡി.സി.2-8941/15 -ാം നമ്പർ കത്തിൽ IBPMS ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് എല്ലാ നഗരസഭകളോടും ടി ആവശ്യത്തിലേക്കായി എസ്.ബി.ഐ.യുടെ ശാഖയിൽ കറണ്ട് അക്കൗണ്ട് എടുക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പിറവം നഗരസഭയിൽ IBPMS മുഖേനയുള്ള ബിൽഡിംഗ് പെർമിറ്റുകളുടെ വരവുകൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. IBPMS മുഖേനയുള്ള ബിൽഡിംഗ് പെർമിറ്റുകളുടെ വരവുകൾക്ക് നഗരകാര്യവകുപ്പ് ഡയറക്ടറുടെ കത്തിലെ നിർദ്ദേശപ്രകാരം പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. എന്നാൽ ടി അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും പെർമിറ്റ് ഇനത്തിൽ പിരിച്ച തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചില്ല.

2) കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് കുറവായി ഈടാക്കി

31.03.2023 – ലെ സ. ഉ (കൈ) നം. 85/2023/ത. സ്വ. ഭ. വ പ്രകാരം നഗരസഭയ്ക്ക് ബാധകമായ പെർമിറ്റ് ഫീസ് നിരക്ക് ചുവടെ ചേർക്കുന്നു:

81 – 150 ച മീ വരെ – താമസം, വ്യവസായം (ഉത്പാദനം), മറ്റുള്ളവ- ₹70 /ച മീ	വാണിജ്യം – ₹90/ച മീ
150 – 300 ച മീ വരെ – താമസം, വ്യവസായം (ഉത്പാദനം), മറ്റുള്ളവ- ₹120 /ച മീ	വാണിജ്യം – ₹150/ച മീ
300 ച മീ മുകളിൽ – താമസം, വ്യവസായം (ഉത്പാദനം), മറ്റുള്ളവ- ₹200 /ച മീ	വാണിജ്യം – ₹250/ച മീ

2023-24 കാലയളവിൽ നഗരസഭയുടെ ബിൽഡിംഗ് പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ, ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പെർമിറ്റ് ഫീസ് കുറവായാണ് ഈടാക്കിയത്.

ഫയൽ നമ്പർ/ പെർമിറ്റ് നമ്പർ	കെട്ടിടത്തിന്റെ ഉപയോഗം /ഏരിയ (ച മീ)	ഈടാക്കേണ്ടിയിരുന്ന ഫീസ് (₹)	ഈടാക്കിയ ഫീസ്(₹)	കുറവ് (₹)
BA-52/2023-24, E1-13019/23	വാണിജ്യാവശ്യം/ 203.91	203.91*150= 30,586.5/-	203.91*120= 24469/-	6117/-
BA-50/2023-24, E1-12796/23	വാണിജ്യാവശ്യം/ 163.87	163.87 * 150 = 24580.5/-	163.87*90= 14,748.3/-	9832/-

മേൽ അപാകതയ്ക്ക് ലഭിച്ച വാക്കാലുള്ള വിശദീകരണത്തിൽ, ടി കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് രേഖപ്പെടുത്തിയതിൽ പിഴവ് സംഭവിച്ചതാണെന്നറിയിച്ചു.

സ ഉ (കൈ) 97/2024/ത.സ്വ.ഭ.വ. തീയതി 30/07/2024 പ്രകാരം, 10.4.2023 മുതലുള്ള പെർമിറ്റ് അപേക്ഷകൾക്ക് താഴെ ചേർത്ത പ്രകാരം പെർമിറ്റ് ഫീസ് കുറച്ചതിനാൽ, ടി കാലയളവിൽ കൂടിയ പെർമിറ്റ് ഫീസ് നൽകിയവർക്ക് തുക തിരികെ നൽകി വരുകയാണ്. ആയതിനാൽ മേൽ അപാകത മൂലം നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടില്ലാത്തതുമാണ്.

81 – 150 ച മീ വരെ: താമസം- ₹35/ച മീ, വ്യവസായം (ഉത്പാദനം)- ₹40/ച മീ, മറ്റുള്ളവ- ₹40 /ച മീ	വാണിജ്യം – ₹50/ച മീ
151 – 300 ച മീ വരെ: താമസം – ₹60/-, വ്യവസായം (ഉത്പാദനം)- ₹60, മറ്റുള്ളവ- ₹70 /ച മീ	വാണിജ്യം – ₹80/ച മീ
300 ച മീ മുകളിൽ: താമസം-₹150/-, വ്യവസായം (ഉത്പാദനം)- ₹150, മറ്റുള്ളവ- ₹100 /ച മീ	വാണിജ്യം – ₹150/ച മീ

എന്നിരുന്നാലും ബിൽഡിംഗ് പെർമിറ്റ് ഫീസ് ശരിയായ നിരക്കിൽ ഈടാക്കേണ്ടതും, ആയതിന്റെ രസീത് വിവരങ്ങൾ കൃത്യമായി പെർമിറ്റ് രജിസ്റ്ററിൽ രേഖപെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-17 വെൻഡിംഗ് മെഷീനും ഇൻസിനിറേറ്ററും പ്രവർത്തന രഹിതം-1,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	181/24
പ്രൊജക്ടിന്റെ പേര്	സ്കൂളുകളിൽ സാനിട്ടറി നാപ്കിൻ വെൻഡിംഗ് ആന്റ് ഡിസ്പോയിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ
അടങ്കൽ	1,50,000/-
ഫണ്ടിനം	ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ്	1,50,000/-
ബിൽ നമ്പർ	400/24.3.24 -1,50,000/-
നിർവഹണ ഉദ്യോഗസ്ഥൻ	സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ

പ്രോജക്ട് പ്രകാരം വെൻഡിംഗ് ആന്റ് ഡിസ്പോയിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചു. 6 സ്ഥാപനങ്ങളുടെ ടെണ്ടറുകൾ ലഭിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനം	നിരക്ക് (ജി.എസ്.ടി ഉൾപ്പെടെ)		ആകെ
		ഇൻസിനറേറ്റർ	വെൻഡിംഗ് മെഷീൻ	
1	സിഡ്കോ	53100	38940	92040
2	കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്	57525	43070	100595
3	കാഡ്കോ	54265	39766	94031
4	സ്പീഡ് ഇൻഫോവേ	50750	23250	74000 (L1)
5	പെർഫക്ട് ഇൻഡസ്ട്രീസ്	53500	25500	7900 (L3)
6	ബ്ലെയിസ് ഹൈജിനിക് ഡിവൈസസ് പ്രൈവറ്റ് ലിമിറ്റഡ്	50740	23600	74340 (L2)

സിഡ്കോയുടെ ടെണ്ടർ അംഗീകരിക്കുകയും 22/03/24 ലെ EKM/23-24/482-ാം നമ്പർ ഇൻവോയിസ് പ്രകാരം ഒരു വെൻഡിംഗ് മെഷീനും 2 നാപ്കിൻ ഡിസ്പോയറിനും ഇൻസ്റ്റലേഷൻ ചാർജിനത്തിൽ 4120/- രൂപയും ഉൾപ്പെടെ ആകെ 1,50,000/- രൂപ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്.

വാങ്ങലുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ(പി) നം.7/19/SPD തീ.26.04.2019 പ്രകാരമുള്ള ഭേദഗതികൾ അനുസരിച്ച് 25,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം (Government E-market Place) പോർട്ടൽ മുഖേന സമാഹരിക്കേണ്ടതാണ്. എന്നാൽ മേൽ പർച്ചേസ് ജെം മുഖേന നടത്തിയിട്ടില്ല.

2) ടെണ്ടർ നോട്ടീസ്, ടെണ്ടർ പരസ്യം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്പീഡ് ഇൻഫോവേ, ബ്ലെയിസ് ഹൈജിനിക് ഡിവൈസസ് പ്രൈവറ്റ് ലിമിറ്റഡ്, പെർഫക്ട് ഇൻഡസ്ട്രീസ് എന്നീ 3 സ്ഥാപനങ്ങളെ ഒഴിവാക്കി **സിഡ്കോ** യെ തെരഞ്ഞെടുത്തതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പർച്ചേസ് കമ്മിറ്റി തീരുമാനമില്ലാതെയാണ്

വാങ്ങൽ നടത്തിയിരിക്കുന്നത്.

4) ഇൻസ്റ്റലേഷൻ ചാർജിനത്തിൽ 4120/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇൻസ്റ്റലേഷൻ ചാർജ് നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തി സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. മറ്റ് സ്ഥാപനങ്ങൾ ഇൻസ്റ്റലേഷൻ ചാർജില്ലാതെ സ്ഥാപിക്കുന്നതിന് സമ്മതം നൽകിയിരുന്നു.

5) വെൻഡിംഗ് മെഷീനും നാപ്കിൻ ഡിസ്ട്രോയറും ഏതൊക്കെ സ്കൂളുകളിലാണ് സ്ഥാപിച്ചതെന്ന യാതൊരു വിവരവും ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6) വെൻഡിംഗ് മെഷീൻ, ഇൻസിനിറേറ്റർ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

7) അംഗീകൃത മോണിട്ടറിങ്ങ് സമിതിയുടെ മോണിട്ടറിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (25/03.02.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 03/02/25 ന് നഗരസഭ ഉദ്യോഗസ്ഥർക്കൊപ്പം നടത്തിയ ഭൌതിക പരിശോധനയിൽ പിറവം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ സ്ഥാപിച്ച വെന്റിംഗ് മെഷീനും ഇൻസിനറേറ്ററും പ്രവർത്തന രഹിതമായ നിലയിലാണ് കാണാൻ കഴിഞ്ഞത്. വെൻഡിംഗ് മെഷീൻ ഉദ്ഘാടന ദിവസം മാത്രം പ്രവർത്തിച്ചിരുന്നതായും പിന്നീട് പ്രവർത്തിച്ചിട്ടില്ലെന്നും കോയിൻ ഇടാൻ പറ്റാത്ത അവസ്ഥയിലാണെന്നും നിലവിൽ നാപ്കിൻ പാഡ് സൂക്ഷിക്കുന്ന ഷെൽഫായിട്ട് ഉപയോഗിക്കുന്നതായും സ്കൂൾ അധികൃതർ അറിയിച്ചു. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി കൂടിയ നിരക്കിൽ വാങ്ങിയ മേൽ മെഷീനുകൾ പ്രവർത്തന ക്ഷമമല്ലാതെ ഉപയോഗരഹിതമായതിലൂടെ പദ്ധതി പണം ദുർവിനിയോഗം ചെയ്തതായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ 2022-2023 വർഷം സ്ഥാപിച്ച രണ്ട് ഇൻസിനറേറ്ററുകൾ കൂടി പിറവം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ പ്രവർത്തന രഹിതമായിരിക്കുന്നത് ഭൗതിക പരിശോധനയിൽ കാണാൻ കഴിഞ്ഞു. അതിൽ ഒരെണ്ണത്തിന് നാളിതുവരെ ഇലക്ട്രിക് കണക്ഷൻ പോലും നടത്തിയിട്ടില്ല.
മേൽ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.
പ്രോജക്ട് നിർവഹിക്കുന്നതോടൊപ്പം മോണിട്ടറിംഗ് നടത്തി പ്രോജക്ട് ലക്ഷ്യം കൈവരിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതും മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുക 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

1-18 സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ-രേഖകൾ ലഭ്യമാക്കിയില്ല-1,99,600/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	182/24
പ്രൊജക്ടിന്റെ പേര്	സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ – മാലിന്യ വിമുക്തമാക്കുന്നതിന്റെ ഭാഗമായി
അടങ്കൽ	3,00,000/-
ഫണ്ടിനം	വികസന ഫണ്ട് – ജനറൽ
ചെലവ്-	1,99,600/-
ബിൽ നമ്പർ	474/25.3.24
നിർവഹണ ഉദ്യോഗസ്ഥൻ	സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ

നഗരസഭ പരിധിയിൽ പൊതുജനങ്ങൾ സ്ഥിരമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനായി മേൽ പ്രോജക്ട് പ്രകാരം 1,99,600/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനാവശ്യമായ പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗം എഞ്ചിനിയറുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, ടെണ്ടർ നോട്ടീസ്, ടെണ്ടർ പരസ്യം, ടെണ്ടർ അംഗീകരിച്ച പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം, കൗൺസിൽ തീരുമാനം, സ്ഥാപനവുമായുള്ള കരാർ, ഇൻവോയിസുകൾ, തുക നൽകിയതിന്റെ വിവരങ്ങൾ, വെബ്സാംഖ്യ ബിൽ, ഏതെല്ലാം ഇടങ്ങളിലായിട്ടാണ് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതെന്നും ആയവയുടെ കമ്മീഷനിങ്ങ് പൂർത്തിയാക്കി പ്രവർത്തനക്ഷമമായിട്ടുണ്ടോ എന്നീ വിവരങ്ങൾ ഒന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. തേർഡ് ഐ സെക്യൂരിറ്റി സൊല്യൂഷൻസ് (1,99,300/-), എ ടു ഇസഡ് എന്റർപ്രൈസ് (2,01,740/-), സെക്യൂർ ടെക്നോളജീസ് (2,58,830/-), എന്നീ സ്ഥാപനങ്ങളുടെ

ക്വട്ടേഷൻ മാത്രമാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് 3 സ്ഥാപനങ്ങളുടെ ക്വട്ടേഷൻ ഒഴികെ മറ്റൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനെ തുടർന്ന് ഓഡിറ്റ് റിക്വിസിഷൻ (2/28.01.25) നൽകിയത് പ്രകാരമാണ് മേൽ ക്വട്ടേഷനുകൾ ലഭ്യമാക്കിയിട്ടുള്ളത്.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണവും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ഏതെല്ലാം ഇടങ്ങളിലായിട്ടാണ് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതെന്നും ആയവയുടെ കമ്മീഷനിങ്ങ് പൂർത്തിയാക്കി പ്രവർത്തനക്ഷമമായിട്ടുണ്ടോ എന്നീ വിവരവും അംഗീകൃത മോണിട്ടറിങ്ങ് സമിതിയുടെ മോണിട്ടറിങ്ങ് റിപ്പോർട്ടും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (26/03.02.25) മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ ചെലവ് തുക 1,99,600/- രൂപ തടസ്സപ്പെടുത്തുന്നു.

1-19 ഭവന പുനരുദ്ധാരണം -അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭിച്ചതെന്ന് അന്വഷിച്ച് ഉറപ്പാക്കേണ്ടതാണ്.

പ്രോജക്ട് നം	100/24
പ്രൊജക്ടിന്റെ പേര്	സുരക്ഷിത ഭവനം -ഭവന പുനരുദ്ധാരണം (ജനറൽ)
അടങ്കൽ	48,00,000/- (വികസന ഫണ്ട് ജനറൽ-45,00,000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ് - 3,00,000/-)
ചെലവ്-	20,00,000/- (വികസന ഫണ്ട് ജനറൽ)
ബിൽ നമ്പർ	വിവിധ ബില്ലുകൾ
നിർവഹണ ഉദ്യോഗസ്ഥൻ	സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ

നഗരസഭയിലെ ജനറൽ വിഭാഗത്തിൽ പെട്ടവർക്ക് ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. 2023-24 സാമ്പത്തിക വർഷം ആരംഭിച്ച് 2024-25 വർഷം സ്പിൽ ഓവർ ആയി നടപ്പിലാക്കുന്ന പ്രോജക്ടാണിത്. 2023-24 വർഷം 58 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. മേൽ പ്രോജക്ട് പ്രകാരം 37 ഗുണഭോക്താക്കൾക്ക് 25000 രൂപ വീതവും 21 ഗുണഭോക്താക്കൾക്ക് 50000/- രൂപ വീതവും ആകെ 58 ഗുണഭോക്താക്കൾക്കായി 20,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളു. എന്നാൽ ഗുണഭോക്താക്കളുടെ വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചില്ല. ആയതിനാൽ അർഹരായവർക്ക് തന്നെയാണോ ആനുകൂല്യം നൽകിയതെന്ന് ബോധ്യപ്പെടാൻ കഴിഞ്ഞില്ല. അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമായതെന്ന് അന്വഷണം നടത്തി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് മറുപടിയും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (27/03.02.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആനുകൂല്യം ലഭിച്ച 58 ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി.ഓവർസിയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റ് സഹിതം വിവരം അറിയിക്കേണ്ടതും അംഗീകൃത മോണിട്ടറിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-20 ടോയ്‌ലറ്റ് പുനരുദ്ധാരണം - രേഖകൾ ലഭ്യമാക്കിയില്ല - ചെലവ് തുക 14,35,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	227/24
പ്രൊജക്ടിന്റെ പേര്	ടോയ്‌ലറ്റ് പുനരുദ്ധാരണം
അടങ്കൽ	17,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ്	14,35,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ബിൽ നമ്പർ	524/31.03.24 – 50,000/-,
	525/31.03.24 – 50,000/-,
	526/31.03.24 – 50,000/-,
	527/31.03.24 – 65,000/-,

	528/31.03.24 – 50,000/-,
	529/31.03.24 – 10,000/-,
	530/31.03.24 – 65,000/-,
	531/31.03.24 – 50,000/-,
	532/31.03.24 – 50,000/-,
	533/31.03.24 – 3,50,000/-,
	534/31.03.24 – 1,50,000/-,
	535/31.03.24 – 20,000/-,
	536/31.03.24 – 65,000/-,
	537/31.03.24 – 10,000/-,
	538/31.03.24 – 4,00,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് റിക്വിസിഷൻ (2/28.01.25) നൽകിയിട്ടും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷ, മുൻപ് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ കോപ്പി, ആധാർ കാർഡ്, ആനുകൂല്യത്തിനുള്ള അർഹത തെളിയിക്കുന്ന മറ്റ് രേഖകൾ, എസ്റ്റിമേറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ്, ടോയ്‌ലറ്റ് പുനരുദ്ധാരണം പൂർത്തീകരിച്ച വിവരങ്ങൾ, ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തി തുക അനുവദിച്ച രജിസ്റ്റർ, പുനരുദ്ധാരണം നടത്തിയതിന്റെ ഫോട്ടോ, സാംഖ്യ ബിൽ, തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ലഭ്യമായതിന്റെ ഡെലിവറി സ്റ്റാറ്റസ് റിപ്പോർട്ട്, അംഗീകൃത മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് റിക്വിസിഷൻ (2/28.01.25), ഓഡിറ്റ് എൻക്വയറി (28/03.02.25) എന്നിവ നൽകിയിട്ടും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക 14,35,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-21 സ്റ്റോക്ക് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല

സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ശുചീകരണ സാമഗ്രികൾ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം വാങ്ങിയ സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

1) ഇൻവോയിസ് നമ്പർ E/1508/25.03.24 പ്രകാരം 1313.56 രൂപ നിരക്കിൽ 5kg Technical Malathion എന്ന ഉല്പന്നത്തിന് 18% ജി.എസ്.ടി ഉൾപ്പെടെ 7750/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ഈ ഉല്പന്നം ഉൾപ്പെട്ടിട്ടില്ല.

2) 25.03.24 ൽ സ്റ്റോക്കിലെടുത്ത സാമഗ്രികൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. ആയതിനാൽ ആവശ്യകത കണക്കാക്കിയല്ല വാങ്ങൽ നടത്തിയതെന്ന് വ്യക്തമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

ഇനം	എണ്ണം
വാക്കത്തി	15
അരിവാൾ	10
അലവാങ്	1
ബ്രഷ് കട്ടർ	5
ട്രോളി (ടു വീൽ)	6
ക്രേറ്റ് ബോക്സ് (ഫാമിലി)	20
ലൈം പൌഡർ	100 Kg
റിഫ്ലക്ടീവ് ജാക്കറ്റ്	10
സേഫ്റ്റി ഗോഗ്ഗിൾസ്	5
പ്ലാസ്റ്റിക് ബാഗ്	250
ഗാർബേജ് ബാഗ്	60

3) 25.03.24 ലെ ഇൻവോയിസ് പ്രകാരമുള്ള സാമഗ്രികൾ 19.03.24 ൽ വിതരണം നടത്തിയതായി

രേഖപ്പെടുത്തിയിരിക്കുന്നു (സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ- 78,84,90)

4) ക്ലോറിൻ 20 എണ്ണം ആശാവർക്കർക്ക് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഏത് ആശാവർക്കർക്കെന്നോ, കൈപ്പറ്റിയ തീയതി, കൈപ്പറ്റ് വിവരം (സിഗ്നേച്ചർ), വാർഡ് വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല (സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ- 98)

5) വിതരണം ചെയ്ത് ശേഷിക്കുന്നവയുടെ വിവരങ്ങൾ, ക്ലോസിംഗ് ബാലൻസ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

6) വിതരണ തീയതിയും കൈപ്പറ്റുന്നവരുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയും വിതരണം രേഖപ്പെടുത്തിയിരിക്കുന്നു.(സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ- 40, 110, 98)
മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (47/07.2.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതും മേൽ അപാകത സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-22 അമൃത് പദ്ധതി-ബിൽ രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

കേന്ദ്ര സംസ്ഥാന സർക്കാരുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പാക്കുന്ന അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ- 'അമൃത് 2.0' പദ്ധതിയുടെ ഇന്ത്യൻ ബാങ്കിലുള്ള 7280199853 -ാം നമ്പർ അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 സാമ്പത്തിക വർഷം ആകെ 25,33,555/- രൂപ വരവും ചെലവും ഉണ്ട്. എന്നാൽ അമൃത് സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിന്റെ 19.09.23 ലെ നം SMMU/7/2022-MFE അമൃത് 2.0-ബിൽ പേയ്മെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള ബിൽ രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ എന്നിവ തയ്യാറാക്കി നഗരസഭ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 2023-24 സാമ്പത്തിക വർഷം അമൃത് 2.0 പദ്ധതിയുടെ ഭാഗമായി പിറവം നഗരസഭയിൽ നടപ്പാക്കുന്ന വാട്ടർ കണക്ഷൻ, വാട്ടർ ബോഡി റിജുവനേഷൻ പദ്ധതികളുടെ ഭാഗമായി എത്ര രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്, ജലവിതരണം, മലിനജല സംസ്കരണം, ജലസ്രോതസ്സുകളുടെ നവീകരണം എന്നിവ ലക്ഷ്യം വച്ച് വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ, സംസ്ഥാന, തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായി വാട്ടർ കണക്ഷൻ, വാട്ടർ ബോഡി റിജുവനേഷൻ പദ്ധതിക്കായി 2023-24 വർഷത്തിൽ തുക ചെലവായതിന്റെ വിവരങ്ങൾ, എത്ര ഗുണഭോക്താക്കളെ വാട്ടർ കണക്ഷൻ, വാട്ടർ ബോഡി റിജുവനേഷൻ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്, അംഗീകരിച്ച ഡിപിആർ പ്രകാരം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പ്രതിഗാർഹിക ഗുണഭോക്തൃ ചെലവ് എത്രയാണെന്ന വിവരം, നഗരസഭ അമൃത് മിഷന് ഏതെല്ലാം പദ്ധതികളാണ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതെന്നും അതിൽ അംഗീകരിക്കപ്പെട്ടവ/ആരംഭിച്ചവ /പൂർത്തീകരിക്കപ്പെട്ടവ എന്നിവ സംബന്ധിച്ച വിവരങ്ങളും, ULB വിഹിതമായി അമൃത് മിഷനിൽ തുക അടവാക്കിയതിന്റെ വിവരങ്ങൾ എന്നിവ ബോധ്യപ്പെടാൻ കഴിഞ്ഞില്ല.മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (41/06.02.25) മറുപടി ലഭ്യമാക്കിയില്ല. ബിൽ രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതും മേൽ വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-23 വനിതകൾക്കുള്ള തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനം - പരിശീലനത്തിൽ പങ്കെടുത്തവർക്ക് തൊഴിൽ ലഭിച്ചതിന്റെ വിവരം ലഭ്യമല്ല - ഇതര അപാകതകൾ

പ്രൊജക്ട് നമ്പർ	S0218/24
പേര്	നൈപുണ്യ നഗരം-2 വനിതകൾക്കുള്ള തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനം
അടങ്കൽ	358000/-(പൊതു വിഭാഗം വികസന ഫണ്ട്)
ചെലവ്	297153/-(ബിൽ നമ്പർ-368/22.3.24)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

കുടുംബശ്രീ പരിശീലന ഗ്രൂപ്പായ ഏക് സാത് എച്ച്.ആർ.ഡി.ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പിറവം നഗരസഭ കുടുംബശ്രീ ഹാളിൽ വെച്ച് 12.3.24 മുതൽ 22.3.24 വരെ കുടുംബശ്രീ അംഗങ്ങൾക്കായി നടത്തിയ ടെയ്‌ലറിംഗ്, എൽ.ഇ.ഡി.ബൾബ് നിർമ്മാണം/റിപ്പയറിംഗ്, ക്ലോത്ത് ബാഗ് നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം പരിശീലന പരിപാടിക്ക് ചെലവായ തുക 18% ജി.എസ്.ടി. ഉൾപ്പെടെ 2,97,153/-രൂപ ഏക് സാത് ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റിന്റെ 22.3.24 ലെ അപേക്ഷ പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും നൽകി. പ്രൊജക്ട്

നിർവ്വഹണം സംബന്ധിച്ച് കണ്ടെത്തിയ ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) പരിശീലനത്തിൽ പങ്കെടുത്തവരുടെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല.

2) പരിശീലനം നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.പരിശീലന സ്ഥാപനത്തെ തെരഞ്ഞെടുക്കുവാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോയെന്ന വ്യക്തമല്ല.

3) ടൈലറിംഗ്, ക്ലോത്ത് ബാഗ് പരിശീലനം 40 പേർക്ക് 10 ദിവസം നൽകിയതിന് പരിശീലന ചെലവിനത്തിൽ 18% ജി.എസ്.ടി.അടക്കം ഒരാൾക്ക് 3731.75 രൂപ നിരക്കിൽ 40 പേർക്ക് 149270/-രൂപ ഇൻവോയ്സ് നം.GST-031/22.3.24 പ്രകാരം നൽകി. പരിശീലനത്തിൽ പങ്കെടുത്ത 40 പേരുടെ പേരു വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പരിശീലനത്തിൽ പങ്കെടുത്തവരുടെയും 2 പരിശീലകരുടെയും ഓരോ ദിവസത്തെയും ഹാജർ വിവരങ്ങൾ ലഭ്യക്കിയില്ല.

4) പേപ്പർ ബാഗ് നിർമ്മിക്കുന്നതിനുള്ള പരിശീലനം 25 പേർക്ക് 5 ദിവസം നൽകിയതിന് പരിശീലന ചെലവിനത്തിൽ 18% ജി.എസ്.ടി.അടക്കം ഒരാൾക്ക് 2365.88 രൂപ നിരക്കിൽ 25 പേർക്ക് 59147/-രൂപ ഇൻവോയ്സ് നം.GST-032/22.3.24 പ്രകാരം നൽകി. പരിശീലനത്തിൽ പങ്കെടുത്ത 25 പേരുടെ പേരുവിവരങ്ങൾ ഫയലിൽ ലഭ്യമല്ല. 25 പരിശീലനാർത്ഥികളുടെയും 2 പരിശീലകരുടെയും ഓരോ ദിവസത്തെയും ഹാജർ വിവരങ്ങൾ ലഭ്യമാക്കിയില്ല.

5) എൽ.ഇ.ഡി.ബൾബ് നിർമ്മാണം & റിപ്പയറിംഗ് പരിശീലനം 20 പേർക്ക് 08 ദിവസം നൽകിയതിന് പരിശീലന ചെലവിനത്തിൽ 18% ജി.എസ്.ടി. അടക്കം ഒരാൾക്ക് 4436.8 രൂപ നിരക്കിൽ 20 പേർക്ക് 88736/-രൂപ ഇൻവോയ്സ് നം.GST-033/22.3.24 പ്രകാരം നൽകി. പരിശീലനത്തിൽ പങ്കെടുത്ത 8 പേരുടെ പേരു വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. 8 പരിശീലനാർത്ഥികളുടെയും 2 പരിശീലകരുടെയും ഓരോ ദിവസത്തെയും ഹാജർ വിവരങ്ങൾ ലഭ്യമാക്കിയില്ല.

6) 85 കുടുംബശ്രീ അംഗങ്ങളായ വനിതകൾക്കാണ് തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനം നൽകിയത്. കുടുംബശ്രീ അംഗങ്ങൾക്ക് വിവിധ തരം നൈപുണ്യ പരിശീലനത്തിനായുള്ള ഫണ്ട് സംസ്ഥാന കുംടുംബശ്രീ മിഷനിൽ നിന്നും ലഭ്യമാകുന്നതാണ് എന്നിരിക്കെ വികസനാവശ്യങ്ങൾക്കായുള്ള പദ്ധതിപ്പണം ചെലവഴിച്ച് കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

7) പദ്ധതി മാർഗരേഖ പ്രകാരം, നൈപുണ്യ വികസന പരിശീലനം വഴി തൊഴിൽ ഉറപ്പാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതിക്ക് അനുസരിച്ച് പരിശീലനച്ചെലവ് പൂർണ്ണമായോ ഭാഗികമായോ അതാത് വ്യക്തികൾ തന്നെ വഹിക്കണം. കൂടാതെ പരിശീലനാർത്ഥി ഭാഗികമായി പരിശീലനച്ചെലവ് വഹിക്കുന്ന സന്ദർഭത്തിൽ ബാക്കി തുക കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വ്യത്യസ്ത സ്കീമുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി എന്നിവയുമായുള്ള സംയോജനത്തിലൂടെ കണ്ടെത്തണം. ഇതിൽ നിന്നും വ്യത്യസ്തമായി ഇവിടെ മുഴുവൻ തുകയും തദ്ദേശ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ നിന്നുമാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

8) പദ്ധതി മാർഗരേഖ ഖണ്ഡിക 8.4.3. തൊഴിൽ പരിശീലനങ്ങൾ എന്നതിൽ പ്രാദേശികമായി തൊഴിൽ സാദ്ധ്യത ഉറപ്പുള്ള സാഹചര്യത്തിൽ വിവിധ തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട നൈപുണ്യ പരിശീലനം നൽകി തൊഴിലുമായി ബന്ധിപ്പിക്കാവുന്നതാണ്. സബ്സിഡി മാർഗരേഖ, ഖണ്ഡിക 8.5 പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾക്ക് പരിശീലന പരിപാടികൾ ഏറ്റെടുക്കാവുന്നതാണ്. ഇതനുസരിച്ച് നൈപുണ്യ പരിശീലനം ലഭിച്ച 85 വ്യക്തികൾക്ക് അവർക്ക് പരിശീലനം ലഭിച്ച മേഖലയുമായി ബന്ധപ്പെട്ട് തൊഴിൽ ലഭിച്ചതിന്റെയോ വ്യക്തികൾ സ്വയം തൊഴിൽ സംരംഭം ആരംഭിച്ചതിന്റെയോ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

9) എറണാകുളം ജില്ല പഞ്ചായത്ത് സംയുക്ത പദ്ധതിയായി ഏറ്റെടുത്തതാണ് ഈ പ്രൊജക്ട്. എന്നാൽ നൈപുണ്യ നഗരം 2 ന്റെ ഭാഗമായി ജില്ല ആസൂത്രണ സമിതി, പൊതുജനാഭിപ്രായം പ്രകാരം ചുവടെ ചേർക്കുന്ന തൊഴിൽ മേഖലകളിൽ തൊഴിൽ പരിശീലനത്തിനായുള്ള പ്രൊജക്ടുകൾ ജൻശിക്ഷ സൻസദ് മുഖേന ഏറ്റെടുക്കാനാണ് നഗരസഭ സെക്രട്ടറിമാർക്ക് നിർദേശം നൽകിയത്.

1) Patient Care Taker At Hospitals(Hospital Bystanders)

2) Maternity&infant Care Takers

3) Geriatric Day Care Takers

20 പേർക്കുള്ള പരിശീലന ചെലവായ 17900X20 = 3,58,000/-രൂപ പ്രൊജക്ടിൽ വകയിരുത്താനും നിർദേശം നൽകിയിരുന്നു. എന്നാൽ ജില്ല ആസൂത്രണ സമിതി നിർദേശത്തിനു വിരുദ്ധമായി ടെയ്‌ലറിംഗ്, എൽ.ഇ.ഡി.ബൾബ് നിർമ്മാണം, ക്ലോത്ത് ബാഗ് നിർമാണം, പേപ്പർ ബാഗ് നിർമ്മാണം എന്നിവയിലാണ് കുടുംബശ്രീയിൽ അംഗങ്ങളായ വനിതകൾക്ക് പരിശീലനം നൽകിയത്. 60,000/-രൂപയിൽ അധികം വരുന്ന തുക ചെലവഴിക്കുകയും ചെയ്തു. പരിശീലനം നൽകിയത് ജൻ ശിക്ഷ സൻസദുമല്ല ഏക് സാത് ട്രെയിനിംഗ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആണ്. ജില്ല ആസൂത്രണ സമിതി നടപ്പിലാക്കുവാൻ നിർദേശിച്ചിട്ടില്ലാത്ത പരിശീലന പരിപാടികൾ ഏറ്റെടുത്തു പദ്ധതിപ്പണം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

10)ആദായനികുതി നിയമം, വകുപ്പ് 194(j) പ്രകാരം ട്രെയിനിംഗ് ചാർജിനത്തിൽ 10% ആദായ നികുതി സ്രോതസിൽ കുറവ് ചെയ്തതിനു ശേഷം ബാക്കി തുക മാത്രമേ ട്രെയിനിംഗ് ഏജൻസിക്ക് നൽകാവൂ. ഇവിടെ ആകെ ട്രെയിനിംഗ് ചാർജായ 297153/-രൂപയുടെ 10% വരുന്ന തുകയായ 29715/- രൂപ സ്രോതസിൽ കിഴിവ് വരുത്തേണ്ടിയിരുന്നുവെങ്കിലും അപ്രകാരം ചെയ്യാതെ മുഴുവൻ തുകയും ഏജൻസിക്ക് നൽകി. ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതും സ്ഥാപനത്തിൽ നിന്നും 29715/-രൂപ ആദായ നികുതി ടി.ഡി.എസ്.ഈടാക്കി അടവാക്കേണ്ടതുമാണ്.

11) പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രൊജക്ട് മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 50/07.02.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ 297153/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-24 ജീവനക്കാർ വിവിധ ആവശ്യങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും കൈപ്പറ്റിയ മുൻകൂറുകൾ ചെലവ് രേഖകൾ നൽകി ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല

പിറവം നഗരസഭയിലെ 2018-19 മുതൽ 2024-25 വരെയുള്ള കാലയളവിലെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ തനത് ഫണ്ടിൽ നിന്നും ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് മുൻകൂറായി നൽകിയ തുകകൾ നാളിതു വരെയായും ചെലവു രേഖകൾ ഹാജരാക്കി ക്രമീകരിച്ചതായി കാണുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99 പ്രകാരം,വിവിധ ആവശ്യങ്ങൾക്ക് മുൻകൂറായി കൈപ്പറ്റുന്ന തുകകൾ 3 മാസത്തിനകം ക്രമീകരിക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം തുക 18% പലിശ സഹിതം മുൻകൂർ കൈപ്പറ്റിയവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ വിശദാംശങ്ങൾ സഹിതം ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 53/07.2.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ക്രമനമ്പർ	വൗച്ചർ നമ്പർ/തീയതി	അനുവദിച്ച തുക (₹)	തുക മുൻകൂറായി കൈപ്പറ്റിയ ജീവനക്കാരന്റെ പേരും ഉദ്യോഗപ്പേരും	മുൻകൂർ കൈപ്പറ്റിയതിന്റെ ഉദ്ദേശ്യം
1	68/19.3.20	13431/-	ശശിധരൻ പിള്ള ഓവർസിയർ ഗ്രേഡ്-II	ജീപ്പ് മെയിന്റനൻസിന്
2	39/08.10.20	50,000/-	അഞ്ജു കെ. തമ്പി, JHI Ist	CFLTC ഷിഫ്റ്റിംഗിന്
3	59/24.3.21	33795/-	ധൻരാജ് എം.എൻ.	ക്രിമറ്റോറിയം & വേസ്റ്റ് പ്ലാന്റ് മെയിന്റനൻസിന്
4	112/31.3.21	5000/-	ഉമേഷ് എൻ.എസ്. JHI IInd	ഹരിത ബൂത്ത് സജ്ജീകരിക്കുന്നതിന്
5	23/02.9.22	5000/-	ഉമേഷ് എൻ.എസ്. JHI IInd	പോലീസിൽ നിന്നുമുള്ള നിർദേശ പ്രകാരം, അജ്ഞാത മൃതദേഹം സംസ്കരിക്കുന്നതിന്
6	107/26.11.22	20,000/-	ഉമേഷ് എൻ.എസ്. JHI IInd	ആയുർവേദാശുപത്രിയിലെ മലിന ജല ടാങ്ക് വൃത്തിയാക്കുന്നതിന് നൽകിയ തുക
7	31/12.4.23	35,000/-	ഉമേഷ് എൻ.എസ്. JHI IInd	ആർദ്ര കേരളം പുരസ്കാര ചടങ്ങിൽ പങ്കെടുക്കുന്നതിന് കൗൺസിലർമാർക്ക് ചെലവായ തുക

8	76/27.4.23	13410/-	രേഷ്മ സി.ആർ., ക്ളർക്ക്	ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങുന്നതിന്
9	54/14.6.23	30,000/-	ഉമേഷ് എൻ.എസ്.,JHI IInd	ഫോഗിംഗ് മെഷീൻ, സ്പ്രേയർ എന്നിവയുടെ മെയിന്റനൻസ്
10	99/23.8.23	4740/-	മെഹബൂബ എസ്.എ, ഓവർസിയർ ഗ്രേഡ്-III	മുനിസിപ്പൽ ഓഫീസിലെ ഫാനുകളുടെ മെയിന്റനൻസിന് അനുവദിച്ച ത്
11	41/11.10.23	50000/-	സിജ്ജ കെ. HI Grade I	പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന്
12	68/21.10.23	40000/-	അനിൽകുമാർ കെ. JHI Gr. I	കേരളോത്സവം ചെലവുകൾ
13	15/04.12.23	20000/-	റജ്ജല H. JHI Gr. II	കണ്ണീറ്റുമല വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ക്ലീനിംഗ് സാമഗ്രികൾ വാങ്ങുന്നതിന്
14	14/05.03.24	20000/-	ഷാരോൺ സുധാകരൻ അസി. എൻജിനീയർ	പാഴൂർ ഇൂക്കുപാലം മെയിന്റനൻസ്
15	59/21.03.24	11000/-	സുരേഷ് കുമാർ PWO II	മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ പൈപ് ലൈൻ മെയിന്റനൻസ്
16	63/22.03.24	6000/-	ആര്യശ്രീ PWO II	സാംസ്കാരിക നിലയത്തിൽ ഇലക്ട്രിക്കൽ വർക്ക്
17	19/04.07.24	4000/-	മെറീന കെ., ഓവർസിയർ	ജി.എൽ. പി. എസ്. കുന്നംപുറം മെയിന്റനൻസ്
18	20/22.07.24	20000/-	മഞ്ജുഷ	ഹോമിയോ വെൽനെസ് സെന്റർ ഉദ്ഘാടനത്തിന്
19	21/02.08.24	8280/-	മെഹ്ബൂബ എസ്.എ., ഓവർസിയർ ഗ്രേഡ്-III	ബോർഡ് നിർമ്മിക്കുന്നതിന്
20	23/13.08.24	50000/-	സിജ്ജ കെ., HI.grade I	മരം മുറി
21	25/14.08.24	40000/-	അരുൺകുമാർ, JHI	സ്വാതന്ത്യദിനാഘോഷത്തിന്

മുൻകൂറുകൾ ക്രമീകരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

1-25 തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ പലിശ ലഭിക്കുന്നില്ല

വാർഷിക ധനകാര്യ പത്രിക ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-8 ഷെഡ്യൂൾ കോഡ് 171100100-interest From Bank Accounts പ്രകാരം 3256/- രൂപ മാത്രമാണ് 2023-24 വർഷം തനത് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പലിശ ഇനത്തിൽ ലഭിച്ചിട്ടുള്ളത്. ഹെഡ് കോഡ് 450230100 പ്രകാരമുള്ളതും നഗരസഭ തനത് ഫണ്ട് വരവ് ചെലവുകൾ നടത്തുന്നതുമായ കേരള ബാങ്കിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ-144712804000012 ന്റെ 2023-24 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ടി അക്കൗണ്ടിൽ സേവിംഗ്സ് ബാങ്ക് പലിശയിനത്തിൽ തുകയൊന്നും ക്രെഡിറ്റ് ആയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.3.24 ൽ 27,41,946/- രൂപ ടി ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ട്. ടി അക്കൗണ്ടിൽ നാളിതു വരെയായും അർഹതപ്പെട്ട പലിശ ലഭിക്കാതിരുന്നത് നഗരസഭയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ മുൻകാലങ്ങളിൽ ഉൾപ്പെടെയുള്ള പലിശ ലഭിക്കുന്നതിന് നഗരസഭ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 47/07.02.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുള്ളതിനാൽ, ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-26 എൻ.പി.എസ്. വിഹിതം ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിൽ സമയബന്ധിതമായി അടവാക്കാതെ നഗരസഭ ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു

2023-24 ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി-9-other Liabilities ഷെഡ്യൂളിലെ ഹെഡ് കോഡ് 350110601-employers Liability Contributory Pension പ്രകാരം 11,32,186/-രൂപയും ഹെഡ് കോഡ് 350200129-recoveries Payable-contributory Pension പ്രകാരം 11,11,549/-രൂപയും ജീവനക്കാരുടെ എൻ.പി.എസ്. വിഹിതം ഇനത്തിൽ പ്രാൺ അക്കൗണ്ടിലേക്ക് അടവാക്കാൻ അവശേഷിക്കുന്നു(രണ്ട് ഹെഡുകളിലും തുല്യ തുകയാണ് നീക്കിയിരിപ്പ് വരേണ്ടതെങ്കിലും അക്കൗണ്ടിംഗിലെ അപാകത മൂലം വ്യത്യസ്ത തുകകളാണ് വന്നിരിക്കുന്നത്). എൻ.പി.എസ്.വിഹിതം കൃത്യമായി പ്രാൺ അക്കൗണ്ടിലേക്ക് അടവാക്കാതിരിക്കുന്നത് മുൻകാലങ്ങളിൽ നഗരസഭയിൽ ജോലി ചെയ്തവർ ഉൾപ്പെടെ

വലിയൊരു വിഭാഗം ഉദ്യോഗസ്ഥർക്ക് ഭാവിയിൽ ലഭിക്കേണ്ട എൻ.പി.എസ്. ലാഭവിഹിതത്തിൽ കുറവ് സംഭവിക്കുവാൻ കാരണമാകുന്നു. 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും എൻ.പി.എസ്.വിഹിതം ഇനത്തിൽ അടവാക്കേണ്ട കുടിശിക തുക പ്രാൺ അക്കൗണ്ടിലേക്ക് അടവാക്കാൻ നഗരസഭ തയ്യാറായിട്ടില്ല.

ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിലേക്ക് എൻ.പി.എസ്.വിഹിതം ക്രെഡിറ്റ് ചെയ്യുന്നതിന് നേരിടുന്ന കാലതാമസം പ്രാൺ അക്കൗണ്ടിൽ സമാഹരിക്കപ്പെടുന്ന തുകയെയും തത്ഫലമായി ജീവനക്കാരന് ലഭിക്കേണ്ട പെൻഷൻ തുകയെയും പ്രതികൂലമായി ബാധിക്കുന്നതാണ് എന്നതിനാൽ ശമ്പള മാസത്തിന്റെ ആദ്യ 7 ദിവസത്തിനുള്ളിൽ ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിലേക്ക് എൻ.പി.എസ്.വിഹിതം ക്രെഡിറ്റ് ചെയ്യേണ്ടതാണെന്ന് ധനകാര്യ(എൻ.പി.എസ് സെൽ) വകുപ്പിന്റെ 03.03.22 ലെ 15/2022/ധന സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. സമയബന്ധിതമായി എൻ.പി.എസ്.വിഹിതം പ്രാൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാതിരിക്കുന്നതു മൂലം ഭാവിയിൽ ജീവനക്കാർക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതാണെന്നും ടി സർക്കുലറിൽ പരാമർശിച്ചിട്ടുണ്ട്.

കുടിശിക എൻ.പി.എസ്.വിഹിതം മുഴുവനായും അടവാക്കി വിശദാംശങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണ്. എൻ.പി.എസ്.വിഹിതം ഒരോ മാസവും സമയബന്ധിതമായി ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിലേക്ക് അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. എൻ.പി.എസ്.വിഹിതം സമയബന്ധിതമായി ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണെന്ന സർക്കാർ നിർദേശം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ46/07.02.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1-27 പാലിയേറ്റീവ് കെയറിനായി ഹെൽത്ത് ഗ്രാന്റ് ചെലവഴിച്ചത്- ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല-മറ്റ് അപാകതകൾ

പ്രൊജക്ട് നമ്പർ	S0234/24
പേര്	സാന്ത്വന പരിചരണം പാലിയേറ്റീവ് കെയർ കേന്ദ്ര ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വിഹിതം
അടങ്കൽ	24,00,000/-(ഹെൽത്ത് ഗ്രാന്റ്)
ചെലവ്	18,62,348/-
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

പിറവം നഗരസഭയ്ക്ക് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഹെൽത്ത് ഗ്രാന്റ് 24,00,000/-രൂപയിൽ 18,62,348/-രൂപ, ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം നഗരസഭയുടെ ഹെൽത്ത് ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ നിന്നും താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെയും നഗരസഭ ചെയർപേഴ്സന്റെയും പേരിൽ ഫെഡറൽ ബാങ്ക് പിറവം ശാഖയിൽ 25.8.23 ൽ ആരംഭിച്ച 10600200029564 നമ്പർ കറന്റ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ബിൽ നമ്പർ/ തീയതി	തുക (₹)
103/26.9.23	8,26,060/-
206/31.01.24	8,00,000/-
108/06.10.23	1,77,038/-
117/25.10.23	59,250/-
ആകെ	**18,62,348/-**

കേന്ദ്ര ധനകാര്യ കമ്മീഷൻ അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റ് വിഹിതം PFMS മുഖേന End Beneficiary യുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യണമെന്നിരിക്കെ അപ്രകാരം ചെയ്യാതെ മറ്റൊരു സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ബൾക്ക് ട്രാൻസ്ഫർ ചെയ്തത് അനുവദനീയമല്ല. സർക്കാർ നിർദേശ പ്രകാരമല്ലാതെ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ബാങ്ക് അക്കൗണ്ട് തുടങ്ങുന്നത് അനുവദനീയമല്ലെന്നിരിക്കെ ഫെഡറൽ ബാങ്കിൽ ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുന്നതിനായി പ്രത്യേകം ബാങ്ക് അക്കൗണ്ട് തുടങ്ങുകയാണ് ചെയ്തത്. ഹെൽത്ത് ഗ്രാന്റ് അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവിൽ പാലിയേറ്റീവ് കെയറിനായി ബാങ്ക് അക്കൗണ്ട് പ്രത്യേകം ആരംഭിക്കാൻ നിർദേശിച്ചിട്ടില്ല. പ്രത്യേകം ബാങ്ക്

അക്കൗണ്ട് തുടങ്ങി ഹെൽത്ത് ഗ്രാന്റ് കൈമാറിയതിന് നഗരസഭ സെക്രട്ടറി വിശദീകരണം ലഭ്യമാക്കിയില്ല.

ഹെൽത്ത് ഗ്രാന്റ് ചെലവഴിച്ചതിന്റെ രേഖകൾ താലൂക്ക് ആശുപത്രി അധികാരികൾ ഓഡിറ്റിൽ ഹാജരാക്കിയത് പരിശോധിച്ചതിൽ ചെലവു രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ഫെഡറൽ ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്ക് ഹാജരാക്കുന്നതിനു പകരം പാസ്ബുക്കിന്റെ ഫോട്ടോസ്റ്റാറ്റ് ആണ് ഹാജരാക്കിയത്. ഫോട്ടോസ്റ്റാറ്റ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നത് ശരിയായ നടപടിയല്ല. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കുന്ന ചെക്ക് നമ്പരുകൾ പ്രകാരം ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ രേഖകൾ മാത്രമേ ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളൂ.

ചെക്ക് നമ്പർ/തീയതി	തുക(₹)
10123615/25.9.23	1,77,038/-
10123616/27.10.23	1,69,256/-
10123617/30.10.23	59,250/-
10123618/02.11.23	67,281/-
10123619/04.12.23	58,510/-
10123620/04.12.23	2,64,851/-
10123621/04.01.24	79,542/-
10123622/15.01.24	1,11,985/-
10123625/04.3.24	76,331/-
10123627/25.3.24	8,253/-
10123628/30.3.24	5,41,763/-
ആകെ	16,14,060/-

മേൽ സൂചിപ്പിച്ച ചെലവ് രേഖകൾക്ക് പുറമേ 75000/-രൂപയുടെ ഏതാനും വൗച്ചറുകൾ കൂടി ഹാജരാക്കിയെങ്കിലും തുക മാറിയ ചെക്ക് നമ്പരും തീയതിയും വ്യക്തമല്ല.

ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ചെക്കുകൾ മുഖേനയും തുക ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ചതായി കാണപ്പെട്ടു. എന്നാൽ ചെലവിനാധാരമായ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

ചെക്ക് നമ്പർ/തീയതി	തുക
10123611/19.9.23	25100/-
10123612/18.9.23	11040/-
10123613/20.9.23	6000/-
10123614/16.9.23	14400/-
ആകെ	56540/-

10123623, 10123624, 10123626 നമ്പർ ചെക്കുകൾ ഉപയോഗിച്ച് തുക പിൻവലിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2023-24 വർഷം ഫെഡറൽ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയ 18,62,348/-രൂപ ടി സാമ്പത്തിക വർഷം തന്നെ പൂർണ്ണമായും ചെലവഴിക്കേണ്ടതാണ്. സുലേഖ ചെലവ് പത്രികയിൽ 18,62,348/-രൂപയും ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31.3.24 ൽ 1,16,748/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ടി തുക പിന്നീട് ചെലവഴിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്. 24,00,000/-രൂപയിൽ താലൂക്ക് ആശുപത്രിക്ക് കൈമാറാൻ അവശേഷിച്ചിരുന്ന തുകയായ 5,37,652/-രൂപ എപ്രകാരമാണ് ചെലവഴിച്ചതെന്ന് അറിയിക്കേണ്ടതാണ്.

വൗച്ചറുകൾ ഹാജരാക്കിയതല്ലാതെ മരുന്നുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ, പ്രൈമറി, സെക്കണ്ടറി പാലിയേറ്റീവ് ഹോം കെയർ രജിസ്റ്റർ, പാലിയേറ്റീവ് ആംബുലൻസിന്റെ ലോഗ്ബുക്ക്, പാലിയേറ്റീവ് ടീമിന് റിഫ്രഷ്മെന്റിന് അനുവദിച്ച തുകകൾ ചെലവഴിച്ചതിന് ആധാരമായ ബില്ലുകൾ തുടങ്ങിയ രേഖകളൊന്നും ഓഡിറ്റിൽ ഹാജരാക്കിയില്ല.

ഖണ്ഡികയിൽ നിർദേശിച്ചതു പ്രകാരം, അവശേഷിക്കുന്ന ചെലവ് രേഖകളും 10123623, 10123624, 10123626 നമ്പർ ചെക്കുകളുടെ വിശദാംശങ്ങളും ഹാജരാക്കേണ്ടതാണ്. മേലിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ളതും ഹെൽത്ത് ഗ്രാന്റ് വകയിരുത്തിയിട്ടുള്ളതുമായ പ്രൊജക്ടുകൾ പ്രകാരമുള്ള

ചെലവുകൾ സെക്രട്ടറി നേരിട്ട് നടത്തേണ്ടതാണ്. യാതൊരു കാരണവശാലും മറ്റൊരു ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്ത് തുക പൂർണ്ണമായും ചെലവഴിച്ചതായി കണക്കുകളിൽ കാണിക്കരുതെന്നും നിർദേശിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ48/07.2.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1-28 കമ്പ്യൂട്ടറുകൾ വാങ്ങിയത് - സ്രോതസിൽ നിന്നും ജി.എസ്.ടി.കുറവു ചെയ്യാതെ മുഴുവൻ തുകയും നൽകി

CGST/SGST Act 2017 ലെ സെക്ഷൻ 51(1) പ്രകാരം നികുതി ബാധകമായ ചരക്ക്/സേവനം സ്വീകരിക്കുമ്പോൾ ദാതാവിന് പണം പൂർണ്ണമായോ ഭാഗികമായോ നൽകുന്ന സമയത്ത് ഇൻവോയ്സ് തുക ജി.എസ്.ടി. ഉൾപ്പെടാതെ 2.5 ലക്ഷം രൂപയിൽ അധികരിച്ചാൽ അന്തർ സംസ്ഥാന സപ്ലൈ ആണെങ്കിൽ ജി.എസ്.ടി.ഉൾപ്പെടാത്ത തുകയുടെ 2% തുക IGST ഇനത്തിലും സംസ്ഥാനത്തിനുള്ളിൽ തന്നെ നടന്ന സപ്ളൈ ആണെങ്കിൽ 1% CGST ആയും 1% SGST ആയും ടി.ഡി.എസ്. ഇനത്തിൽ കിഴിവ് നടത്തേണ്ടതാണ്. ജി.എസ്.ടി. ഉൾപ്പെടാതെ 2.5 ലക്ഷം രൂപയിൽ അധികരിച്ച ചുവടെ ചേർക്കുന്ന വാങ്ങലിൽ 2% GST സ്രോതസിൽ കുറവു ചെയ്യാതെയാണ് പിറവം നഗരസഭ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തുക നൽകിയത്.

പ്രൊജക്ട് നമ്പർ/പേര് /നിർവ്വഹണോദ്യോഗസ്ഥൻ	തുക കൈപ്പറ്റിയ സ്ഥാപനത്തിന്റെ പേര്	തുക നൽകിയതിന്റെ ഉദ്ദേശ്യം	ഇൻവോയ്സ് നമ്പരും തീയതിയും ജി.എസ്.ടി. ഉൾപ്പെടെ നൽകിയ ആകെ തുകയും	ജി.എസ്. ടി. ഉൾപ്പെടാതെയുള്ള ആകെ തുക (₹)	2% നിരക്കിൽ സ്രോതസിൽ നിന്നും കിഴിവ് ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി. (₹)
S0117/24 /നഗരസഭ ഓഫീസിലേക്കും ലൈബ്രറിയിലേക്കും കമ്പ്യൂട്ടർ,ലാപ് ടോപ്പ് വാങ്ങുന്ന പദ്ധതി/ സെക്രട്ടറി	സെർവൈറ്റ് സിസ്റ്റെംസ്, കടവന്ത്ര	8 ഡെസ്ക് ടോപ്പ് കംപ്യൂട്ടറുകൾ GeM മുഖേന വാങ്ങിയത്	23-24/SS /532/20.12.23 4,99,996/-	4,23,726/-	8475/-

സ്രോതസിൽ നിന്നും ജി.എസ്.ടി.കുറവു ചെയ്യാതെ മുഴവൻ തുകയും സ്ഥാപനത്തിന് നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 34/04.02.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി.ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു.

1-29 ഗാർഹിക ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിച്ചത്-പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ-നഗരസഭയ്ക്ക് 16,71,768/-രൂപയുടെ ബാദ്ധ്യത

പ്രൊജക്ട് നമ്പർ	S0108/24(സ്പിൽ ഓവർ)
പേര്	ഗാർഹിക മാലിന്യസംസ്കരണ ബയോഗ്യാസ് പ്ലാന്റ്
അടങ്കൽ	1249332/-(സി.എഫ്.സി.ഗ്രാന്റ്) 1048600/-(കേന്ദ്രാവിഷ്കൃത ഫണ്ട്) 698068/-(സംസ്ഥാനാവിഷ്കൃത ഫണ്ട്) 29,96,000/-
ചെലവ്	12,49,332/-(സി.എഫ്.സി.ഗ്രാന്റ്-ടൈഡ്) (ബിൽ നമ്പർ-150/06.12.23)
നിർവ്വഹണോദ്യോഗസ്ഥൻ	ഹെൽത്ത് സൂപ്പർവൈസർ

പിറവം നഗരസഭ പരിധിയിലുള്ള വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് നൽകുന്നതിനായി 2022-23 വർഷം 29,96,000/-രൂപ അടങ്കൽ നിശ്ചയിച്ചു കൊണ്ട് വിഭാവനം ചെയ്തതാണ് മേൽ നമ്പർ പ്രൊജക്ട്. അക്രഡിറ്റഡ് ഏജൻസിയായ ആലുവയിലുള്ള സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനാണ് ബയോഗ്യാസുകൾ സപ്ലൈ ചെയ്തത്. 1 M^3 Biogas Plant With Water Jacket 87 എണ്ണം ഒരെണ്ണത്തിന് 14980/-രൂപ നിരക്കിൽ 1303260/-രൂപയ്ക്ക് നൽകിയതിന്റെ SEUF/EKM/INV/23-24/103,Dtd.12.6.23 നമ്പർ ഇൻവോയ്സ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരെണ്ണത്തിന് 14980/- രൂപ നിരക്കിൽ 108 എണ്ണം ബയോഗ്യാസ് പ്ളാന്റിന്റെ വില 16,17,840/-രൂപ രേഖപ്പെടുത്തിയ SEUF/EKM/INV/23-24/101, Dtd.04.8.23 നമ്പർ പ്രൊഫോർമ ഇൻവോയ്സും

ഫയലിൽ ഉണ്ട്. ഈ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ആണ് 1249332/- രൂപ സ്ഥാപനത്തിന് നൽകിയത്. ഇൻവോയ്സുകൾ പ്രകാരം ആകെ 195 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപനം സപ്ലൈ ചെയ്തിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ് കൈപ്പറ്റിയതായി സൂചിപ്പിച്ചു കൊണ്ട് 195 പേരുടെ പേരും ഫോൺ നമ്പരും എഴുതിയ ഒരു രജിസ്റ്ററും 195 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റുകൾ നിർവ്വഹണ ഏജൻസിയും ഹാജരാക്കിയിട്ടുണ്ട്. പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗാർഹികതല ഖരമാലിന്യ സംസ്കരണ യൂണിറ്റുകളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചു കൊണ്ടുള്ള പട്ടിക സബ്സിഡി മാർഗരേഖയിൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. ശുചിത്വ മിഷന്റെ 2869/C2/2016/SM, തീയതി 16.9.22 നമ്പർ നടപടി ക്രമം പ്രകാരം ടി യൂണിറ്റ് കോസ്റ്റ് പരിഷ്കരിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് 1 M^3 കപ്പാസിറ്റിയുള്ളതും വാട്ടർ ജാക്കറ്റോടു കൂടിയതുമായ 2 തരം പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റിന്റെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുണ്ട്. വ്യത്യസ്ത മെറ്റീരിയലുകൾ കൊണ്ട് നിർമ്മിച്ച ഇവയുടെ യൂണിറ്റ് കോസ്റ്റും വ്യത്യസ്തമാണ്. എന്നാൽ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ ഹാജരാക്കിയ ഇൻവോയ്സുകളിൽ ഏതിനം യൂണിറ്റാണ് സപ്ലൈ ചെയ്തതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

2)വാങ്ങാൻ ഉദ്ദേശിക്കുന്ന യൂണിറ്റിന്റെ യൂണിറ്റ് കോസ്റ്റും വകയിരുത്തേണ്ട വിവിധ ഫണ്ടുകളുടെ അനുപാതവും യൂണിറ്റിന്റെ സ്പെസിഫിക്കേഷനും നിശ്ചയിച്ചു കൊണ്ട് ശുചിത്വ മിഷൻ നൽകുന്ന സാങ്കേതിക അനുമതിയുടെ അടിസ്ഥാനത്തിലാണ് ടെണ്ടർ ക്ഷണിക്കേണ്ടത്. ശുചിത്വ മിഷനിൽ നിന്നും ഇപ്രകാരം സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല. 1 M^3 കപ്പാസിറ്റിയുള്ളതും വാട്ടർ ജാക്കറ്റോടു കൂടിയതുമായ വ്യത്യസ്ത യൂണിറ്റ് കോസ്റ്റുള്ള 2 തരം പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സബ്സിഡി മാർഗരേഖയിൽ പരാമർശിച്ചിട്ടുള്ളതിനാൽ ഇവയിൽ നഗരസഭ വാങ്ങാൻ ഉദ്ദേശിക്കുന്നത് ഏതാണെന്ന് ശുചിത്വ മിഷനെ അറിയിച്ച് സാങ്കേതിക അനുമതി വാങ്ങി ടെണ്ടർ ക്ഷണിക്കാതിരുന്നതിനാൽ ഏജൻസി സപ്ലൈ ചെയ്ത പ്ലാന്റുകൾ ഏതിനം ആണെന്ന് അറിയുവാൻ സാധിക്കുകയില്ല. സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ ഹാജരാക്കിയ ഇൻവോയ്സുകളിലും സപ്ളൈ ചെയ്ത ബയോഗ്യാസ് പ്ലാന്റിന്റെ സ്പെസിഫിക്കേഷനുകൾ രേഖപ്പെടുത്താത്തതിനാൽ അവയുടെ യഥാർത്ഥ മൂല്യം നിർണ്ണയിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. 5 ലക്ഷത്തിലധികം അടങ്കൽ വരുന്ന പ്രവൃത്തികൾക്ക് ഇ-ടെണ്ടർ ക്ഷണിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ടെണ്ടർ സമർപ്പിച്ച 2 ഏജൻസികളിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനമാണ് സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ.

3)സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ., തീയതി 28.5.22 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക6.8(എ)-ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രകാരം ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി നിരക്ക് ചുവടെ ചേർക്കുന്നതു പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

	തദ്ദേശ സ്ഥാപന വിഹിതം	ശുചിത്വ മിഷൻ വിഹിതം	ഗുണഭോക്തൃ വിഹിതം
ഓപ്ഷൻ-1	60% പരമാവധി 6480/-രൂപ	30% പരമാവധി 3240/- രൂപ	ബാക്കി തുക
ഓപ്ഷൻ-2	90% പരമാവധി 9720/-രൂപ	NIL	ബാക്കി തുക

ഇതനുസരിച്ച് ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ നൽകുന്ന പ്രൊജക്ടുകളിൽ നിർബന്ധമായും ഗുണഭോക്തൃ വിഹിതം വകയിരുത്തേണ്ടതാണ്. എന്നാൽ പ്രൊജക്ടിൽ ഗുണഭോക്തൃ വിഹിതം വകയിരുത്താതെയും ഗുണഭോക്താക്കളിൽ നിന്നും തുകയൊന്നും ഈടാക്കാതെയും സൗജന്യമായി ബയോഗ്യാസ് പ്ലാന്റ് നൽകുകയാണ് നഗരസഭ ചെയ്തത്. സോഷ്യോ ഇക്കണോമിക്ക് ഫൗണ്ടേഷൻ സപ്ളൈ ചെയ്ത ബയോഗ്യാസ് പ്ലാന്റ് ഒരെണ്ണത്തിന്റെ വില 12% ജി.എസ്.ടി.അടക്കം 14980/-രൂപയാണ്. മേൽ പട്ടികയിലെ ഓപ്ഷൻ 1 പ്രകാരം 14980/-രൂപയുടെ 60% തുക 8988/-വരുമെങ്കിലും പരമാവധി 6480/-രൂപ മാത്രമേ നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. 14980/-രൂപയുടെ 30% വരുന്ന തുക 4494/-ആണെങ്കിലും പരമാവധി 3240/-രൂപ മാത്രമേ ശുചിത്വ മിഷന് വിഹിതമായി ഒരു ബയോഗ്യാസ് പ്ലാന്റിന് അനുവദിക്കാൻ സാധിക്കുകയുള്ളൂ. പരമാവധി അനുവദിക്കാവുന്ന നഗരസഭാ വിഹിതവും ശുചിത്വ മിഷൻ വിഹിതവും ചേർന്നുള്ള തുകയായ 9720/-(6480+3240) രൂപ കിഴിച്ച് ബാക്കി 5260/-രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഗുണഭോക്താവ് നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതുണ്ട്. ആകെ ഗുണഭോക്തൃ വിഹിതം

ലഭിക്കേണ്ടത് 5260X195=10,25,700/-. ഓപ്ഷൻ 1, ഓപ്ഷൻ 2 ഇവയിൽ ഏത് രീതി വാങ്ങലിന് സ്വീകരിച്ചാലും ഗുണഭോക്താവ് അടവാക്കേണ്ട ഗുണഭോക്തൃ വിഹിതത്തിന്റെ നിരക്കിൽ മാറ്റമൊന്നുമില്ല. ഒരു ഗുണഭോക്താവിൽ നിന്നും 5260/-രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതം ഈടാക്കി മാത്രമേ ബയോഗ്യാസ് പ്ലാന്റ് നൽകാവൂ എന്നിരിക്കെ അപ്രകാരം ചെയ്തിട്ടില്ല.

4)ഗുണഭോക്താക്കൾക്ക് നൽകിയ 195 ബയോഗ്യാസ് പ്ലാന്റുകൾക്ക് നൽകാവുന്ന നഗരസഭ വിഹിതം ഓപ്ഷൻ 1 പ്രകാരം 6480X195=12, 63,600/-രൂപയാണ്. ഇതിൽ 1249332/-രൂപ 2023-24 വർഷം നഗരസഭ സി.എഫ്.സി. ഗ്രാന്റിൽ നിന്നും പ്രൊജക്ട് പ്രകാരം സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷന് നൽകിയിട്ടുണ്ട്. നഗരസഭ വിഹിതം ഇനത്തിൽ ബാക്കി നൽകാനുള്ള തുകയായ 14268/-രൂപ 2024-25 വർഷം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കിയില്ല. 195 ബയോഗ്യാസ് പ്ലാന്റുകൾക്കുള്ള ശുചിത്വ മിഷൻ വിഹിതമായ 3240X195=6,31,800/-രൂപ ലഭ്യമായിട്ടില്ല. ശുചിത്വ മിഷനിൽ നിന്നും പ്രൊജക്ടിന് സാങ്കേതികാനുമതി വാങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ ശുചിത്വ മിഷൻ വിഹിതം ലഭ്യമാകാൻ സാദ്ധ്യതയില്ല.

5)പ്രൊജക്ടിൽ കേന്ദ്രാവിഷ്കൃത ഫണ്ടും സംസ്ഥാനാവിഷ്കൃത ഫണ്ടും വകയിരുത്തിയിട്ടുണ്ട്. ശുചിത്വ മിഷൻ ഫണ്ട് സംസ്ഥാനാവിഷ്കൃത ഫണ്ടിൽ ഉൾപ്പെടുന്നതാണ്. കേന്ദ്രാവിഷ്കൃത ഫണ്ട് ഏതാണെന്നും സബ്സിഡി മാർഗരേഖയിൽ ഉൾപ്പെടുത്താത്ത കേന്ദ്രാവിഷ്കൃത വിഹിതം എങ്ങനെയാണ് പ്രൊജക്ടിൽ വകയിരുത്തിയതെന്നും ഏത് ഏജൻസിയാണ് തുക അനുവദിക്കാൻ സന്നദ്ധമായി വന്നിട്ടുള്ളതെന്നും ഇത് സംബന്ധിച്ച് നടത്തിയ കത്തിടപാടുകളുടെ വിവരങ്ങളും അറിയിക്കുവാൻ ഇക്കാര്യം സംബന്ധിച്ച് നൽകിയ 33/04.02.25 നമ്പർ ഓഡിറ്റ് എൻക്വയറിയിൽ നിർദേശിച്ചിരുന്നു. ആയതിന് മറുപടി ലഭ്യമാക്കി. നഗരസഭയിൽ തയ്യാറാക്കിയ ഖരമാലിന്യ സംസ്കരണ ഡി.പി.ആർ.പ്രകാരമാണ് പ്രൊജക്ട് തയ്യാറാക്കിയതെന്നും ഡി.പി.ആറിൽ ഗുണഭോക്തൃ വിഹിതം ഇല്ലാതെ സംസ്ഥാന, കേന്ദ്ര, തദ്ദേശ സ്ഥാപന വിഹിതം മാത്രമാണ് ഫണ്ടിന്റെ ഉറവിടമായി കാണിച്ചതെന്നും ഡി.പി.ആർ ശുചിത്വ മിഷനിൽ സമർപ്പിച്ചപ്പോൾ ഇക്കാര്യം രേഖപ്പെടുത്തിയിരുന്നതായും എന്നാൽ പ്രൊജക്ട് നിർവ്വഹണത്തിന് ശേഷം സംസ്ഥാന, കേന്ദ്ര വിഹിതത്തിനായി ശുചിത്വ മിഷന് കത്ത് നൽകിയപ്പോൾ പിറവം നഗരസഭയുടെ ഡി.പി.ആറിന് കേന്ദ്ര സർക്കാർ അംഗീകാരം ലഭിക്കാത്തതിനാൽ സംസ്ഥാന, കേന്ദ്ര വിഹിതം നൽകാൻ സാധിക്കില്ലെന്ന് ശുചിത്വ മിഷൻ അറിയിച്ചതായും ആണ് നഗരസഭ മറുപടി ലഭ്യമാക്കിയത്. ഡി.പി.ആറിന് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചാലേ കേന്ദ്ര, സംസ്ഥാന വിഹിതം ലഭ്യമാകൂ എന്നിരിക്കെ അംഗീകാരം ലഭിക്കുന്നതിനു മുൻപു തന്നെ ഗുണഭോക്തൃ വിഹിതം ഒഴിവാക്കി കേന്ദ്ര സംസ്ഥാന നഗരസഭ വിഹിതം ഉൾപ്പെടുത്തി പ്രൊജക്ട് തയ്യാറാക്കി വാങ്ങൽ നടത്തിയത് നഗരസഭയുടെ ഭാഗത്തു നിന്നുമുള്ള വീഴ്ച്ചയാണ്. അംഗീകാരത്തിനായി സമർപ്പിച്ച ഡി.പി.ആർ, വിഷയം സംബന്ധിച്ച് ശുചിത്വ മിഷനുമായി നടത്തിയ കത്തിടപാടുകൾ എന്നിവയൊന്നും ഹാജരാക്കിയില്ല. ഏതു വർഷം ആണ് ഡി.പി.ആർ സമർപ്പിച്ചതെന്നും വ്യക്തമല്ല. ആയതിനാൽ ഈ വിഷയത്തിന്റെ ആധികാരികത ഉറപ്പു വരുത്താൻ സാധിച്ചില്ല.

6) 195 ബയോഗ്യാസ് പ്ലാന്റുകൾക്ക് 29,21,100/-രൂപയാണ് സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷന് നൽകേണ്ടത്. ഇതിൽ നഗരസഭ വിഹിതമായി 1249332/-രൂപ മാത്രമേ നൽകിയിട്ടുള്ളൂ. 16,71,768/-രൂപ സ്ഥാപനത്തിന് നൽകാൻ അവശേഷിക്കുന്നു. തുക ആവശ്യപ്പെട്ടു കൊണ്ട് സോഷ്യോ ഇക്കണോമിക്ക് ഫൗണ്ടേഷൻ നഗരസഭയുമായി നടത്തിയ കത്തിടപാടുകൾ ഒന്നും തന്നെ ഫയലിൽ ഇല്ല. ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്താതെ വാങ്ങൽ നടത്തിയതുമൂലം 16,71,768/-രൂപ നഗരസഭയ്ക്ക് ബാദ്ധ്യത വന്നിരിക്കുകയാണ്. പദ്ധതി വിഹിതം, തനത് ഫണ്ട് എന്നിവയിൽ നിന്നും ഭാവിയിൽ നഗരസഭ ടി തുക നൽകുന്നതിന് സാധ്യത നിലനിൽക്കുന്നതിനാൽ സർക്കാരുമായി ഈ വിഷയം സംബന്ധിച്ച് കത്തിടപാടുകൾ നടത്തി സർക്കാർ നിർദേശ പ്രകാരം മാത്രം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

7) ഗാർഹികാവശ്യങ്ങൾക്കായാണ് ബയോഗ്യാസ് പ്ലാന്റ് നൽകേണ്ടത് എന്നിരിക്കെ പോലീസ് സ്റ്റേഷൻ, സ്കൂളുകൾ, ലൈറ്റ് ആന്റ് സൗണ്ട് സ്ഥാപനം, ഫയർ സ്റ്റേഷൻ എന്നിവിടങ്ങളിൽ പ്ലാന്റ് നൽകിയിട്ടുണ്ട്. സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ ആണ് പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. ഗുണഭോക്താവ് സർട്ടിഫിക്കറ്റിൽ ഒപ്പു വെച്ചിട്ടുണ്ട്. എന്നാൽ ഫോൺ നമ്പർ ചേർത്തിട്ടില്ല. ചില സർട്ടിഫിക്കറ്റുകളിൽ ഗുണഭോക്താക്കളുടെ അഡ്രസ് പൂർണ്ണമല്ല. കൂടാതെ 195 പ്ലാന്റുകളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടോയെന്ന് നഗരസഭ ഉറപ്പാക്കിയിട്ടില്ല. വാർഡ് മെമ്പർമാർ, നഗരസഭ ഉദ്യോഗസ്ഥർ

ഇവരാരും തന്നെ പൂർത്തീകരണ സർട്ടിഫിക്കറ്റിൽ ഒപ്പു വെച്ചിട്ടില്ല. ആയതിനാൽ 195 ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്തിട്ടുണ്ടോയെന്നത് സംബന്ധിച്ച് നഗരസഭ കൃത്യമായ കണക്ക് ശേഖരിച്ച് വിശദാംശങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണ്. ഗുണഭോക്തൃ വിഹിതം ഈടാക്കിയിരുന്നെങ്കിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാമായിരുന്നു.

03.2.25ൽ ഓഡിറ്റ് ടീം പിറവം ഗവ.എച്ച്.എച്ച്.സിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതായി കണ്ടു. പ്ലാന്റിൽ നിന്നും സ്റ്റൗവിലേക്ക് ഗ്യാസ് എത്തുന്നതിനായി ഹോസ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഹോസ് മുഖേന ഗ്യാസ് ഒന്നും ലഭിക്കുന്നില്ലെന്ന് സ്കൂൾ അധികാരികൾ അറിയിച്ചു. പിറവം ഫയർ സ്റ്റേഷനിൽ നടത്തിയ പരിശോധനയിൽ സ്ഥാപിച്ചിരിക്കുന്ന പ്ലാന്റ് ഭക്ഷണാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിനായി മാത്രമാണ് ഉപയോഗിക്കുന്നതെന്നും ഹോസ് മുഖേന ലഭിക്കുന്ന ഗ്യാസ് വളരെ കുറഞ്ഞ അളവിൽ മാത്രമേ ലഭിക്കുന്നുള്ളുവെന്നും ദിവസത്തിൽ ഒരു തവണ ചായ ഉണ്ടാക്കാൻ മാത്രമേ ഇങ്ങനെ ലഭിക്കുന്ന ഗ്യാസ് ഉപയുക്തമാകുന്നുള്ളൂ എന്നും ഫയർ സ്റ്റേഷൻ അധികാരികൾ അറിയിച്ചു. വൻതുക നൽകി സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റുകൾ അവയുടെ പ്രവർത്തന ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഭക്ഷണാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിനായി ബയോബിൻ സ്ഥാപനങ്ങൾക്ക് നൽകാമെന്നിരിക്കെ അപ്രകാരം ചെയ്യാതെ ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ നൽകിയത് ശരിയായ നടപടിയല്ല. സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ നഗരസഭയുമായി വെച്ച കരാർ പ്രകാരം ബയോഗ്യാസ് പ്ലാന്റുകൾക്ക് 1 വർഷം വാറന്റി ഉണ്ട്. എന്നാൽ പാചകാവശ്യത്തിന് ഗ്യാസ് ലഭിക്കാത്ത വിഷയം സ്ഥാപനത്തെ നഗരസഭ അറിയിക്കുകയോ തകരാർ പരിഹരിക്കുകയോ ചെയ്തിട്ടില്ല. സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകളിൽ പ്രവർത്തന ക്ഷമമല്ലാത്തവ കണ്ടെത്തി ആയവയുടെ തകരാർ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-30 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - നാല് കർഷകർക്ക് തുക ലഭ്യമായില്ല

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി 12 ട്രഷറി ബില്ലുകളിലായി ₹5,00,000/- ചെലഴിച്ചിട്ടുണ്ട്. ചെലവ് വിവരങ്ങൾ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ	179/24
പ്രോജക്റ്റിന്റെ പേര്	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ
അടങ്കൽ	₹5,00,000/- (വികസന ഫണ്ട് ജനറൽ)
ചെലവ്	₹5,00,000/- (വികസന ഫണ്ട് ജനറൽ)
ബിൽ നമ്പർ/തീയതി, തുക	172/26.12.23 ₹71,816/- 173/26.12.23 ₹7,079/- 174/26.12.23 ₹76,669/- 224/06.02.24 ₹34,063/- 235/12.2.24 ₹28,980/- 236/12.2.24 ₹55,825/- 237/12.2.24 ₹12,264/- 238/12.2.24 ₹23,272/- 239/12.2.24 ₹9,629/- 187/06.01.24 ₹71,918/- 188/06.01.24 ₹61,706/- 189/06.01.24 ₹46,779/-
നിർവ്വഹണോദ്യോഗസ്ഥൻ	ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം

ഓഡിറ്റിനായി ഹാജരാക്കിയ ഫയലിൽ "ഡെലിവറി സ്റ്റാറ്റസ് റിപ്പോർട്ട്" ഇല്ലാതിരുന്നതിനാൽ ഓഡിറ്റ് എൻക്വയറി (നമ്പർ 16/31.01.25) നൽകിയതിനെത്തുടർന്ന് വെബ്സാംഖ്യ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ക്ഷീരകർഷകർക്ക് തുക ലഭ്യമാകാതെ "Return To Govt. Account " എന്ന സ്റ്റാറ്റസ് ആണ് കാണുന്നത്.

ക്രമ നം.	പേര്	Bill ID	അക്കൗണ്ട് നം.	IFSC Code	തുക
1	കെ.കെ. പൗലോസ്	23120347007901034756 &23120347007901208434	144712301001447	KSBK0001447	ഡെലിവറി സ്റ്റാറ്റസിൽ തുക ലഭ്യമല്ല.

2	കനകമ്മ ബാബു	231203470079O1034761	021241000014472	UBINODCBEDC	”
3	സിനി കെ.ആർ.	2312034700790117540З	67299225346	SBIN0070160	”
4	സൂസി വർഗ്ഗീസ്	231203470079O1175403	6079020100006449	UBIN0560791	”

അർഹതപ്പെട്ടവർക്കെല്ലാം ആനുകൂല്യം ലഭ്യമാക്കുമ്പോൾ ആണ് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നത്. ആയത് നിർവഹണോദ്യോഗസ്ഥൻ എങ്ങനെയാണ് ഉറപ്പുവരുത്തിയതെന്ന വിവരവും അപാകതയ്ക്ക് വിശദീകരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32A/04.02.25) മറുപടി ലഭ്യമാക്കിയില്ല. അർഹതപ്പെട്ടവർക്കെല്ലാം ആനുകൂല്യം ലഭ്യമാക്കുന്നുണ്ടെന്നത് ഉറപ്പുവരുത്തുന്നതിനായി പ്രൊജക്ട് ഫയലിൽ "ഡെലിവറി സ്റ്റാറ്റസ് റിപ്പോർട്ട്" ബന്ധപ്പെടുത്തിയ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തേണ്ടതാണ്. വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

1-31 വിജയഭേരി സ്കോളർഷിപ്പ് - വിദ്യാർത്ഥിക്ക് തുക ലഭിച്ചില്ല

എസ്.സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിജയഭേരി സ്കോളർഷിപ്പ് നൽകുന്നതിനായി നടപ്പിലാക്കിയ പ്രൊജക്ട് പ്രകാരം നഗരസഭയിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധിച്ചതു സംബന്ധിച്ച വിവരങ്ങൾ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ	80/24
പ്രൊജക്ടിന്റെ പേര്	എസ്.സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിജയഭേരി സ്കോളർഷിപ്പ്
നിർവ്വഹണോദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ
അടങ്കൽ	₹10,00,000/- (SCP)
ചെലവ്- ആകെ ₹9,95,000/- (SCP) ബിൽ നം. /തീ. / തുക	121/30.10.23 ₹1,35,000/- 132/06.11.23 ₹1,70,000/- 143/29.11.23 ₹1,80,000/- 178/29.12.23 ₹2,45,000/- 208/31.01.24 ₹1,20,000/- 242/15.02.24 ₹75,000/- 446/25.03.24 ₹ 70,000/-

ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുകകൾ നൽകിയതിന്റെ 'ഡെലിവറി സ്റ്റാറ്റസ് ' വിവരങ്ങളിൽ (ബിൽ നം.446/25.03.24, ₹70,000/-) ഐശ്വര്യ അശോകൻ എന്ന വിദ്യാർത്ഥിനിക്ക് "Return To Govt. Account" എന്ന സ്റ്റാറ്റസ് ആണ് കാണുന്നത്. ഡെലിവറി സ്റ്റാറ്റസിൽ ഇപ്രകാരം രേഖപ്പെടുത്തൽ കാണുന്നതിനാൽ ഗുണഭോക്താവിന് തുക ലഭ്യമായതായി കണക്കാക്കാൻ സാധിക്കുകയില്ല. ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ആധാർ	അക്കൗണ്ട് നം.	തുക	IFSC Code	സ്റ്റാറ്റസ്
1.	379039092814	67346121434	20,000/-	SBIN0070160	Return To Govt. Account

പ്രോജക്ട് നടപ്പാക്കുന്നതിൽ ലക്ഷ്യം കൈവരിക്കുന്നത് അർഹതപ്പെട്ടവർക്കെല്ലാം ആനുകൂല്യം ലഭ്യമാക്കുമ്പോൾ ആണ്. ആയത് നിർവഹണോദ്യോഗസ്ഥ എങ്ങനെയാണ് ഉറപ്പുവരുത്തിയതെന്ന വിവരം ലഭ്യമാക്കുവാൻ താല്പര്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/03.02.2025) ലഭ്യമാക്കിയ മറുപടിയിൽ, വിദ്യാർത്ഥിനിക്ക് തുക ലഭ്യമാകാതിരുന്ന വിവരം ഓഡിറ്റ് എൻക്വയറിയെത്തുടർന്നാണ് നിർവഹണ ഉദ്യോഗസ്ഥ അറിഞ്ഞത് എന്നും സർക്കാർ ഖജനാവിലേക്ക് തിരികെ പോയ തുക വിദ്യാർത്ഥിനിക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണം :- ട്രഷറിയിൽ ബിൽ പാസ്സാക്കുകയും പേര്, ഐ.എഫ്.എസ്.സി., അക്കൗണ്ട് നമ്പർ എന്നിവയിലെ തെറ്റ് കാരണം തുക ലഭിക്കാതിരിക്കുകയും ചെയ്താൽ തിരുത്തുന്നതിനുള്ള സ്ക്രീൻ സാംഖ്യ വെബിൽ ലഭ്യമാണ്. നിർവ്വഹണോദ്യോഗസ്ഥൻ, ട്രഷറി ബില്ലുകളുടെ സാംഖ്യ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ച് എല്ലാ ഗുണഭോക്താക്കൾക്കും തുക ലഭ്യമായി എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രോജക്ട്

ഫയലിൽ "ഡെലിവറി സ്റ്റാറ്റസ്" റിപ്പോർട്ട് ഉൾപ്പെടുത്തി മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം സൂക്ഷിക്കേണ്ടതാണ്. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി വിഷയം ശ്രദ്ധിക്കേണ്ടതാണ്.

1-32 എൻ.യു.എം. ഷെൽട്ടർ ഹോമിലേക്ക് ഫർണീച്ചർ, മറ്റു അടുക്കള ഉപകരണങ്ങൾ വാങ്ങിയത് - അപാകതകൾ

" എൻ.യു.എം" ഷെൽട്ടർ ഹോമിലേക്ക് ഫർണീച്ചർ, മറ്റു അടുക്കള ഉപകരണങ്ങൾ എന്നിവ വാങ്ങിയ ഇനത്തിൽ 299895/- രൂപ വൗച്ചർ നം. 67/21-12-23 പ്രകാരം ARTCO Ltd. ന് നല്കിയിട്ടുണ്ട്.

(ഫയൽ നം. H2-8202/23) ക്യാഷ് ബിൽ നം.KKD/132/,22/11/22 പ്രകാരം 55 ഇനം സാധനങ്ങൾ വാങ്ങുന്നതിന് നികുതി ഉൾപ്പെടെ 304894.97 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതുപ്രകാരം Delivery Challan No. 4632 Dated 22-11-22 പ്രകാരം 55 ഇനം സാധനങ്ങൾ സപ്ളൈ ചെയ്തതിൽ 54-ാമത്തെ ഇനമായ "PIR 43-Steel Plate Round High Quality" എന്ന ഇനം Delivery Challan -ൽ 162 എണ്ണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 23 Steel Plate മാത്രമേ ലഭിച്ചിട്ടുള്ളു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബാക്കി Steel Plate കൾ പിന്നീട് നല്കിയതായോ, അതിന്റെ വില ബില്ലിൽ നിന്നും കുറവ് ചെയ്തതായോ ഫയലിൽ ഒരുസ്ഥലത്തും രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ തന്നെ ലഭ്യമായ സാധനങ്ങൾ Quality കുറഞ്ഞതാണെന്ന് നഗരസഭയിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും ഏതെല്ലാം സാധനങ്ങൾ ആണ് ഇപ്രകാരം Quality കുറഞ്ഞതെന്ന് അറിയിച്ചാൽ അവ മാറി നല്കാമെന്ന് ARTCO Ltd. വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ക്വാളിറ്റി കുറഞ്ഞ സാധനങ്ങളുടെ വിവരങ്ങൾ ഒന്നും നഗരസഭ അറിയിച്ചിട്ടില്ല. ARTCO Ltd ന് അവരുടെ ഡിസ്കൗണ്ട് 5000/- കിഴിച്ച് 299895/- രൂപ നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ രേഖപ്പെടുത്തിയിട്ടുള്ള അപാകതകൾ കാണുന്നു.

1) ബാക്കി Steel Plate കൾ പിന്നീട് ലഭ്യമായിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. അതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

2) ലഭ്യമാകാത്ത Steel Plate കളുടെ വിലയും കൂടി നല്കിയിട്ടുണ്ട്.

3) ലഭ്യമായ സാധനങ്ങൾ Quality കുറഞ്ഞതാണെന്ന് വ്യക്തമായിട്ടും അവ മാറി നല്കാമെന്ന് ARTCO Ltd. അറിയിച്ചിട്ടും ആവശ്യമായ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല.

4) സാധനങ്ങൾ വാങ്ങുന്നതിന് മുൻപ് Quality ചെക്ക് ചെയ്യുന്നതിനായി സാംപിൾ പരിശോധന നടത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.51/07.02.2025) മറുപടി ഹാജരാക്കിയില്ല.

ബിൽ പ്രകാരം 162 എണ്ണം സ്റ്റീൽ പ്ലേറ്റുകളുടെ വില നല്കിയെങ്കിലും 23 എണ്ണം മാത്രമേ ലഭ്യമായിട്ടുള്ളൂ. ലഭ്യമാകാത്ത സ്റ്റീൽ പ്ലേറ്റുകൾ ലഭ്യമാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതും മുകളിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-33 താലൂക്ക് ആശുപത്രി- ലിഫ്റ്റിന് ലൈസൻസ്, ഇൻഷ്വറൻസ് എന്നിവ എടുക്കേണ്ടതാണ്.

താലൂക്ക് ആശുപത്രിയിൽ ലിഫ്റ്റ് എ.എം.സി. പുതുക്കലിനായി താഴെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. സ്ഥാപിച്ചിട്ടുള്ള പാസഞ്ചർ ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിന് കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ചട്ടങ്ങൾ, 2012 ലെ ചട്ടം 4 പ്രകാരം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും ലൈസൻസ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. വിശദവിവരങ്ങൾ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ	90/24
പ്രോജക്റ്റിന്റെ പേര്	ലിഫ്റ്റ് എ.എം.സി. പുതുക്കൽ
അടങ്കൽ	₹70,000/- (വികസന ഫണ്ട് ജനറൽ)
ചെലവ്	₹70,000/- (വികസന ഫണ്ട് ജനറൽ)
ബിൽ നമ്പർ/തീയതി, തുക	24/07.06.2023 ₹70,000/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പിറവം ഗവ. താലൂക്ക് ആശുപത്രി.

പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം, ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 3 മാസം മുൻപ്

ലൈസൻസ് പുതുക്കുന്നതിനായി ഫീസ് ഒടുക്കി ട്രഷറി ചലാൻ, ലിഫ്റ്റ് പാസഞ്ചേഴ്സ് ഇൻഷുറൻസ് പോളിസി എന്നിവ സഹിതം ഫോറം നമ്പർ-G യിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ അപേക്ഷ നൽകേണ്ടതാണ്. ഓഡിറ്റിനായി ഹാജരാക്കിയ ഫയലിൽ, ഇപ്രകാരം അപേക്ഷ നൽകി ലിഫ്റ്റിന്റെ ലൈസൻസ് പുതുക്കിയതിന്റെ വിശദാംശങ്ങളില്ല. ലിഫ്റ്റിൽ സഞ്ചരിക്കുന്നവരുടെ സുരക്ഷയുടെ ഭാഗമായി ഇൻഷുറൻസ് പോളിസി എടുത്തതിന്റെ രേഖകളും ഇല്ല. ആയവ എടുത്തിട്ടുണ്ടെങ്കിൽ പരിശോധനയ്ക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/30.01.2025) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ ലൈസൻസ് എടുത്തിട്ടില്ല എന്ന് അറിയിച്ചു. ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് ലൈസൻസ് എടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്. ലൈസൻസ്, ഇൻഷുറൻസ് വിവരങ്ങൾ എത്രയും വേഗം ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. വിഷയത്തിന്റെ ഗൗരവം ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്തുന്നു.

1-34 നഗരസഭ പരിധിയിലെ വനിതകൾക്ക് സൈക്കിൾ ക്ലബ്ബ് - സൈക്കിളുകൾ വാങ്ങിയെങ്കിലും പ്രൊജക്ട് ലക്ഷ്യം നേടിയില്ല - മറ്റ് അപാകതകൾ

പ്രൊജക്ട് നമ്പർ	S0288/24
പ്രൊജക്ടിന്റെ പേര്	പിറവം നഗരസഭ - വനിതകൾക്ക് ദൈനംദിന വ്യായാമം ഉറപ്പു വരുത്തുന്നതിനായി സൈക്കിൾ ക്ലബ്ബ് രൂപീകരണം സഖി എന്ന പേരിൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	150000/-(പൊതു വിഭാഗം വികസന ഫണ്ട്)
ചെലവ്	150000/-(ബിൽ നമ്പർ-471/25.3.24,തുക-136999/- ബിൽ നമ്പർ-481/26.3.24, തുക-13001/-)

പ്രൊജക്ട് പ്രകാരം, പിറവം നഗരസഭ പരിധിയിലെ വനിതകൾക്ക് ദൈനംദിന വ്യായാമം ഉറപ്പു വരുത്തുന്നതിന് സൈക്കിൾ പരിശീലനം നൽകുന്നതിനായി 13 സൈക്കിളുകളും 12 ഹെൽമെറ്റുകളും വാങ്ങി. ജെം പോർട്ടൽ മുഖേന ഡെക്കാത്‌ലൺ, വൈറ്റില എന്ന സ്ഥാപനത്തിൽ നിന്നും 1,36,999/-രൂപ ചെലവഴിച്ചാണ് സൈക്കിൾ വാങ്ങിയത്. പ്രൊജക്ടിൽ ബാക്കി വന്ന 13001/-രൂപ വനിതകൾക്ക് സൈക്കിൾ പരിശീലനം നൽകിയതായി കാണിച്ച് പ്രകാശ് പി.ഗോപിനാഥ്,നാഷണൽ പ്രൊജക്ട് കോർഡിനേറ്റർ-BYCS ഇന്ത്യ, സീനത്ത്,ഷീ സൈക്ളിംഗ് നാഷണൽ പ്രൊജക്ട് കോർഡിനേറ്റർ എന്നിവർക്ക് നൽകി.
ഡെക്കാത് ലൺ, വൈറ്റില എന്ന സ്ഥാപനത്തിന്റെ A129/15.3.24നമ്പർ ഇൻവോയ്സ് പ്രകാരം Unbranded Cycle 13 എണ്ണം ആണ് സൈക്കിൾ പരിശീലനത്തിനായി വാങ്ങിയത്. ഒരു സൈക്കിളിന് 10538.38 രൂപ നിരക്കിൽ ആണ് 13 സൈക്കിളുകൾ 136999/-രൂപയ്ക്ക് വാങ്ങിയത്. ഗുണനിലവാരം ഉറപ്പുവരുത്താതെ അൺബ്രാന്റഡ് സൈക്കിൾ വാങ്ങുകയാണ് ചെയ്തത്. അൺബ്രാന്റഡ് സൈക്കിൾ ആയതിനാൽ വാറന്റി ലഭ്യമാണോയെന്ന കാര്യത്തിലും വ്യക്തതയില്ല. പരിശീലകൻ പ്രകാശ് പി.ഗോപിനാഥ് 24 ഇഞ്ച് സൈക്കിൾ വാങ്ങാനാണ് ആവശ്യപ്പെട്ടത്. എന്നാൽ ഇൻവോയ്സിൽ സൈക്കിളിന്റെ സ്പെസിഫിക്കേഷനുകൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഏതിനം സൈക്കിൾ ആണ് വാങ്ങിയതെന്ന് വ്യക്തമാകുന്നില്ല. 12 ഹെൽമെറ്റുകൾ വാങ്ങിയതായി ഫയലിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇൻവോയ്സിൽ ഹെൽമെറ്റിന്റെ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. സൈക്കിളുകളുടെ ഫോട്ടോഗ്രാഫ് ഫയലിൽ ഇല്ല. സൈക്കിൾ ക്ലബ്ബിൽ അംഗങ്ങളാകാൻ താല്പര്യമുള്ള വനിതകളെ കണ്ടെത്തി ക്ലബ്ബ് രൂപീകരിക്കുകയും പരിശീലനത്തിനുള്ള സ്ഥലം, സമയം എന്നിവ തീരുമാനിക്കുകയും ചെയ്തതിനു ശേഷം മാത്രമാണ് ക്ലബ്ബിലെ അംഗങ്ങളുടെ എണ്ണത്തിനും പരിശീലകരുടെ എണ്ണത്തിനും അനുസരിച്ച് സൈക്കിളുകൾ വാങ്ങേണ്ടത്. എന്നാൽ അപ്രകാരം ചെയ്യാതെ ആദ്യം തന്നെ സൈക്കിളുകൾ വാങ്ങി. സഖി എന്ന സൈക്കിൾ ക്ലബ്ബ് രൂപീകരിച്ചിട്ടില്ല.

വനിതകൾക്ക് സൈക്കിൾ പരിശീലനം നൽകിയതായി കാണിച്ച് പ്രകാശ് പി.ഗോപിനാഥ്, നാഷണൽ പ്രൊജക്ട് കോർഡിനേറ്റർ-BYCS ഇന്ത്യ, സീനത്ത്,ഷീ സൈക്ളിംഗ് നാഷണൽ പ്രൊജക്ട് കോർഡിനേറ്റർ എന്നിവർക്ക് വികസന ഫണ്ടിൽ നിന്നും 13001/-രൂപ നൽകി. ലോക വ്യാപകമായി നഗരങ്ങളിൽ യാത്രയ്ക്കായി പരമാവധി സൈക്കിൾ ഉപയുക്തമാക്കി വ്യായാമത്തിലൂടെ ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുകയും ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറച്ച് പ്രകൃതിയെ സംരക്ഷിക്കുകയും ആണ് ഹോളണ്ടിലെ

ആംസ്റ്റർഡാം ആസ്ഥാനമായ BYCS എന്ന NGO യുടെ ആത്യന്തികമായ ലക്ഷ്യം. പ്രകാശ് പി.ഗോപിനാഥും സീനത്തും BYCS ഇന്ത്യ, BYCS-ഷീ സൈക്ക്ളിംഗ് എന്നിവയുടെ നാഷണൽ പ്രൊജക്ട് കോർഡിനേറ്ററും മാസ്റ്റർ ട്രെയിനറുമാണ്. 19.3.24 മുതൽ 24.3.24 വരെ 6 ദിവസം സൈക്കിൾ പരിശീലനം നടത്തിയതായി കാണിച്ച് ഒരു ദിവസം രണ്ടു പരിശീലകർക്കും കൂടി 2400/-രൂപ വീതം ആകെ 14400/-രൂപ ചെലവ് വന്നതായി കണക്കാക്കി പ്രൊജക്ടിൽ ബാക്കി വന്ന തുകയായ 13001/- രൂപയിൽ പരിമിതപ്പെടുത്തി തുക നൽകി. BYCS ന്റെ പരിശീലകനുള്ള നിരക്കാണ് ഒരു ദിവസം 1200/- രൂപ പ്രതിഫലം എന്ന് നഗരസഭ അറിയിച്ചു.

സൈക്കിൾ ക്ലബ്ബ് രൂപീകരിക്കാത്ത സാഹചര്യത്തിൽ സൈക്കിൾ പരിശീലനം എവിടെ വെച്ച് എത്ര വനിതകൾക്ക് നൽകിയതിനാണ് വികസന ഫണ്ടിൽ നിന്നും 13001/-രൂപ പരിശീലകർക്ക് നൽകിയതെന്ന് വ്യക്തമല്ല. 19.3.24 മുതൽ 24.3.24 വരെ ഓരോ ദിവസവും സൈക്കിൾ പരിശീലനത്തിൽ പങ്കെടുത്ത വനിതകളുടെ പേര്, വാർഡ് നമ്പർ, ഫോൺ നമ്പർ എന്നീ വിവരങ്ങളും ഓരോ ദിവസത്തെയും ഹാജർ വിവരങ്ങളും പ്രൊജക്ടിന്റെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റും ഹാജരാക്കിയില്ല. പരിശീലകർ ഈ ദിവസങ്ങളിൽ എവിടെ വെച്ച് എത്ര സമയം പരിശീലനം നൽകി എന്ന വിവരവും പരിശീലകരുടെ ഹാജർ രേഖപ്പെടുത്തിയ രജിസ്റ്ററും പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ടി തീയതികളിൽ സൈക്കിൾ പരിശീലനം ലഭിച്ച വനിതകൾ സൈക്കിൾ ഓടിക്കാൻ പൂർണ്ണമായും പ്രാപ്തരായോ എന്ന വിവരവും വനിതകൾ ദൈനംദിന വ്യായാമത്തിനായി നഗരസഭ വാങ്ങിയ സൈക്കിളുകൾ പിന്നീട് ഉപയോഗിച്ചിട്ടുണ്ടോയെന്ന വിവരവും ലഭ്യമല്ല. ഇപ്രകാരം യാതൊരു രേഖകളുമില്ലാതെ സൈക്കിൾ ക്ലബ്ബ് രൂപീകരിക്കുക പോലും ചെയ്യാതെ സൈക്കിൾ പരിശീലനം എന്ന പേരിൽ 13001/-രൂപ ചെലവഴിക്കുകയാണ് ചെയ്തത്.

സഖി സൈക്കിൾ ക്ലബ്ബിന്റെ സുഗമമായ നടത്തിപ്പിനായി സൈക്കിളുകൾ ആറ്റു തീരം പാർക്കിൽ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും പരിശീലകൻ ആവശ്യപ്പെടുന്ന മുറയ്ക്ക് സൈക്കിളുകൾ നൽകുന്നതിനും പരിശീലനം ഇല്ലാത്ത സമയങ്ങളിൽ വിനോദത്തിനായി സൈക്കിളുകൾ ആരെങ്കിലും ആവശ്യപ്പെടുന്ന പക്ഷം മണിക്കൂറിന് 20/-രൂപ നിരക്കിൽ വാടകയ്ക്ക് നൽകുന്നതിനും യഥാസമയം തിരികെ വാങ്ങി സൂക്ഷിക്കുന്നതിനും നഗരസഭയിൽ നിന്നും നൽകുന്ന രസീത് പ്രകാരം വാടക തുക സ്വീകരിക്കുവാനും അതാത് ദിവസത്തെ തുക തൊട്ടടുത്ത ദിവസം രാവിലെ നഗരസഭയിൽ ഒടുക്കു വരുത്തുവാനും നഗരസഭ സെക്രട്ടറി, 19.4.24 ലെ ഇ3-288/24 നമ്പർ നടപടി ക്രമം ഉത്തരവിട്ടിട്ടുണ്ട്. 04.3.23 ലെ 33 നമ്പർ കൗൺസിൽ തീരുമാനം പ്രകാരമാണ് സെക്രട്ടറി ഇപ്രകാരം ഉത്തരവിറക്കിയത്. എന്നാൽ ആറ്റുതീരം പാർക്കിൽ സൈക്കിളുകൾ സുരക്ഷിതമായി സൂക്ഷിക്കുവാൻ സ്ഥല സൗകര്യം ഇല്ലാത്തതിനാൽ ഇക്കാര്യങ്ങളൊന്നും നടപ്പിലാക്കിയില്ല.

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും കൂടാതെ നിലവിൽ സൈക്കിളുകൾ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്നും ആയത് പരിശീലനത്തിനായി ഉപയോഗിക്കുന്നുണ്ടോയെന്ന വിവരം അറിയിക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 40/05.02.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കി. ആറ്റുതീരം പാർക്കിൽ സുരക്ഷിതമായി സൈക്കിൾ സൂക്ഷിക്കാൻ സ്ഥലമില്ലാത്തിനാൽ ആയത് നഗരസഭ ഓഫീസിലാണ് സൂക്ഷിച്ചിരുന്നതെന്നും 2024-25 വാർഷിക പദ്ധതിയിൽ ഹൈസ്കൂൾ തല വിദ്യാർത്ഥികൾക്ക് സൈക്കിൾ പരിശീലനം എന്ന പ്രൊജക്ട് ഏറ്റെടുത്തതിനെ തുടർന്ന് സൈക്കിളുകൾ സ്കൂളുകളിലേക്ക് പരിശീലനത്തിനായി നൽകിയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഏതെല്ലാം സ്കൂളുകൾക്ക് എത്ര വീതം സൈക്കിളുകളാണ് നൽകിയതെന്ന് അറിയിച്ചില്ല. സൈക്കിൾ പരിശീലനത്തിന് താല്പര്യമുള്ള വനിതകളെ കണ്ടെത്തി സൈക്കിൾ ക്ലബ്ബ് രൂപീകരിക്കാതെയും സൈക്കിൾ പരിശീലനത്തിനും സൈക്കിളുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും അനുയോജ്യമായ സ്ഥലം കണ്ടെത്താതെയുമാണ് സൈക്കിൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 1,36,999/-രൂപ ചെലവഴിച്ചത്. പരിശീലകർക്ക് 13001/-രൂപ നൽകിയെങ്കിലും പരിശീലനം നടത്തിയതിന്റെ യാതൊരു തെളിവുകളും രേഖകളും ലഭ്യമല്ല. സ്ത്രീകൾക്ക് പരിശീലനത്തിനും വ്യായാമം ഉറപ്പു വരുത്തുന്നതിനുമായി വാങ്ങിയ സൈക്കിളുകൾ അക്കാര്യത്തിന് ഉപയോഗപ്പെടുത്താൻ സാധിക്കാതെ വന്നതോടെ നഗരസഭ പരിധിയിലെ വിവിധ സ്കൂളുകളിലേക്ക് കൈമാറി നൽകുകയാണ് ചെയ്തത്. സ്കൂൾ സമയത്ത് സൈക്കിൾ പരിശീലനം അനുവദനീയമല്ലെന്നിരിക്കെ എപ്രകാരമാണ് സൈക്കിളുകൾ സ്കൂളുകൾക്ക് ഉപയോഗയോഗ്യമാകുന്നതെന്ന് വ്യക്തമാകുന്നില്ല. സ്കൂളുകളിൽ പരിശീലനം ആരാണ് നൽകുന്നതെന്നും പരിശീലന സമയം എപ്പോഴാണെന്നും വ്യക്തമല്ല. കൂടാതെ സ്കൂൾ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും സൈക്കിൾ ഓടിക്കാൻ അറിയുന്നവരാണെന്നുള്ളത് ഒരു വസ്തുതയാണ്. പരിശ്രമിച്ചാൽ ആർക്കും തന്നെ സ്വന്തം നിലയ്ക്ക് സൈക്കിൾ ഓടിക്കാൻ

പഠിക്കാവുന്നതാണ് എന്നിരിക്കെ വിദ്യാർത്ഥികൾക്ക് സൈക്കിൾ പരിശീലനത്തിനായി വീണ്ടും പ്രൊജക്റ്റിൽ തുക വരുത്തിയത് എന്തിനാണെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. മുൻകൂട്ടി ആസൂത്രണം ചെയ്ത് പ്രൊജക്റ്റ് നടപ്പിലാക്കാതിരുന്നതിനാലും പ്രൊജക്റ്റ് ലക്ഷ്യം നേടാത്തതിനാലും സൈക്കിൾ വാങ്ങൽ, പരിശീലനം എന്നിവയ്ക്കായി 2023-24 വർഷം ചെലവഴിച്ച തുകയായ 150000/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-35 ബയോബിൻ വിതരണം-ഗുണഭോക്തൃ വിഹിതം നേരിട്ട് ശേഖരിക്കുവാൻ വിതരണക്കാരനെ ചുമതലപ്പെടുത്തി-പ്രൊജക്റ്റ് നിർവ്വഹണത്തിലെ മറ്റ് അപാകതകൾ

പ്രൊജക്റ്റ് നമ്പർ	S0226/24(New)	S0112/24(സ്പിൽ ഓവർ)
പേര്	ബയോബിൻ റിംഗ് കംപോസ്റ്റ് വിതരണം	ഗാർഹിക മാലിന്യ സംസ്കരണ ബയോബിൻ
അടങ്കൽ	570000/-(കേന്ദ്ര ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ്) 1140000/-(സംസ്ഥാനാവിഷ്കൃത ഫണ്ട് 190000/-(ഗുണഭോക്തൃ വിഹിതം) ആകെ അടങ്കൽ-19 ലക്ഷം രൂപ	570000/-(കേന്ദ്ര ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ്) 1140000/-(സംസ്ഥാനാവിഷ്കൃത ഫണ്ട് 190000/-(ഗുണഭോക്തൃ വിഹിതം) ആകെ അടങ്കൽ-19 ലക്ഷം രൂപ
ചെലവ്	570000/-(കേന്ദ്ര ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ്)-ബിൽ നമ്പർ-451/25.03.24	570000/-(കേന്ദ്ര ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ്)-ബിൽ നമ്പർ-120/26.10.23 190000/-(ഗുണഭോക്തൃ വിഹിതം)-ചെക്ക് നമ്പർ-003079/15.02.24
നിർവ്വഹണോദ്യോഗസ്ഥൻ	ഹെൽത്ത് സൂപ്പർവൈസർ	ഹെൽത്ത് സൂപ്പർവൈസർ

മേൽ പട്ടികയിൽ ചേർത്തിരിക്കുന്നതു പ്രകാരം 2023-24 വർഷം സ്പിൽ ഓവർ പ്രൊജക്റ്റായും പുതിയ പ്രൊജക്റ്റായും രണ്ട് പ്രൊജക്റ്റുകൾ മുഖേന ബയോബിൻ വിതരണം നടത്തിയിട്ടുണ്ട്. ഓരോ പ്രൊജക്റ്റിന്റെയും നിർവ്വഹണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

S0112/24 (സ്പിൽ ഓവർ പ്രൊജക്റ്റ്)

S0112/24 നമ്പർ സ്പിൽ ഓവർ പ്രൊജക്റ്റ് പ്രകാരം 2022-23,2023-24 വർഷങ്ങളിലായി 1000 പോർട്ടബിൾ ബയോ ബിന്നുകൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ (KAICO)നിന്നും വാങ്ങിയിട്ടുണ്ട്. ഒരു യൂണിറ്റിന് ജി.എസ്.ടി.അടക്കം 1900/-രൂപ നിരക്കിൽ 19,00,000/-രൂപയ്ക്ക് 1000 ബയോബിന്നുകൾ ആണ് ടെൻഡർ നടപടികൾ മുഖേന വാങ്ങിയത്. (ഇൻവോയ്സ് നമ്പർ-E-606/22-23,തീയതി 28.3.23,തുക-10,45,000/-, ഇൻവോയ്സ് നമ്പർ- E-06/23-24,തീയതി 23.5.23,തുക-8,55,000/-) ഇൻവോയ്സുകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റിൽ നിന്നും 570000/- രൂപ KAICO യ്ക്ക് നൽകി. ഒരു യൂണിറ്റ് ബയോബിന്നിന്റെയും ഒരു ബാഗ് ഇനോക്കുലത്തിന്റെ വില ഉൾപ്പെടുത്തിയാണ് സ്ഥാപനം 1900/-രൂപ ഒരു യൂണിറ്റിന്റെ നിരക്കായി നിശ്ചയിച്ചത്. 190/-രൂപ ഗുണഭോക്തൃ വിഹിതം ഓരോ ഗുണഭോക്താവും നഗരസഭ ഫണ്ടിൽ അടവാക്കുകയും ഗുണഭോക്തൃ വിഹിതം ഇനത്തിൽ 1,90,000/-രൂപ KAICO യ്ക്ക് നൽകുകയും ചെയ്തു. 11,40,000/-രൂപ ശുചിത്വ മിഷൻ വിഹിതം ഇനത്തിൽ KAICO യ്ക്ക് നൽകേണ്ടിയിരുന്നുവെങ്കിലും തുക ശുചിത്വ മിഷനിൽ നിന്നും ലഭിച്ചിട്ടില്ല. വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന ബയോ ബിന്നിന്റെ യൂണിറ്റ് നിരക്ക്, സ്പെസിഫിക്കേഷൻ എന്നിവ നിശ്ചയിച്ച് കൊണ്ട് ശുചിത്വ മിഷൻ സാങ്കേതിക അനുമതി നൽകേണ്ടതുണ്ട്. എന്നാൽ ഇവിടെ ശുചിത്വ മിഷൻ സാങ്കേതിക അനുമതി നൽകിയിട്ടില്ല. സാങ്കേതിക അനുമതി ലഭിക്കാത്തതിനാലാണോ ശുചിത്വ മിഷനിൽ നിന്നും ഫണ്ട് ലഭിക്കാത്തതെന്ന് വ്യക്തമല്ല. 11,40,000/-രൂപ ശുചിത്വ മിഷനിൽ നിന്നും ഈടാക്കി KAICO യ്ക്ക് 2024-25 വർഷം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

S0226/24

S0226/24 നമ്പർ പ്രൊജക്റ്റ് പ്രകാരം 2023-24 വർഷം 250 പോർട്ടബിൾ ബയോ ബിന്നുകളും 250 ബാഗ് ഇനോക്കുലവും (Coirpith)കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ (KAICO)നിന്നും വാങ്ങിയിട്ടുണ്ട്. 1000 ബയോബിന്നുകൾ വാങ്ങുവാനാണ് പ്രൊജക്റ്റ് പ്രകാരം ലക്ഷ്യമിട്ടത്. ഒരു യൂണിറ്റിന് 2300 + 12% ജി.എസ്.ടി (2576/-) നിരക്കിൽ 6,44,000/-രൂപയ്ക്ക് 250 ബയോബിന്നുകൾ ഇൻവോയ്സ് നമ്പർ- E-544/23-24, തീയതി 23.3.24 പ്രകാരം സപ്ളൈ ചെയ്തതിന്റെ ഇൻവോയ്സ് സ്ഥാപനം ഹാജരാക്കുകയും കേന്ദ്ര ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റിൽ നിന്നും 570000/- രൂപ KAICO യ്ക്ക് നൽകുകയും ചെയ്തു.ബയോബിന്നിന്റെ യൂണിറ്റ് കോസ്റ്റ്, സ്പെസിഫിക്കേഷൻ എന്നിവ നിർണയിച്ച് കൊണ്ട് ശുചിത്വ മിഷനിൽ നിന്നും സാങ്കേതികാനുമതി

ലഭ്യമാക്കിയിട്ടില്ല.

ഒരു യൂണിറ്റ് ബയോബിന്നിന്റെയും ഒരു ബാഗ് ഇനോക്കുലത്തിന്റെയും വില ഉൾപ്പെടുത്തിയാണ് സ്ഥാപനം 2576/-രൂപ ഒരു യൂണിറ്റിന്റെ നിരക്കായി നിശ്ചയിച്ചത്. 258/- രൂപ ഗുണഭോക്തൃ വിഹിതം ഓരോ ഗുണഭോക്താവും നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതുണ്ട്. ആകെ അടവാക്കേണ്ട ഗുണഭോക്തൃ വിഹിതം-258X250=64500/-. തുക അടവാക്കിയതിനു ശേഷം മാത്രമേ ബയോബിൻ വിതരണം നടത്താവൂ. നഗരസഭ ഫണ്ടിൽ ഗുണഭോക്തൃ വിഹിതം മുഴുവൻ വരവു വന്നതിനു ശേഷം തനത് ഫണ്ടിൽ നിന്നും ചെക്ക് മുഖേന സപ്ളെയർക്ക് തുക നൽകാവുന്നതാണ്. ബയോബിൻ കൈപ്പറ്റിയ 250 ഗുണഭോക്താക്കളിൽ 58 പേർ ഗുണഭോക്തൃ വിഹിതം നഗരസഭ ഫണ്ടിൽ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കി. 192 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടില്ല. 58 പേർ അടവാക്കിയ ഗുണഭോക്തൃ വിഹിതം KAICO യ്ക്ക് നൽകിയിട്ടില്ല. ഗുണഭോക്തൃ വിഹിതം അടവാക്കാൻ അവശേഷിക്കുന്നവരിൽ നിന്നും തുക തങ്ങൾ നേരിട്ട് ശേഖരിച്ചു കൊള്ളാമെന്നും ഈ വിഷയത്തിൽ ഇനി മുനിസിപ്പാലിറ്റിക്ക് യാതൊരു ഉത്തരവാദിത്വവുമില്ല എന്നും KAICO അസി.എൻജിനീയർ 06.02.25 ൽ CHD-25/Bio Bin/159/24-25 നമ്പർ കത്തു മുഖേന നഗരസഭയെ അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഈടാക്കുന്നത് സേവനം ഗുണഭോക്താവിന് ലഭിച്ചു എന്ന് ഉറപ്പാക്കുന്നതിനും സപ്ളൈ ചെയ്യാൻ നിർദേശിച്ച യൂണിറ്റ് കോസ്റ്റിലുള്ള ബയോബിൻ തന്നെയാണ് ഗുണഭോക്താവിന് ലഭിച്ചിട്ടുള്ളത് എന്നും ഉറപ്പാക്കാൻ കൂടിയാണ്. ഇവിടെ ബയോബിന്നുകൾ സപ്ളൈ ചെയ്ത് ഒരു വർഷത്തോളമായിട്ടും ഗുണഭോക്തൃവിഹിതം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. കൂടാതെ ഏജൻസി നേരിട്ടാണ് ബയോബിൻ വീടുകളിൽ എത്തിച്ചത്. ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ പ്രൊജക്ട് നിർവ്വഹണത്തിന്റെ ഒരു ഘട്ടത്തിലും ഇടപെടാതെ ഏജൻസി നേരിട്ട് ബയോബിൻ സപ്ലൈ ചെയ്യുന്നതും ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതും ശരിയായ നടപടിയല്ല. ബയോബിന്നുകൾ ജിയോ ടാഗ് ചെയ്യണമെന്ന് ശുചിത്വ മിഷൻ നിർദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്തതിന്റെ ഡാറ്റ ഹാജരാക്കിയില്ല. ബാക്കിയുള്ള 192 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. 2576/-രൂപ യൂണിറ്റ് കോസ്റ്റുള്ള 2 ബിൻ സിസ്റ്റം ബയോബിൻ തന്നെയാണോ KAICO ഗുണഭോക്താക്കൾക്ക് നൽകിയതെന്ന് നഗരസഭ ഉറപ്പാക്കി ആയതിന്റെ വിശദാംശങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ, തീയതി. 28.5.22 സബ്സിഡി മാർഗരേഖ ഖണ്ഡിക 6.8-ശുചിത്വം-മാലിന്യ സംസ്കരണം-പ്രകാരം ഖരമാലിന്യ സംസ്കരണത്തിനായുള്ള ഗാർഹിക തല കമ്പോസ്റ്റിംഗ് യൂണിറ്റിന് വിഹിതം വകയിരുത്തേണ്ടത്-ഓപ്ഷൻ 1 പ്രകാരം 60% തദ്ദേശ ഭരണ സ്ഥാപന വിഹിതം, 30% ശുചിത്വ മിഷൻ വിഹിതം, 10% ഗുണഭോക്തൃ വിഹിതം എന്നിങ്ങനെയാണ്. ഓപ്ഷൻ 2 പ്രകാരം വകയിരുത്താവുന്നത് 90% തദ്ദേശഭരണ സ്ഥാപന വിഹിതവും 10% ഗുണഭോക്തൃ വിഹിതവും ആണ്. എന്നാൽ പിറവം നഗരസഭ 30% നഗരസഭ വിഹിതം, 60% ശുചിത്വ മിഷൻ വിഹിതം, 10% ഗുണഭോക്തൃ വിഹിതം എന്നിങ്ങനെയാണ് പ്രൊജക്ടിൽ തുക വകയിരുത്തിയിട്ടുള്ളത്. ഇതനുസരിച്ച്, ഒരു ബയോബിന്നിന് യൂണിറ്റ് നിരക്കായ 2576/-രൂപയുടെ 30% മാത്രമേ നഗരസഭ വിഹിതം നൽകാൻ സാധിക്കുകയുള്ളൂ. അതായത് ഒരു ബയോബിന്നിന് 772.8 രൂപ നിരക്കിൽ നഗരസഭ വിഹിതം നൽകാവുന്നതാണ്. ഇതനുസരിച്ച് 250 ബയോബിന്നുകൾക്ക് 193200/-രൂപ (250X772.8)മാത്രമേ നഗരസഭ വിഹിതമായി നൽകാൻ സാധിക്കുകയുള്ളൂ. പ്രൊജക്ടിൽ വകയിരുത്തിയതിൽ നിന്നും വ്യത്യസ്തമായി യൂണിറ്റ് കോസ്റ്റിന്റെ 90% ന് അടുത്തു വരുന്ന തുക ഒരു ബയോബിന്നിന് നഗരസഭ ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ S0112/24 നമ്പർ സ്പിൽ ഓവർ പ്രൊജക്ട് പ്രകാരം ബയോബിൻ യൂണിറ്റ് കോസ്റ്റിന്റെ 30% തുകയാണ് നഗരസഭ വിഹിതം നൽകിയത്(1990X30%=597/-). 250 ബയോബിന്നുകൾക്ക് 193200/-രൂപ മാത്രമേ നഗരസഭ വിഹിതം നൽകാവൂ എന്നിരിക്കെ 570000/- രൂപ നൽകി. 570000/-രൂപ 1000 ബയോബിന്നുകൾക്ക് പ്രൊജക്ടിൽ വകയിരുത്തിയ വിഹിതമാണ്. തന്മൂലം 376800/-രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ടി തുക KAICO യിൽ നിന്നും തിരികെ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്. തുക തിരികെ ഈടാക്കുന്നതു വരെ 376800/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

CGST/SGST Act 2017 ലെ സെക്ഷൻ 51(1) പ്രകാരം നികുതി ബാധകമായ ചരക്ക്/സേവനം സ്വീകരിക്കുമ്പോൾ ദാതാവിന് പണം പൂർണ്ണമായോ ഭാഗികമായോ നൽകുന്ന സമയത്ത് ഇൻവോയ്സ് തുക ജി.എസ്.ടി. ഉൾപ്പെടാതെ 2.5 ലക്ഷം രൂപയിൽ അധികരിച്ചാൽ അന്തർ സംസ്ഥാന സപ്ളൈ ആണെങ്കിൽ

ജി.എസ്.ടി.ഉൾപ്പെടാത്ത തുകയുടെ 2% തുക IGST ഇനത്തിലും സംസ്ഥാനത്തിനുള്ളിൽ തന്നെ നടന്ന സപ്ളൈ ആണെങ്കിൽ 1% CGST ആയും 1% SGST ആയും ടി.ഡി.എസ്. ഇനത്തിൽ കിഴിവ് നടത്തേണ്ടതാണ്. രണ്ട് പ്രൊജക്ടുകൾ പ്രകാരമുള്ള ബയോബിൻ പർച്ചേസിലും ജി.എസ്.ടി. ഉൾപ്പെടാതെ 2.5 ലക്ഷം രൂപയിൽ അധികരിച്ച് ബിൽ തുക വന്നിട്ടുണ്ട്. എന്നാൽ 2% GST സ്രോതസിൽ കുറവ് ചെയ്യാതെ മുഴുവൻ തുകയും 2 പ്രൊജക്ടുകളിലുമായി നൽകി. 2% ജി.എസ്.ടി. ടി.ഡി.എസ്. സ്ഥാപനത്തിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

ബയോബിൻ വിതരണം സംബന്ധിച്ച് നൽകിയ 39/05.02.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗുണഭോക്തൃ വിഹിതം അടവാക്കിയവരുടെ വിശദാംശങ്ങൾ നഗരസഭ ഹാജരാക്കി.

1-36 നഗരസഭയിലെ പാർപ്പിട പദ്ധതി (PMAY U)

നഗരസഭയിലെ പാർപ്പിട പദ്ധതി (PMAY U) പ്രകാരം 2017-18 മുതൽ തുക കൈപ്പറ്റുകയും നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാതിരിക്കുകയും ചെയ്തിട്ടുള്ളവരുടെ വിവരങ്ങൾ 31.01.2025 ൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയതിനെത്തുടർന്ന് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരമുള്ള 56 പേരുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

IDD	പേര്	വാർഡ് നം.- പേര്	തുക
1	ധന്യ ജെയിംസ്	23 - പാഴൂർ സൗത്ത്	225000
2	ജോബിമോൾ കെ.പി.	24 – പാഴൂർ വെസ്റ്റ്	345000
3	പി.ജെ. വർക്കി	16 - നമക്കുഴി	25000
4	സാറാമ്മ	21 – കളപ്പൂർ സൗത്ത്	25000
5	തങ്കമ്മ മത്തായി	4 – കക്കാട് സൗത്ത്	25000
6	വി.ജി. രുഗ്മിണിയമ്മ	1 - കക്കാട് വെസ്റ്റ്	365000
7	ഗോവിന്ദൻ കെ.ക.	21 -കളപ്പൂർ സൗത്ത്	360000
8	രേഖ	1 - കക്കാട് വെസ്റ്റ്	125000
9	റിയ മോനി	24 -പാഴൂർ വെസ്റ്റ്	360000
10	കുഞ്ഞപ്പൻ	21 - കളപ്പൂർ സൗത്ത്	200000
11	ലീല	2 -കക്കാട് സെൻട്രൽ	25000
12	സീന കെ. എൽദോ	13 - പാലച്ചുവട് നോർത്ത്	25000
13	ഏലിയാമ്മ ഡേവിഡ്	11 - പിറവം ഈസ്റ്റ്	25000
14	ലക്ഷ്മിക്കുട്ടി	6 - കോലിക്കൽ	25000
15	മറിയാമ്മ തോമസ്	6 - കോലിക്കൽ	225000
16	രമ രവി	14 - ഇടപ്പള്ളിച്ചിറ	340000
17	അജിതമോൾ	18 - മുളക്കുളം	40000
18	അംബിക ആനന്ദൻ	22 -കളപ്പൂർ വെസ്റ്റ്	40000
19	അനീഷ കെ.കെ.	6 - കൊള്ളിക്കൽ	360000
20	അന്നമ്മക്കുട്ടി	26 - പാഴൂർ സെൻട്രൽ	40000
21	അനൂപ്	3 - കക്കാട് ഈസ്റ്റ്	40000
22	അനുമോൾ കെ.കെ.	22 - കളപ്പൂർ വെസ്റ്റ്	360000
23	അരുണ ഉണ്ണികൃഷ്ണൻ	22 -കളപ്പൂർ വെസ്റ്റ്	40000
24	ബേബി കെ.സി.	22 - കളപ്പൂർ വെസ്റ്റ്	120000
25	ബിന്ദു ഇ. ജി.	22 -കളപ്പൂർ വെസ്റ്റ്	40000
26	ബ്രഹ്മാനന്ദൻ കെ.ബി.	26 – പാഴൂർ സെൻട്രൽ	40000
27	ചിത്ര സി.സി.	22 -കളപ്പൂർ വെസ്റ്റ്	20000
28	ലളിത	26 -പാഴൂർ സെൻട്രൽ	40000
29	മഞ്ജു അനിൽ	22 - കളപ്പൂർ വെസ്റ്റ്	40000
30	നീതു മുരളി	26 - പാഴൂർ സെൻട്രൽ	40000
31	ഓമന	18 - മുളക്കുളം	360000
32	പാറുക്കുട്ടി	21 - കളപ്പൂർ സൗത്ത്	200000
33	പൊന്നു എം.	22 -കളപ്പൂർ വെസ്റ്റ്	200000

34	പ്രസീത തങ്കപ്പൻ	21 - കളപ്പൂർ സൗത്ത്	360000
35	പ്രവീണ	21 - കളപ്പൂർ സൗത്ത്	40000
36	സജിത	17 - കല്ലമട	40000
37	ശാന്ത	16 - നമക്കുഴി	40000
38	സിന്ധു	22 - കളപ്പൂർ വെസ്റ്റ്	360000
39	സിന്ധു എൻ.റ്റി.	21 - കളപ്പൂർ സൗത്ത്	40000
40	സുബ്രഹ്മണ്യൻ എ. എസ്.	6 - കൊള്ളിക്കൽ	40000
41	സുലോചന സി.ജി.	22 - കളപ്പൂർ വെസ്റ്റ്	360000
42	സുനിത രമണൻ	21 - കളപ്പൂർ സൗത്ത്	200000
43	തങ്കൻ ഇ.കെ.	14 - ഇടപ്പള്ളിച്ചിറ	360000
44	വസന്ത സി.വി.	18 - മുളക്കുളം	40000
45	യമുന	5 - കാരക്കോട്	360000
46	സജീന വിജയൻ	26 - പാഴൂർ സെൻട്രൽ	40000
47	എബിമോൻ കെ. ബേബി	24 - പാഴൂർ വെസ്റ്റ്	120000
48	ഹരിദാസ് പി.സി.	23 - പാഴൂർ സൗത്ത്	40000
49	കുഞ്ഞമ്മ സുകുമാരൻ	15 - ഇല്ലിക്കമുക്കട	40000
50	രതീഷ്	24 - പാഴൂർ വെസ്റ്റ്	200000
51	സാജുകെ.എം.	24 - പാഴൂർ വെസ്റ്റ്	120000
52	സനീഷ് ജോയ്	24 -പാഴൂർ വെസ്റ്റ്	40000
53	സാറ കെ. എം.	18 - മുളക്കുളം	40000
54	ശശി പി.പി.	21 - കളപ്പൂർ സൗത്ത്	40000
55	യോഹന്നാൻ പി.പി.	6 – കൊള്ളിക്കൽ	40000
56	എം. എ. രാധ	20 - കളമ്പൂർ എട്ടിയാർമല	40000

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 42/05.02.25), മറുപടി ലഭ്യമാക്കിയില്ല.

താഴെ ചേർക്കുന്ന വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

I. വിവിധ സ്റ്റേജുകളിലായി ഭവനനിർമ്മാണം തടസ്സത്തിലായി നിൽക്കുന്ന മേൽ ഗുണഭോക്താക്കൾക്ക് തുടർ നിർമ്മാണം നടത്തുന്നതിനായി 2023-24 വർഷം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ.

II. 2023-24 വർഷം വീട്ടു പണി പൂർത്തീകരിച്ച, 7 പേരുടെ ലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ഇവരുടെ വീട് നമ്പരുകൾ ലഭ്യമാക്കേണ്ടതാണ്.

ക്രമ നം.	പേര്	DPR
1	രതി വിജയൻ	Iii
2	എലിസബത്ത് തോമസ്	Iv
3	സുമതി വേലപ്പൻ	Iv
4	ഷൈലജ പി.ജി.	V
5	ശാരദ രാമകൃഷ്ണൻ	V
6	ജോസ് പി.റ്റി.	Viii
7	ഏലിയാസ് കെ.സി.	Viii

III. 2023-24 സാമ്പത്തികവർഷം നഗരസഭയിൽ (PMAY U) ലൈഫ് പാർപ്പിട പദ്ധതി പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേര് വിവരങ്ങളും പണി പൂർത്തീകരിക്കാത്തവരുടെ വിവരങ്ങളും അവയിൽ സ്വീകരിച്ച തുടർവിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

തുക കൈപ്പറ്റിയിരിക്കുന്ന മേൽ ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിക്കാൻ കഴിയാത്തവിധം സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നവരാണെന്ന് ബന്ധപ്പെട്ട സെക്ഷൻ ഓഡിറ്റിനെ വാക്കാൽ അറിയിച്ചിരുന്നു. ഭൂപ്രകൃതിയുടെ പ്രത്യേകതയാലും ഭവനനിർമ്മാണത്തിനുള്ള സാമഗ്രികൾ സൈറ്റിൽ എത്തിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആയതിനാൽ സി.എസ്.ആർ.ഫണ്ട്, സ്പോൺസർഷിപ്പ് എന്നിവ കണ്ടെത്തി മേൽ ഗുണഭോക്താക്കളെ സഹായിക്കുന്നതിനുള്ള സാധ്യത ഭരണസമിതിയുടെ പരിഗണനയ്ക്കായി നൽകുന്നു.

1-37 മത്സ്യക്കൃഷി - തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.

വിഷരഹിതമായ മത്സ്യം പ്രാദേശികമായി ഉല്പാദിപ്പിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ (അര സെന്റ്) 20 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ കുളം നിർമ്മിച്ച് 75 സെ.മീ. ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിനു ചുറ്റുമായി 75 സെ. മീ. ഉയരത്തിൽ ബണ്ട് രൂപീകരിച്ച് (ആകെ 150 C.m.) കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ടൊരുക്കൽ, 125 സെ.മി. ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിത വല/വേലി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവഹിച്ച് മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് ആവിഷ്കരിച്ചതാണ് മുറ്റത്തൊരു മീൻതോട്ടം എന്ന പ്രോജക്ട്. ഗുണഭോക്താക്കൾക്ക് സബ്സിഡി നല്കുന്നതിനായി ₹8,000/- വീതം ആകെ 16,000/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിവരങ്ങൾ ചേർക്കുന്നു.

A.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്
പ്രോജക്ട് നമ്പർ/പേര്	19/24, മുറ്റത്തൊരു മീൻതോട്ടം
അടങ്കൽ	₹23,387/- വികസന ഫണ്ട്, ജനറൽ ₹613/- തനത് ഫണ്ട് ₹36,000/- ഗുണഭോക്തൃ വിഹിതം,നേരിട്ട് ചെലവഴിക്കുന്നത് ആകെ ₹60,000/-
ചെലവ്	₹16,000/- വികസന ഫണ്ട്, ജനറൽ
ബിൽ നമ്പർ/തീയതി	397/24.03.2024

B.) പ്രോജക്ട് നമ്പർ 60/24

നിർവ്വഹണ ഉദ്യോഗസ്ഥൻ	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്
പ്രോജക്ട് നമ്പർ/പേര്	60/24, പടുതാക്കുളത്തിലെ മത്സ്യക്കൃഷി
അടങ്കൽ	₹29,600/- വികസന ഫണ്ട്, ജനറൽ ₹19,600/- സംസ്ഥാനാവിഷ്കൃത ഫണ്ട് ₹73,800/- ഗുണഭോക്തൃ വിഹിതം,നേരിട്ട് ചെലവഴിക്കുന്നത് ആകെ ₹1,23,000/-
ചെലവ്	₹29,600/- വികസന ഫണ്ട്, ജനറൽ
ബിൽ നമ്പർ/തീയതി	360/21.03.2024

മേൽ രണ്ട് പ്രൊജക്റ്റുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട സമാനമായ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പരിഗണിച്ചുകൊണ്ടാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ട് പ്രൊജക്റ്റുകൾക്കായി ആകെ ₹45600/- (16000+29600) വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുകയാണുണ്ടായത്.

സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4 ഉപഖണ്ഡിക 13 A(7) പ്രകാരം മത്സ്യ കൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ഇപ്രകാരം മത്സ്യ കൃഷി ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല എന്നതിന് മറുപടിയായി കേരള സർക്കാർ മത്സ്യ വകുപ്പിന്റെ കീഴിൽ മത്സ്യ കർഷകർക്കു ഇൻഷ്വറൻസ് സ്കീമുകൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. വിഷയം മത്സ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

1. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയ്യതി. 28.05.22 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4 ഉപഖണ്ഡിക 13 A(4) പ്രകാരം കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തണമെന്നും തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതത് യൂണിറ്റിൽ കുറവ് വരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ

സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല. ധനസഹായം അനുവദിച്ച 2 ഗുണഭോക്താക്കൾക്കും കുളം നിർമ്മാണത്തിന് അർഹമായ മുഴുവൻ തുകയും ധനസഹായം ആയി അനുവദിച്ചിട്ടുണ്ട്. കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്താതിരുന്നതിനുള്ള കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടതിന്, സമയബന്ധിതമായി പ്രൊജക്ട് നടപ്പിലാക്കേണ്ടതിനാലാണ് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്താതിരുന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നതിന് തൊഴിലുറപ്പ് വിഭാഗത്തിന്റെ സഹകരണം ഉറപ്പാക്കുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-38 സാമൂഹ്യ സുരക്ഷാ പെൻഷൻ - സോഫ്റ്റ്‌വെയർ അനുബന്ധ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി പരിഹരിക്കേണ്ടതാണ്.

1. സ.ഉ.(കൈ) നം.97/2020/ധന/ 23.09.2020 നമ്പർ ഉത്തരവ് പ്രകാരം അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ച് പിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേക്ക് തിരികെ അടക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം, മരണപ്പെട്ട പെൻഷൻകാരുടെ അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിനുശേഷം അനർഹമായി തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത തുകകൾ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നതിന് മരണപ്പെട്ട പെൻഷണറുടെ അവകാശികൾ/ബന്ധപ്പെട്ട ബാങ്കുകൾ എന്നിവർക്ക് നഗരസഭ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നും ആയത് പ്രകാരം തുക അടവാക്കിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടതിന് മറുപടിയായി 2023-24 ൽ 9 ഗുണഭോക്താക്കളെ സസ്പെന്റ് ചെയ്തിട്ടുള്ളതാണെന്ന് അറിയിച്ചു. താഴെ ചേർക്കും പ്രകാരം ആയതിന്റെ വിശദവിവരം ലഭ്യമാക്കി.
തുക തിരികെ അടവാക്കാൻ അവശേഷിക്കുന്നവരുടെ വിവരങ്ങൾ മറുപടിയോടൊപ്പം ലഭ്യമാക്കിയത് ചേർക്കുന്നു.

ക്രമ നം.	പേര് പെൻഷൻ ഐ.ഡി.	തുക / ബാങ്ക്	റിമാർക്സ്
1	ലീലാമ്മ തോമസ്/ 112670200016	64,600/- SBI	വാർദ്ധക്യകാല പെൻഷൻ
2	വർക്കി തൊമ്മൻ/106930100081	32,700/-SBI	കർഷകതൊഴിലാളി പെൻഷൻ
3	പത്രോസ് ദാവീദ്/ 106930100179	49,100/-SBI	"

നഗരസഭയുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ പെൻഷൻ വിതരണം നടത്തുന്ന ബാങ്കുകളുടെ (സഹകരണ ബാങ്ക് ഒഴികെ) പേര് വിവരങ്ങളും മേൽ പ്രകാരം തിരികെ തുകകൾ അടവാക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയവയുടെ വിവരങ്ങളും ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. നാളിതുവരെ ഈ ഇനത്തിൽ തിരികെ അടവാക്കുന്നതിന് വിവധ ബാങ്കുകളിൽ അവശേഷിക്കുന്ന തുകകൾ സംബന്ധിച്ച് പരിശോധന നടത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കൾ മരണപ്പെട്ടതിനാൽ അവകാശികൾ അക്കൗണ്ട് ക്ലോസ് ചെയ്യുന്നവയിൽ തുകകൾ വിതണം ചെയ്യാതെ അവശേഷിക്കുന്നതിന് സാധ്യതയുണ്ട്. ആയവ സംബന്ധിച്ച് അന്വേഷണം നടത്തി അപാകതകളില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. നഗരസഭാ പരിധിയിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്ന സഹകരണ ബാങ്കുകളുടെ വിവരങ്ങളും "ഡയറക്ട് ടു ഹോം" പെൻഷൻ ഗുണഭോക്താക്കളുടെ മരണം സംബന്ധിച്ച് ബാങ്ക് ഓൺലൈനിൽ ലഭ്യമാക്കിയ വിവരങ്ങൾക്ക് നഗരസഭ സ്വീകരിച്ച തുടർ നടപടി (പെൻഷൻ സസ്പെൻഷൻ) വിവരങ്ങളും ആവശ്യപ്പെട്ടതിന് (ഉദാ :- "ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈമാറാൻ സാധിച്ചില്ല") ബന്ധപ്പെട്ട സഹകരണ ബാങ്കാണ് തുക തിരികെ അടവാക്കുന്നത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഇത് നഗരസഭ പരിശോധിക്കേണ്ടതാണ്. മേൽ പ്രകാരം തിരികെ തുകകൾ അടവാക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയവയിൽ നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. മരണപ്പെടുന്നവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദേശങ്ങൾ സംബന്ധിച്ച സർക്കുലർ നമ്പർ 63/2021/ ധന.തീയതി 02.08.2021 ലെ ക്രമ നം (1) പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി, മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള

പ്രാദേശിക സർക്കാരിൽ അടുത്ത മാസം പത്താം തീയതിക്കുമുമ്പ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച്, മരണപ്പെട്ട അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറി സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. 2023-24 കാലയളവിൽ പിറവം നഗരസഭയിൽ രജിസ്റ്റർ ചെയ്യപ്പെട്ട മരണവിവരങ്ങളിൽ, മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉണ്ടായിരുന്നോ എന്നും അവയുടെ വിവരങ്ങൾ മേൽ സർക്കുലർ പ്രകാരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ അറിയിച്ചിരുന്നോ എന്നുമുള്ള വിശദവിവരങ്ങൾ ആവശ്യപ്പെട്ടിരുന്നു. ആയതിന് മരണ സർട്ടിഫിക്കറ്റും ആധാർകാർഡും ലിങ്ക്ഡ് അല്ലാത്തതിനാൽ മരണപ്പെട്ട ആൾ പെൻഷൻ ഗുണഭോക്താവാണോ എന്ന് തിരിച്ചറിയാൻ കഴിയാത്തതാണ്, ജനന മരണ രജിസ്ട്രേഷൻ വിഭാഗത്തിൽ അന്വേഷിച്ചതിൽ മരണ സർട്ടിഫിക്കറ്റിൽ ആധാർ നമ്പർ ലഭ്യമല്ല എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ആയതിനാലാണ് മരണപ്പട്ട ഗുണഭോക്താക്കളെ സമയബന്ധിതമായി ഒഴിവാക്കാൻ കഴിയാത്തത് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

പെൻഷൻ വിതരണത്തിലെ മേൽ അസൗകര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അപാകതകൾ ഒഴിവാക്കേണ്ടതാണ്. മരണ രജിസ്ട്രേഷൻ നടത്തുമ്പോൾ തന്നെ പെൻഷൻ സസ്പെന്റ് ആകുന്ന രീതിയിൽ സോഫ്റ്റ്‌വെയർ ക്രമീകരിക്കുന്നതിന്റെ ആവശ്യകത സർക്കാരിനെ അറിയിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

4. പിറവം നഗരസഭയിൽ നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ (പ്രധാനമായും ഡിസെബിലിറ്റി പെൻഷൻ) കൈപ്പറ്റുന്നവരിൽ സർക്കാർ ഉദ്യോഗം നേടിയവർ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന വിവരം രേഖകൾ സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡിസെബിലിറ്റി പെൻഷൻ കൈപ്പറ്റുന്നവരിൽ നിന്ന്, സർക്കാർ ഉദ്യോഗം നേടിയിട്ടില്ല എന്ന സത്യവാങ്മൂലം ആവശ്യപ്പെടാവുന്നതാണ്.

1-39 വാർഡ് സഭ

2015 ലെ കേരള മുനിസിപ്പാലിറ്റി (വാർഡുകളുടെ രൂപീകരണവും യോഗ നടപടിക്രമങ്ങളും) ചട്ടങ്ങളിലെ 4-ാം ചട്ടപ്രകാരം വാർഡ് സഭകളുടെ കൺവീനർ മൂന്ന് മാസത്തിലൊരിക്കൽ വാർഡ് സഭാ യോഗം വിളിച്ചു കൂട്ടേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നഗരസഭയിലെ വാർഡുകളിൽ 2023-24 സാമ്പത്തിക വർഷം ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. കൃത്യമായ ഇടവേളകളിൽ വാർഡ് സഭാ യോഗം ചേരുന്നതിന് ബന്ധപ്പെട്ട അധികൃതർ ശ്രദ്ധ പതിപ്പിച്ചിട്ടില്ല എന്ന് വ്യക്തമാണ്. ചട്ട പ്രകാരം വാർഡ് സഭാ യോഗം കൂട്ടുന്നതിന് ശ്രദ്ധ പതിപ്പിക്കേണ്ടതും മിനിറ്റ്സ് യഥാവിധി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-40 ആദായ നികുതി-ഈടാക്കിയില്ല

നഗരസഭയിലെ വിവിധ പ്രിന്റിംഗ് പ്രവൃത്തികൾ ചെയ്യുന്നതിന് സ്വരാജ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിനെയാണ് തെരഞ്ഞെടുത്തിരുന്നത്. ടി സ്ഥാപനത്തിന് വിവിധ പ്രിന്റിംഗ് പ്രവൃത്തികൾ ചെയ്തതിലേയ്ക്ക് തനത് ഫണ്ടിൽ നിന്ന് തൻവർഷം അനുവദിച്ച തുകകളുടെ വിവരം താഴെച്ചേർക്കുന്നു.

ചെക്ക്നം, തീയതി	തുക(₹)
246834/25.04.23	22703
246842/29.04.23	5103
246850/05.05.23	11470
000486/09.8.23	13983
000494/10.08.23	12272
000956/14.08.23	5192
000778/16.09.23	17995
000991/30.09.23	49890
002080/10.11.23	48262
003131/22.11.23	48262
003156/13.12.23	135357
003725/21.2.24	111996

ആകെ	482485

എന്നാൽ ആദായ നികുതി നിയമം, വകുപ്പ് 194 (സി) പ്രകാരം 2% നികുതി മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/30-1-25) ലഭ്യമാക്കിയ മറുപടിയിൽ, സ്ഥാപനത്തിൽ നിന്നും ആദായനികുതി ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-41 വയോജനങ്ങൾക്ക് കംപ്യൂട്ടർ പരിശീലനം- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പണം ചെലവഴിച്ചു

പ്രൊജക്ട് നമ്പർ	S0189/24
പ്രൊജക്ടിന്റെ പേര്	നൈപുണ്യ നഗരം പദ്ധതി-വയോജനങ്ങൾക്ക് കംപ്യൂട്ടർ പരിശീലനം
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	600000/-(ധനകാര്യ കമ്മീഷൻ ബേസിക്ക് ഗ്രാന്റ്)
ചെലവ്	39700/-(ബിൽ നമ്പർ-515/31.3.24, തുക-24000/- ബിൽ നമ്പർ-516/31.3.24, തുക-15700/-)

പിറവം നഗരസഭ പരിധിയിലെ 60 വയസ് കഴിഞ്ഞ ഇംഗ്ലീഷ് വായിക്കാനറിയാവുന്ന വയോജനങ്ങൾക്ക് കംപ്യൂട്ടർ പരിജ്ഞാനം ലഭിക്കുന്നതിന് പരിശീലന പരിപാടി സംഘടിപ്പിക്കാൻ പ്രൊജക്ട് ഏറ്റെടുക്കുകയും 2024 മാർച്ച് മാസത്തിൽ 18.3.24 മുതൽ 28.3.24 വരെ വരെയുള്ള കാലയളവിൽ 10 ദിവസത്തെ പരിശീലന പരിപാടി ഐ.എച്ച്.ആർ.ഡി.യുടെ ആഭിമുഖ്യത്തിൽ നടത്തുകയും ചെയ്തു.പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ.തീയതി 28.5.22,ഖണ്ഡിക 8.5(ii) പ്രകാരം സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്കു മാത്രമായി പ്രൊജക്ട് ഏറ്റെടുക്കാവുന്നതല്ല. ഇവിടെ 60 വയസിനു മുകളിൽ പ്രായം ഉള്ളവർക്കാണ് പരിശീലനം നൽകിയത്. സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് ഏറ്റെടുത്ത് നടപ്പിലാക്കി. പരിശീലനത്തിൽ പങ്കെടുത്ത ഒരു വ്യക്തിക്ക് 800/-രൂപ നിരക്കിൽ 30 വ്യക്തികൾക്കുള്ള ഫീസ് 24000/-രൂപ ഐ.എച്ച്.ആർ.ഡി.ക്ക് സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതത്തിൽ നിന്നും നൽകി. ഇതു കൂടാതെ പഠിതാക്കൾക്കും ഇൻസ്ട്രക്ടർമാർക്കും ചായ,ഉച്ചഭക്ഷണം എന്നിവ നൽകുന്നതിനായി 15700/-രൂപ ഷൈനി സാബു, സ്നേഹ ജനകീയ ഹോട്ടൽ എന്നിവർക്ക് നൽകി. പരിശീലന പരിപാടിയുടെ മൊഡ്യൂൾ, പരിശീലനം നൽകിയ ഇൻസ്ട്രക്ടർമാർ ആരൊക്കെ, പരിപാടിയുടെ ഫോട്ടോഗ്രാഫ് തുടങ്ങിയ വിവരങ്ങളൊന്നും ഫയലിൽ ഇല്ല. 30 വ്യക്തികൾ ഒപ്പിട്ട അറ്റൻഡൻസ് ഷീറ്റിന്റെ ഫോട്ടോസ്റ്റാറ്റും 17 പേജുള്ള ഒരു പഠനസഹായിയും മാത്രമാണ് ഫയലിൽ ചേർത്തിട്ടുള്ളത്. പഠന സഹായി പ്രകാരം പവർപോയിന്റ് പ്രസന്റേഷൻ, സ്പ്രെഡ് ഷീറ്റ് തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങളിൽ 60 വയസിനു മേൽ പ്രായമുള്ള വയോജനങ്ങൾക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയതി 28.5.22, ഖണ്ഡിക 2.2 ൽ, സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധന ദുർവിനിയോഗമായി കണക്കാക്കുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് ഏറ്റെടുത്ത് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 24/03/02/25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. ജില്ല ആസൂത്രണ സമിതി നിർദേശ പ്രകാരം വയോജനങ്ങൾക്ക് ആധുനിക സാങ്കേതിക വിദ്യകളിൽ പ്രാവീണ്യം നൽകുന്നതിനാണ് പ്രൊജക്ട് ഏറ്റെടുത്ത് നടപ്പിലാക്കിയതെന്നാണ് മറുപടിയിൽ പരാമർശിച്ചിട്ടുള്ളത്. മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ നിർദേശത്തിന് വിരുദ്ധമായി നടത്തിയ ചെലവിന് സാധൂകരണം നൽകേണ്ടത് സർക്കാർ ആയതിനാൽ സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി അറിയിക്കേണ്ടതാണ്. അതുവരെ പ്രൊജക്ട് പ്രകാരം ആകെ ചെലവഴിച്ച തുകയായ 39700/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-42 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പൂർത്തീകരിച്ചിട്ടില്ല.

നഗരസഭ പരിധിയിലെ റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനായി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത് വിഭാവനം ചെയ്ത പ്രോജക്ടാണ് റോഡ് കണക്ടിവിറ്റി മാപ്പിംഗ്. 23-24 വർഷം റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് സ്പിൽ ഓവർ ആയി പ്രോജക്ട്(100000/-, തനത് ഫണ്ട്) വിഭാവനം ചെയ്തിട്ടുണ്ട്. തൻവർഷം ഈ തുക ചെലവഴിച്ചിട്ടില്ല. ഇപ്രകാരം മൊബൈൽ ആപ്പ് വഴി മുഴുവൻ വാർഡുകളിലെയും ആസ്തികൾ ട്രാക്ക് ചെയ്തോയെന്ന വിവരം, ശേഖരിച്ച ഡാറ്റ വാലിഡേറ്റ് ചെയ്ത് ഡിജിറ്റലൈസ് ചെയ്തതിന്റെ വിവരം, നിലവിലെ അവസ്ഥ എന്നിവ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/30-1-25) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ റോഡുകൾ മാത്രമേ R-Track ചെയ്ത് പൂർത്തീകരിച്ചിട്ടുള്ളതെന്നും അതിന്റെ ഡാറ്റാ വാലിഡേറ്റ് ചെയ്തു എന്നും അറിയിച്ചു. സർക്കാർ നിർദ്ദേശം റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനാണ്. സർക്കാർ നിർദ്ദേശപ്രകാരമുള്ള ആസ്തികൾ പൂർണ്ണമായും R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കി വിവരം രേഖകൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-43 തെരുവ് വിളക്ക് സംരക്ഷണം-അപാകതകൾ

നഗരസഭയിലെ തെരുവ് വിളക്കുകളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) നഗരസഭയിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

12.03.2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ ഒടുക്കേണ്ടതുമാണ്. എന്നാൽ മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, Burning Hours എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് നഗരസഭ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ആകസ്മിക കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്കും പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കേണ്ട സാഹചര്യം ഉണ്ടാവുന്നത് ഒഴിവാക്കുവാനും അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യത കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം അനിവാര്യമാണ്.

നഗരസഭാ പരിധിയിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.9/30.01.2025)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഇല്ലാത്തത് ആണെന്ന് അറിയിച്ചു. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക വഴി വൈദ്യുതി ചാർജ്ജിന്റെ കൃത്യമായ കണക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ലഭിക്കുന്നതാണ്. നഗരസഭാ പരിധിയിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) തെരുവുവിളക്കുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കെ.എസ്.ഇ.ബി യിൽ നിന്നുള്ള ഡിമാന്റ് നോട്ടീസുകളുടെ അടിസ്ഥാനത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടക്കുകയാണ് ചെയ്യുന്നത്. കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്നുള്ള അന്വേഷണത്തിന് കെ.എസ്.ഇ.ബിയുമായി തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല എന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. തെരുവുവിളക്കുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നും മറുപടിയിൽ വ്യക്തമാക്കി. തെരുവിളക്കുകളുടെ എണ്ണം, തരം എന്നിവ തീർച്ചപ്പെടുത്താതെയാണ് വൈദ്യുതി ചാർജ്ജ് അടവാക്കിയിട്ടുള്ളത്. കെ.എസ്.ഇ.ബി.യുമായി ചേർന്ന് അടിയന്തിരമായി മുഴുവൻ തെരുവുവിളക്കുകളുടെയും സംയുക്ത പരിശോധന നടത്തേണ്ടതും തെരുവുവിളക്കുകളുടെ എണ്ണം, തരം, സ്ഥാനം എന്നിവ വ്യക്തമാക്കുന്ന തെരുവുവിളക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

1-44 ഇ-ടെണ്ടർ ഫീ- നഗരസഭ എ.ഇ യുടെ പേരിൽ കറണ്ട് അക്കൗണ്ട് തുടങ്ങിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയരുടെ 17-08-2017 ലെ സർക്കുലർ നം.ഡി.ബി./7942 /2010/സി.ഇ./ത.സ്വ.ഭ.വ പ്രകാരം ഇ-ടെണ്ടർ ആവശ്യത്തിനായി അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിങ്ങ് വകുപ്പ് മേധാവികളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ കറണ്ട് അക്കൗണ്ട് തുടങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് 2017 ആഗസ്റ്റ് 31 നകം ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ പിറവം നഗരസഭയിൽ നാളിതുവരെ ഇപ്രകാരം അക്കൗണ്ട് തുടങ്ങിയിട്ടില്ല. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 18/1-2-25) ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ എ.ഇ. യുടെ പേരിൽ കറണ്ട് അക്കൗണ്ട് തുടങ്ങുന്നതിനുള്ള എല്ലാ രേഖകളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പിറവം ശാഖയിൽ നല്കിയിട്ടുള്ളതാണെന്നും എന്നാൽ നാളിതുവരെ ബാങ്കിൽ നിന്നും കറണ്ട് അക്കൗണ്ട് ആക്കി മാറ്റി നല്കിയിട്ടില്ലാത്തതുമാണെന്ന് അറിയിച്ചു. ബാങ്കിൽ നിന്നും കറണ്ട് അക്കൗണ്ട് ലഭ്യമാക്കുന്നതിനുള്ള അനന്തരനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-45 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക - അടയ്ക്കൽ

നഗരസഭയും വാട്ടർ അതോറിറ്റിയും കൂടി 2021 സെപ്റ്റംബർമാസം പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയിട്ടുള്ളതാണ്. നഗരസഭ നല്കിയ കണക്ക് പ്രകാരം നഗരസഭയിൽ ആകെ ഉണ്ടായിരുന്ന 694 ടാപ്പുകളിൽ പ്രവർത്തനരഹിതമായ 184 ടാപ്പുകൾ കട്ട് ചെയ്യുന്നതിന് നഗരസഭ വാട്ടർ അതോറിറ്റിയിൽ 700000/- രൂപ അടയ്ക്കുകയും 184 ടാപ്പുകൾ കട്ട് ചെയ്തിട്ടുണ്ടെന്ന് വാട്ടർ അതോറിറ്റി അറിയിക്കുകയും ചെയ്തു. പിന്നീട് ആകെ ഉള്ള 510 ടാപ്പുകളിൽ 13 എണ്ണം നിലനിർത്തിക്കൊണ്ട് ബാക്കി 497 ടാപ്പുകൾ കട്ട് ചെയ്യുന്നതിന് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട തുക നഗരസഭ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ നഗരസഭയുടെ കുടിശ്ശിക തുക 105627488/- (ജനുവരി 2025 വരെ) രൂപയാണ്. ഇതുമായി ബന്ധപ്പെട്ട് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.52/5-2-25) ലഭ്യമാക്കിയ മറുപടി പ്രകാരം നഗരസഭയുടെ അപേക്ഷ പരിഗണിച്ച് പ്രതിമാസ ബില്ലുകൾ യഥാസമയം അടവാക്കണമെന്ന വ്യവസ്ഥയിൽ 2022 നവംബർ മാസം വരെയുള്ള കുടിശ്ശിക തുക 2% സാധാരണ പലിശ നിരക്കിൽ കണക്കാക്കി 15692153/- രൂപ കുറവ് ചെയ്തു OTS തുക 38647484/- രൂപ 3 ഗഡുക്കളായി അടയ്ക്കുന്നതിന് കെ.എസ്.ഇ.ബി. അനുമതി നൽകിയിരുന്നതാണ്. ആയതിൽ ആദ്യ ഗഡു ഒടുക്കുന്നതിലേക്കായി 24-25 ലെ പ്രോജക്ടിൽ ഉൾപ്പെടുത്തി 1000000/-രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നതിന് നഗര സഭ വകയിരുത്തിയിട്ടുള്ളതാണ്. നഗരസഭയിലെ കണക്കുകൾപ്രകാരം നിലവിൽ 13 പൊതുടാപ്പുകൾക്ക് പ്രതിമാസം 23647/- രൂപ വെള്ളക്കരം ആയി അടയ്ക്കുന്നുണ്ട്. നിലവിൽ നഗരസഭയ്ക്കുള്ള കുടിശ്ശിക തുക പുന:പരിശോധിച്ച് ഗഡുക്കളാക്കി തുക ഒടുക്കുന്നതിന് അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് കൊണ്ട് ബഹു.വകുപ്പ് മന്ത്രിക്ക് കത്ത് നല്കിയിട്ടുള്ളതും ആണ് .

നഗരസഭയിലെ കട്ട് ചെയ്ത പൊതുടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കി (വാട്ടർ അതോറിറ്റിയുമായി ചേർന്ന്) ആയതിന്റെ വാട്ടർ ചാർജ് കുറവ് ചെയ്യിക്കുകയും ആയതിന്റെ കുടിശ്ശിക തുകയിലുള്ള പലിശ, പിഴ പലിശ എന്നിവയിൽ ഇളവ് ചെയ്യിക്കുകയും ബാക്കിയുള്ള കുടിശ്ശിക തുക അടയ്ക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-46 പെൻഷൻ വിതരണം-അവലോകനം

പിറവം നഗരസഭയിൽ നിന്നും നിലവിൽ റഗുലർ പെൻഷൻ വിഭാഗത്തിൽ ഒരാൾക്കും റഗുലർ ഫാമിലി പെൻഷൻ വിഭാഗത്തിൽ ഒരാൾക്കുമാണ് പെൻഷൻ നൽകി വരുന്നത്. കണ്ടിജന്റ് വിഭാഗത്തിൽ ആർക്കും പെൻഷൻ നൽകുന്നില്ല. 01.07.2019 ന് മുമ്പ് വിരമിച്ച റഗുലർ വിഭാഗം പെൻഷണറുടെ പെൻഷൻ സ.ഉ.(അ)30/2021/ധന/12.02.2021, സ.ഉ.(അ)35/2021/ധന /23.02.2021 എന്നീ ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പെൻഷൻ ബുക്ക് ഹാജരാക്കിയില്ല. പെൻഷൻ പെയ്മെന്റ് ഓർഡർ, പെൻഷൻ ആനുകല്യങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വീസ് ബുക്ക് എന്നിവ നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ട്. ഫാമിലി പെൻഷൻ 01.7.2019 നു ശേഷമാണ് അനുവദിച്ചിട്ടുള്ളത്. പെൻഷൻ ബുക്ക്, പെൻഷൻ പേയ്മെന്റ് ഓർഡർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. പെൻഷൻ വിതരണം സംബന്ധിച്ച

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1-46-1 റഗുലർ പെൻഷൻ

A) റഗുലർ പെൻഷൻകാരുടെ എണ്ണം

		പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ	ആകെ
		A	*B*	*C*	*D*	*E (A+b+c+d)*
A.	വർഷാരംഭത്തിൽ ഉണ്ടായിരുന്നവർ	1	1	-	-	2
B.	തൻവർഷം അനുവദിക്കപ്പെട്ടവർ	-	-	-	-	-
C.	തൻവർഷം മരണപ്പെട്ടവർ/ ഒഴിവാക്കപ്പെട്ടവർ	-	-	-	-	-
D.	വർഷാവസാനം ഉള്ള പെൻഷൻകാരുടെ എണ്ണം (A+b) - (C)	1	1	-	-	2

B) പെൻഷൻ വിതരണ വിവരം

ഓഡിറ്റ് വർഷം റഗുലർ പെൻഷൻ ഇനത്തിൽ ചുവടെ ചേർക്കു ന്നതു പ്രകാരം 3,34,956/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

മാസം	ചെക്ക് നം./തീയതി	പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യാ കുടുംബപെൻഷൻ	ആകെ (₹)	ട്രഷറി/ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക/ തീയതി
04/2023	5804511/ 01.4.23	9348	18565	-	-	27,913	27,913 5.4.23
05/2023	5804522/ 02.5.23	9348	18565	-	-	27,913	27,913 4.5.23
06/2023	5804536/ 01.6.23	9348	18565	-	-	27,913	27,913 1.6.23
07/2023	5804544/ 01.7.23	9348	18565	-	-	27,913	27,913 1.7.23
08/2023	5804547/ 01.8.23	9348	18565	-	-	27,913	27,913 3.8.23
09/2023	000710/ 02.9.23	9348	18565	-	-	27,913	27,913 4.9.23
10/2023	5804578/ 03.10.23	9348	18565	-	-	27,913	27,913 4.10.23
11/2023	5804594/ 02.11.23	9348	18565	-	-	27,913	27,913 3.11.23
12/2023	2129795/ 01.12.23	9348	18565	-	-	27,913	27,913 1.12.23
01/2024	2171983/ .01.1.24	9348	18565	-	-	27,913	27,913 4.1.24
02/2024	1549600/ 03.2.24	9348	18565	-	-	27,913	27,913 6.2.24
03/2024	1549474/ 3.3.24	9348	18565	-	-	27,913	27,913 6.3.24
ആകെ		**1,12,176**	**2,22,780**	**-**	**-**	**3,34,956**	

C) പെൻഷൻ വിതരണത്തിലെ അപാകതകൾ

ജീവനക്കാരുടെ പെൻഷൻ ഫണ്ട് സൂക്ഷിക്കുന്നതിനായി പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല. പിറവം സബ് ട്രഷറിയിലെ നഗരസഭയുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നുമാണ് (നം.799013000000834) പെൻഷൻ വിതരണം നടത്തുന്നത്. 2023 സെപ്റ്റംബർ മാസത്തിലെ പെൻഷൻ കേരള ബാങ്ക് പിറവം ശാഖയിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ-144712804000012 ൽ നിന്നും നൽകിയിട്ടുണ്ട്. പെൻഷൻ വിതരണത്തിനായി തയ്യാറാക്കുന്ന ചെക്കിൽ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവ് തുകകളും കൂടി ഉൾപ്പെടുത്തിയാണ് ഭൂരിഭാഗം മാസങ്ങളിലും തുക മാറിയിട്ടുള്ളത്. എന്നാൽ ചില മാസങ്ങളിൽ പെൻഷൻ തുക മാത്രം മാറുന്നതിനായി ചെക്ക് നൽകിയിട്ടുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നുമുള്ള അലോട്ട്മെന്റ് വരവ് വെയ്ക്കുന്നതിനായി പെൻഷൻ ഫണ്ട് പ്രത്യേകം ആരംഭിക്കേണ്ടതാണ്. പ്രതിമാസ പെൻഷൻ വിതരണ വിവരങ്ങൾ ഒരു രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും ആയതിൽ തുക നൽകിയ ചെക്ക് നമ്പർ,പണം പിൻവലിച്ച തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല. ട്രഷറി ചെക്ക് നമ്പരും പണം പിൻവലിച്ച തീയതിയും കൂടി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

D) പെൻഷൻ കോൺട്രിബ്യൂഷൻ തുകയുടെ വിവരം

സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക കണക്കാക്കി അർബൻ അഫയേഴ്സ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ല ട്രഷറിയിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ 799011400007305 ൽ ചുവടെ ചേർക്കുന്നതു പ്രകാരം അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനാവശ്യമുള്ള തുക ആവശ്യപ്പെട്ടുള്ള റിക്വിസിഷനുകൾ നഗരസഭ നൽകുന്നതായി കാണുന്നില്ല.

മാസം	അടവാക്കേണ്ട തുക	അടവാക്കിയ തുക	ചെക്ക് നം./തീയതി	പണം അക്കൗണ്ടിൽ നിന്നും പിൻവലിച്ച തീയതി	അടവാക്കാൻ ബാക്കിയുള്ള തുക
03/2023	77831	77831	5804512/ 10.4.23	17.4.23	-
04/2023	78014	78014	5804531/ 12.5.23	19.5.23	-
04/2023	18602	18602	5804527/ 12.5.23	19.5.23	
05/2023	78026	78026	5804541/08.6.23	13.6.23	-
06/2023	78032	78032	5804552/7.8.23	10.8.23	-
07/2023	69611	69611	5804556/7.8.23	10.8.23	-
07/2023	8935	8935	5804562/18.9.23	29.9.23	-
07/2023	10819	10819	5804574/20.9.23	29.9.23	-
08/2023	79427	79427	5804566/18.9.23	30.9.23	-
08/2023	20848	20848	5804573/20.9.23	10.10.23	-
09/2023	70785	70785	5804590/20.10.23	04.11.23	-
09/2023	20848	20848	5804591/20.10.23	04.11.23	-
09/2023	1934	1934	2171987/04.1.24	31.1.24	-
10/2023	66368	66368	2129787/ 15.11.23	28.11.23	-
10/2023	16340	16340	2129788/ 15.11.23	28.11.23	-
10/2023	11639	11639	2171988/ 04.1.24	25.01.24	-
10/2023	6189	6189	2171990/ 04.1.24	31.1.24	-
11/2023	78275	78275	2171997/4.1.24	23.01.24	-
11/2023	22628	22628	2171998/4.1.24	31.1.24	-
12/2023	78498	78498	1549592/4.1.24	31.1.24	-
12/2023	22628	22628	1549591/4.1.24	31.1.24	-
01/2024	101701	0	-	-	101701
02/2024	79235	0	-	-	79235
ആകെ	**10,97,213**	**9,16,277**			**1,80,936**

E) സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുകയുടെ വിവരം

മാസം	തുക	ഉത്തരവ് നം. / ചെക്ക് നം.	മുതൽക്കൂട്ടിയ ട്രഷറി അക്കൗണ്ട് നം.
തൻവർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി നഗരസഭയ്ക്ക് അലോട്ട്മെന്റ് ലഭിച്ചിട്ടില്ല.			

F) കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. വിതരണവിവരം

കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. ഇനത്തിൽ 2023-24 വർഷം തുക നൽകിയിട്ടില്ല.

G) വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയ്ക്ക് തിരികെ ലഭിക്കാനുള്ള പെൻഷൻ വിഹിതം

തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്ത പെൻഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് തിരികെ ലഭിക്കാനുള്ളതിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ശീർഷകം	തുക(₹)
431409901	അദർ റിസീവബിൾസ് (കറണ്ട്)	5,27,869

പെൻഷൻ ഇനത്തിൽ തൻവർഷം തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്തത് 3,34,956/- രൂപയാണ്. മെഡിക്കൽ അലവൻസ്/മെഡിസെപ്പ് ഇനത്തിൽ 12000/-രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവ് 3,46,956/-രൂപ. തൻവർഷം പെൻഷൻ വിതരണം അക്കൗണ്ട് ചെയ്തിട്ടുള്ളത് 350110500-Pension And Gratuity Payable എന്ന ഹെഡിലാണ്. ടി ഹെഡിലെ തൻവർഷത്തെ ചെലവ് 3,17,043/-രൂപയാണ്. വ്യത്യാസം 29913/-രൂപ(3,46,956-3,17,043). വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

2022-23ലെ ബാലൻസ് ഷീറ്റ് പ്രകാരം 431409901-അദർ റിസീവബിൾസ്(കറണ്ട്) ഹെഡിൽ 2,10,826/-രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു. 2023-24വർഷം ജേർണൽ എൻട്രി മുഖേന 350110500 ഹെഡിലെ ചെലവ് തുക 3,17,043/-രൂപ കൂടി 431409901 ഹെഡിലേക്ക് മാറ്റി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും കുടിശിക അടക്കം ലഭിക്കാനുള്ള തുക 5,27,869/-രൂപയായി രേഖപ്പെടുത്തി. 2021-22 വർഷത്തെ ബാലൻസ് ഷീറ്റിൽ 431409901ഹെഡ് ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം നഗരസഭയുടെ കണക്ക് അനുസരിച്ച് നാളിതു വരെ 5,27,869/-രൂപ മാത്രമേ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തിരികെ ലഭിക്കാനുള്ളൂ. എന്നാൽ സർവ്വീസ് പെൻഷൻ 01.3.2016 മുതലും ഫാമിലി പെൻഷൻ 20.7.2020 മുതലും നഗരസഭ വിതരണം ചെയ്ത് തുടങ്ങിയതാണ്. കൂടാതെ ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ തുടങ്ങിയവയും നൽകിയിട്ടുണ്ട്. എന്നാൽ 2022-23 ലെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിലാണ് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തിരികെ ലഭിക്കാനുള്ള തുക ആദ്യമായി ചേർത്തത്. മുൻകാലങ്ങളിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് തുക എന്തെങ്കിലും ലഭിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല. ഇതിൽ നിന്നും നഗരസഭയ്ക്ക് തിരികെ ലഭിക്കാനുള്ള തുക കൃത്യമായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല എന്നത് വ്യക്തമാണ്.

പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും തനത് ഫണ്ടിൽ നിന്നും നൽകിയത് തിരികെ ലഭിക്കാനുള്ളതിന്റെ കൃത്യമായ കണക്ക് വാർഷിക ധനകാര്യ പത്രികയിൽ ചേർക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 01.3.2016 മുതലുള്ള പെൻഷൻ വിതരണത്തിന്റെ കണക്കുകളും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ കണക്കുകളും പരിശോധിച്ച് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തിരികെ ലഭിക്കുവാൻ അവശേഷിക്കുന്ന തുക കൃത്യമായി കണക്കാക്കി ബാലൻസ് ഷീറ്റിൽ 431409901-അദർ റിസീവബിൾസ്(കറണ്ട്), 431409902-അദർ റിസീവബിൾസ്(അരിയർ) എന്നീ ഹെഡുകളിലായി പ്രസ്തുത തുകകൾ ക്രമീകരിച്ച് കണക്ക് കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-46-2 കണ്ടിജന്റ് പെൻഷൻ

നഗരസഭയിൽ നിയമനം ലഭിച്ച കണ്ടിജന്റ് വിഭാഗം ജീവനക്കാർ ആരും തന്നെ സേവനത്തിൽ നിന്നും വിരമിച്ചിട്ടില്ല. ആയതിനാൽ കണ്ടിജന്റ് പെൻഷൻ ഇനത്തിൽ നഗരസഭ ഫണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. 1997ലെ കേരള മുനിസിപ്പാലിറ്റി(കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്)ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി "മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് "എന്ന പേരിൽ തൊട്ടടുത്തുള്ള ട്രഷറിയിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ച് പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. ഓരോ മാസവും ഓരോ കണ്ടിജന്റ് ജീവനക്കാരന്റെയും വേതനത്തിന്റെ 15% വരുന്ന തുക ഈ അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതുമാണെന്നും നിർദേശിച്ചിട്ടുണ്ട്(ചട്ടം 7(2)). എന്നാൽ പിറവം നഗരസഭയിൽ ഇത്തരത്തിൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല. നഗരസഭയിൽ നിയമിതരായ കണ്ടിജന്റ് ജീവനക്കാർ സേവനത്തിൽ നിന്നും വിരമിക്കുമ്പോൾ പെൻഷൻ

ആനുകൂല്യങ്ങൾ നൽകുന്നതിനായി ചട്ടപ്രകാരം ട്രഷറിയിൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് അക്കൗണ്ട് ആരംഭിക്കേണ്ടതും നിശ്ചിത തുക എല്ലാ മാസവും ടി ഫണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ആണ് വാർഷിക ധനകാര്യപത്രികയുടെ പരിശോധന നടത്തിയത്	

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾ നടത്തുന്നതിന് മുൻകൂറായി തുകയൊന്നും നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ /വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം ലഭിച്ച വായ്പ തുക	ആകെ തുക	തൻവർഷം തിരിച്ചടച്ച തുക(ഉത്ഭവത്തിൽ കുറവ് ചെയ്ത തുക)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
PMAY-ലൈഫ് ഹഡ്കോ ലോൺ	32613332	0	32613332	3173334	0	29439998

ജി.ഓ.പ്രൊജക്ട് പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിന്റെ ഉത്ഭവത്തിൽ കുറവ് ചെയ്ത വായ്പ തുക

ക്രമ നമ്പർ	പ്രൊജക്ട് നമ്പർ	പ്രൊജക്ടിന്റെ പേര്	തുക
1	S0304/24	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(ജനറൽ)	928889/-

2	S0306/24	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(ജനറൽ)-രണ്ടാം ഗഡു	1122223/-
3	S0309/24	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(ജനറൽ)-മൂന്നാം ഗഡു	1122222/-
		ആകെ	3173334/-

ജി.ഒ.പ്രൊജക്ടുകൾ പ്രകാരം ഉത്ഭവത്തിൽ കുറവ് ചെയ്ത 31,73,334/-രൂപയ്ക്ക് പുറമേ 27,86,667/- രൂപ കൂടി ഹഡ്കോ ലോൺ മുതൽ തിരിച്ചടവിനത്തിൽ അടവാക്കിയതായി തെറ്റായി ജേർണൽ എൻട്രി മുഖേന രേഖപ്പെടുത്തി. ഇക്കാരണത്താൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള 31.03.2024 ലെ തിരികെ അടയ്ക്കാൻ ബാക്കിയുള്ള വായ്പതുക കൃത്യമല്ല.

4-6 സ്ഥിര നിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	₹24000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	₹24000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	₹24000

നീക്കിയിരിപ്പിൽ 3000/-രൂപ സ്ഥിരനിക്ഷേപവും 21000/-രൂപ ഇക്വിറ്റി ഷെയറുമാണ്.

സ്ഥിരനിക്ഷേപത്തിന്റെ വിവരങ്ങൾ

പിറവം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ 10.12.2010 ൽ നിക്ഷേപിച്ചതാണ് 3000/-രൂപ (അക്കൗണ്ട് നം.021365000015698). സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റിൽ മച്യൂരിറ്റി തീയതി 10.04.2019 ആണ് കാണിച്ചിട്ടുള്ളത്. പലിശനിരക്ക് 0% എന്നും കൊടുത്തിട്ടുണ്ട്. പലിശ ലഭിക്കാത്തതിനാൽ 3000/-രൂപ തന്നെയാണ് സ്ഥിരനിക്ഷേപ തുകയായി ബാലൻസ് ഷീറ്റിൽ ഓരോ വർഷവും ചേർത്തുവരുന്നത്.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട്		സമാഹൃത റിപ്പോർട്ട്		വിഷയം	ഇപ്പോഴത്തെ അവസ്ഥ
വർഷം	ഖണ്ഡിക	വർഷം	ഖണ്ഡിക		
1997-1998 2000-01 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട്	2-5 2-13 2-15	2005-06	2.45.1	പദ്ധതി നടത്തിപ്പിൽ 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) വിവിധ അപാകതകൾ	നിലനിൽക്കുന്നു
	2-6	2005-06	2.45.2	സിഎഫ് വിളക്കിന് സ്ഥാപനച്ചെലവ്	നിലനിൽക്കുന്നു
1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്)	2-10	2005-06	2.45.3	ഇടയാറ-വല്ലകതോട് റോഡ് റീമെറ്റലിംഗ് ടാറിംഗ് അധിക നിരക്ക് നൽകിയത്	നിലനിൽക്കുന്നു
	2-12	2005-06	2.45.4	പള്ളിപ്പറമ്പ്-കീഴപടി റോഡ് അഭിവൃദ്ധി വേലമൂല്യം അധികരിച്ച് തുക നൽകി	നിലനിൽക്കുന്നു
	2-14	2005-06	2.45.5	സി എഫ് വിളക്കിന് ഉയർന്ന ക്വട്ടേഷൻ അംഗീകരിച്ചു.	നിലനിൽക്കുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ വരവ്	₹15,64,34,097
ഓഡിറ്റ് വർഷത്തെ ചെലവ്	₹15,25,54,805
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹26,48,253

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും
1-17	1,50,000	സിജ്ജ കെ, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1
1-18	1,99,600	സിജ്ജ കെ, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1
1-20	14,35,000	സിജ്ജ കെ, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1
1-23	2,97,153	പ്രകാശ് കുമാർ വി, സെക്രട്ടറി
1-34	1,50,000	പ്രകാശ് കുമാർ വി, സെക്രട്ടറി
1-35	3,76,800	നാസർ സി.എ., ഹെൽത്ത് സൂപ്പർവൈസർ
1-41	39,700	പ്രകാശ് കുമാർ വി, സെക്രട്ടറി
ആകെ	**26,48,253**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
സിജ്ജ കെ, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1	സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 , കൂത്താട്ടുകുളം നഗരസഭ	ഹൗസ് നമ്പർ 56/1517, ബി.എൻ.ആർ.എ-36, ആഞ്ഞിപറമ്പിൽ ലെയിൻ, വിദ്യാനഗർ, കടവന്ത്ര
ശ്രീ.നാസർ സി.എ. ഹെൽത്ത് സൂപ്പർവൈസർ	ഹെൽത്ത് സൂപ്പർവൈസർ, പിറവം നഗരസഭ	ചാക്കിയാനികുന്നേൽ, തോട്ടുമുക്ക്, ഈരാറ്റുപേട്ട, ഈരാറ്റുപേട്ട – 1 കോട്ടയം – 686121
ശ്രീ.പ്രകാശ് കുമാർ വി, സെക്രട്ടറി	സെക്രട്ടറി, പിറവം നഗരസഭ	വിപഞ്ചിക, വലിയപാടം, വിലാന്തറ പി.ഒ. ശാസ്താംകോട്ട, കൊല്ലം – 690521

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം
1996-97 ചെലവ്	എൽ.എഫ്.ഇ.(പി.2)1523/97/27.8.2000
1997-98 പദ്ധതി	എൽ.എഫ്.ഇ.(പി.2)98/05/24.11.2005
2001-02	എൽ.എഫ്.ഇ.(പി.2)1206/03/5.8.2004
2002-03	എൽ.എഫ്.ഇ.(പി.2)226/06/3.2.2007
2007-08	എൽ.എഫ്.ഇ.(പി.1)1662/08/2.7.2009
2005-06	എൽ.എഫ്.ഇ.(പി.1)285/10/10.3.2011
2006-07	എൽ.എഫ്.ഇ.(പി.1)286/10/10.3.2011
2008-09	എൽ.എഫ്.ഇ.(പി.1)287/10/10.3.2011
2009-10	എൽ.എഫ്.ഇ.(പി.9)1839/10/10.3.2011

2010-11	എൽ.എഫ്.ഇ.(പി.9)2136/11/1.12.2011
2011-12	എൽ.എഫ്.ഇ.(പി.9)2252/13/28.12.2013
2012-13	എൽ.എഫ്.ഇ (പി9)172/2015 ,02.03.2015
2013-14	
2014-15	കെ.എസ്.എ-ഇ.കെ.എം(പി9)1191/2016-20.07.2016
2015-16	കെ.എസ്.എ-ഇ.കെ.എം(എം.1)55/2017 06.02.2017/15.02.2017
2016-17	കെ.എസ്.എ-ഇ.കെ.എം(എം.1)1777/17, തീയതി05.05.2018
2017-18	കെ.എസ്.എ-ഇ.കെ.എം(എം.1)9/19,തീയതി 15.03.2019
2018-19	കെ.എസ്.എ.ഇകെഎം.നം.(എം.1)1955/2019/13.02.20
2019-20	കെ എസ് എ ഇ കെ എം (എം 2)1075/22/20.07.2022
2020-21	കെ എസ് എ ഇ കെ എം (എം 2)1406/22 /16.08.2022
2021-22	കെ എസ് എ ഇ കെ എം (എം 2)329/23/11.05.2023
2022-23	കെ എസ് എ ഇ കെ എം (എം 2)132/24/20.3.2024

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം.

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 9 dated 27-08-2024 and submitted on 27-08-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Piravom Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Piravom Municipality as on 31-03-2024

Date: 27/03/2025

Joint Director
District Office Ernakulam
Kerala State Audit Department

Audit Report appended to the Audit Certificate of Piravom Municipality for the Year 2023-2024 .

1.Major Observations

1. The financial statements for the year ended on 31.03.2024 are subject to uncertainity to some extent, particularly regarding the position of assets and liabilities, due to the integration challenges encountered during the transition from Saankhya software to K-Smart application. The non-adaptibility issues related to porting of data from K-Smart to Saankhya are detailed in the audit report as separate paragraphs.
2. Transactions in Bank of Baroda Health grant account is not included in AFS
3. Defects found in Bank reconciliation statements. Some bank accounts are not reconciled in the year 2023-24.

2.Other Observations

1. Saankhya k-smart integration which was made for preparing AFS do not assure the accuracy of entries
2. Source document for verification of Property tax from 01.01.2024 is not available for audit in K-Smart application.
3. Difference in amount resumed from Treasury accounts
4. AUEGS-difference in balance of B-17 and B-2 schedules
5. Redemption- entered less amount than actual.
6. NPS share-difference in employee and employer liability in balance sheet
7. HUDCO loan-balance to be paid is not shown correctly in AFS
8. Development Fund(General) and CFC Grant-Difference in figures of I-6 Schedule and sulekha expenditure statement.
9. Basic Ratios and Notes on Accounts are not included in AFS
10. Details of Health Grant Bank Account is not included in AFS

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്